പൊതുവിഭാഗം ഉല്പാദനം, സേവനം, പശ്ചാത്തല മേഖലകളിൽ സി എഫ് സി ഗ്രാന്റിന്റെ ചെലവ് യഥാക്രമം 16%, 12%, 13% എന്നിങ്ങനെയാണ്. പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിന്റെ ചെലവ് 36% നോൺറോഡ് ചെലവ് 29% വും ആണ്. പട്ടികജാതിവിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് എസ് സി പി, വകയിരുത്തിയ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3-1 എ- വികസന ഫണ്ട്- നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 0 | 1100200 | 0 | 0 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 2 | 525000 | 511788 | 97.48 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 550100 | 0 | 0 |
| കൃഷി ഓഫീസർ | 6 | 4 | 3106580 | 2292720 | 73 |
| സെക്രട്ടറി | 27 | 16 | 53309710 | 34135008 | 64.03 |
| ഹെഡ്മാസ്റ്റർ | 24 | 18 | 3411128 | 2374132 | 69.6 |
| വെറ്ററിനറി സർജൻ | 5 | 3 | 4314000 | 820400 | 19.02 |
| ഡെപ്യൂട്ടിഡയറക്ടർ- ക്ഷീര വികസനം | 1 | 0 | 100 | 0 | 0 |
| പ്രോജക്ട് ഓഫീസർ- ദാരിദ്ര്യനിർമ്മാർജ്ജന സെൽ | 7 | 7 | 2206725 | 2002154 | 90.73 |
| പട്ടികജാതി വികസന ഓഫീസർ | 5 | 4 | 14887307 | 9709207 | 65.22 |
| ഹെൽത്ത് ഓഫീസർ | 10 | 3 | 8404000 | 206322 | 2.46 |
| മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 17 | 13 | 6170320 | 3955104 | 64.1 |
| മുനിസിപ്പൽ എഞ്ചിനീയർ | 18 | 5 | 57711820 | 2995110 | 5.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5 | 7772504 | 5373722 | 69.14 |
| അസി. എഞ്ചിനീയർ | 148 | 32 | 90472002 | 17618944 | 19.47 |

| | | | | | |
|---|---|---|---|---|---|
| ആകെ | 286 | 112 | 253941496 | 81994611 | 32.29 |

2019-20 വർഷം രൂപീകരിച്ച മേൽ പദ്ധതികളിൽ സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ,ഡെപ്യൂട്ടിഡയറക്ടർ ക്ഷീരവികസനം,എന്നീ നിർഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഹെൽത്ത് ഓഫീസർ 3% , വെറ്ററിനറി സർജൻ 19%, മുൻസിപ്പൽ എഞ്ചിനീയർ 5% , അസിസ്റ്റന്റ് എഞ്ചിനീയർ 19% എന്നിങ്ങനെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥർ ചെലവ് ചെയ്യാത്തതും ചെലവ് ശതമാനം കുറയാനും ഉണ്ടായ സാഹചര്യം വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 90/25.1.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച ശേഷം നടപ്പിലാക്കാത്തത് ഭരണസമിതി ഗൌരവമായി കാണേണ്ടതും അത്തരം പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

1-3-1 ബി -2019-20 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും

| ക്രമ നം. | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | നഗരസഭ വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 39606000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുക | 31684800 | 31684800 | 37654299 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്) | 95% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 3960600 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 3168480 | 5393580 | 2830161 | 52% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 3960600 ന്റെ 15% | 0 (ധനകാര്യകമ്മീഷൻ ഗ്രാന്റാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്.)*** | | | |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്.സി.പി തുകകളുടെ 20%(64925000x20%) | 12985000 | 31090000 | 29638207 | 95% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (39606000x 20%) | 7921200 | 12290000 | 122190000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| | കുറഞ്ഞ തുക | | | | | |
| 6. | വനിത ഘടക പദ്ധതി | പട്ടിക 4 പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 10% (57003800x 10%) | 5700380 | 8717460 | 2055353 | 24% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കു വേണ്ടിയുള്ള പദ്ധതി | പട്ടിക 4 പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (57003800x 5%) | 2850190 | 3850490 | 2448591 | 64% |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 4 പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (57003800x 5%) | 2850190 | 2368538 | 2324617 | 98% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം | പട്ടിക 4 പ്രകാരമുള്ള തുക 31684800 ന്റെ 50% | 15842400 (വകയിരുത്താവുന്ന കൂടിയ തുക) | 1709114 | 1607336 | 94% |
| 10 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (25319000x30%) | 7595700 (വകയിരുത്താവുന്ന കൂടിയ തുക) | 6009000 | 0 | 0% |
| 11 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

*** ക്രമ നം 3 ൽ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ജനറൽ സാധാരണ വിഹിതത്തിന്റെ 15% ആയ 4752720രൂപയാണ് കുറഞ്ഞ തുകയായി വകയിരുത്തേണ്ടത്. ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് 9747821 രൂപയും ടൈഡ് ഗ്രാന്റ് 1700000 രൂപയും നഗരസഭ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ തൻവർഷത്തെ പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായി 49710/- രൂപ ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ

| ക്രമ നം. | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 2100000 | 2100000 | 100% |
| 2 | എസ്.എസ്.എ | 1000000 | 1000000 | 100% |
| 3 | പാലിയേറ്റീവ് കെയർ | 1427218 | 1427218 | 99.99% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 1133000 | 1133000 | 85 |
| 5. | പി.എം.എ.വൈ ക്ക് അധിക വിഹിതം | 800000 | 800000 | 100% |
| 6. | ആശ്രയ പ്രോജക്റ്റ് | 50000 | 50000 | 100% |
| 7 | ഐ.കെ.എം വിഹിതം | 300000 | 300000 | 100% |

## 1-4 പദ്ധതി രൂപീകരണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായവക്ക് മുൻഗണന നൽകി പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഉൾപ്പെടുത്തിയ പദ്ധതിരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

എ)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

I)2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുന സംഘടിപ്പിച്ചിട്ടില്ല.

Ii) 2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി 02.10.2018 ന് നടന്ന യോഗത്തിൽ 18-19 വർഷത്തെ പദ്ധതികളുടെ അവലോകനം മാത്രമാണ് നടത്തിയിട്ടുള്ളത്.

ബി)വികസന സെമിനാർ

29.11.2018ൽ നടന്ന വികസന സെമിനാറിൽ വിവിധ പ്രോജക്ടുകൾ അംഗീകരിക്കുക മാത്രമാണുണ്ടായത്.

സി)വർക്കിംഗ് ഗ്രൂപ്പ്

2019-20 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഉയർന്നുവന്നതായി കാണുന്നില്ല. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകൾ 2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

ഉദാഹരണം - ദാരിദ്ര്യ ലഘൂകരണം - 20.10.2018

വിദ്യാഭ്യാസം - 20.10.2018

നഗരാസൂത്രണം - 23.10.2018

മൃഗസംരക്ഷണവും ക്ഷീര സംരക്ഷണവും - 24.10.2018

ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 80/24.01.2022ന്റെ മറുപടി) |
|---|---|---|---|---|
| I | സാമൂഹ്യ നീതി | 26.10.2018 | പകൽ വീട്, ബഡ്സ് സ്കൂൾ എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ | പ്രോജക്ട് തയ്യാറാക്കി |
| Ii | വിദ്യാഭ്യാസം | 20.10.2018 | LBPS കരയ്ക്കണ്ണി - മേൽക്കൂര മാറ്റി സ്ഥാപിക്കണം | പ്രോജക്ട് തയ്യാറാക്കി |

| | | | | |
|---|---|---|---|---|
| Iii | നഗരാസൂത്രണം | 23.10.2018 | നഗരസഭ ടൌൺ ഹാൾ ആധുനിക രീതിയിൽ നവീകരിക്കുക, പ്രധാന സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ടോയ് ലെറ്റ് ബ്ലോക്ക് കം ക്ലോക്ക് റൂമുകൾ സ്ഥാപിക്കുക | ടൌൺ ഹാൾ ആധുനിക വൽക്കരണം നിലവിൽ പൂർത്തീകരണ വക്കിലാണ്. ടോയ്ലെറ്റ് നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കി |
| Iv | കൃഷിയും അനുബന്ധ മേഖലയും | 26.10.2018 | മുനിസിപ്പൽ ഓഫീസ്, മൈതാനം എന്നിവിടങ്ങളിൽ വിപണന കേന്ദ്രങ്ങൾ | പച്ചക്കറി വിപണനത്തിനായി നഗരസഭ ടൌൺഹാളിൽ സ്റ്റാൾ പ്രവർത്തിച്ചുവരുന്നു. |
| V | പ്രാദേശിക സാമ്പത്തിക വികസനം | 24.10.2018 | നഗരസഭയിൽ ഒരു ചെറുകിട വ്യവസായ എസ്റ്റേറ്റ് | സ്ഥല ലഭ്യതയില്ലാത്തതിനാൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. |
| Vi | പൊതുഭരണവും ധനകാര്യവും | തീയതി രേഖപ്പെടുത്തിയിട്ടില്ല | നഗരസഭ ഓഫീസ് കെട്ടിടത്തിന് പിൻവശത്തെ ടോയ്ലെ റ്റുകൾ നവീകരിക്കുകയും അതിനു സമീപത്തായി ഒഴിഞ്ഞ സ്ഥലത്ത് വാഹനപാർക്കിംഗിനായി ഷെഡ് നിർമ്മിക്കുകയും ചെയ്യുക,മുനിസിപ്പൽ ലൈബ്രറി പ്രവർത്തനം പുനരാരംഭിക്കുക | ടോയ് ലറ്റുകൾ നവീകരിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി. വാഹന പാർക്കിംഗിന് ഷെഡ് നിർമ്മിക്കാനുള്ള പ്രോജക്ട് സ്ഥലലഭ്യതയില്ലാത്തതിനാൽ തയ്യാറാക്കിയിട്ടില്ല.മുനിസിപ്പൽ ലൈബ്രറിക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. |
| Vii | കുടിവെള്ളം | 22.10.2018 | 4, 10 വാർഡുകളിലെ പൊതു കിണർ നവീകരണം | പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. |

പ്രോജക്ടുകൾ തയ്യാറാക്കിയെന്നുള്ള പരാമർശമല്ലാതെ ഭൂരിഭാഗം പ്രോജക്ടുകളുടെയും പുരോഗതിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഡി)സ്റ്റാറ്റസ് റിപ്പോർട്ട്

I)പരിശോധനക്കായി ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയതായി കാണുന്നില്ല. ഓരോ മേഖലയിലെയും പ്രശ്നങ്ങളെ തീവ്രതയനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടില്ല.

Ii)സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | മേഖല | പ്രശ്നം |
|---|---|---|
| I | മൃഗസംരക്ഷണവും ക്ഷീര വികസനവും | ഉയർന്ന ഉല്പാദന ചെലവ് |
| Ii | ദാരിദ്ര്യ ലഘൂകരണം | കോളനികൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ |
| Iii | കൃഷി | മത്സ്യ ബന്ധനോപാദികളുടെ ക്ഷാമം |
| Iv | വനിതാ വികസനം | സുരക്ഷിതമില്ലായ്മ |
| V | സാമൂഹ്യ നീതി | അങ്കണവാടികളിൽ സ്ഥലം ഇല്ലായ്മ, കെട്ടിടമില്ലായ്മ |

ഇ)വികസന രേഖ

വികസന രേഖയിൽ പ്രശ്നപരിഹാര മാർഗ്ഗങ്ങളായി പരാമർശിച്ച ചുവടെ ചേർക്കുന്നവ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

I)വനിത ശിശുക്ഷേമം - നഗരസഭ അതിർത്തിയിൽ വനിത ഹെൽപ്പ് ലൈൻ കേന്ദ്രം തുടങ്ങുക.

Ii)ഊർജ്ജവും നഗരാസൂത്രണവും - നിലവിലെ ബസ് സ്റ്റാന്റിൽ ഷോപ്പിംഗ് മാൾ നിർമ്മാണം, പ്രധാന സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ടോയ് ലറ്റ് ബ്ലോക്ക് - കം ക്ലോക്ക് റൂമുകൾ സ്ഥാപിക്കുക.

വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2019-20 വർഷം മുനിസിപ്പാലിറ്റി നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 136680* | 191 |
| കർഷകതൊഴിലാളി പെൻഷൻ | 69600 | 23 |
| വിധവ പെൻഷൻ | 11046600 | 3807 |
| വാർദ്ധക്യകാലപെൻഷൻ | 18117900 | 6075 |
| വികലാംഗപെൻഷൻ | 2544900 | 858 |
| വിവാഹധനസഹായം | 180000* | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 77400/- രൂപ ചെലവുണ്ട്. എന്നാൽ ലഭ്യമാക്കിയ പ്രൊഫോർമയിൽ ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | | |

*BIMS Statementൽ168360/- രൂപയാണ് തൊഴിൽരഹിത വേതനത്തിന്റെ വരവ് ചെലവ്.

*വിവാഹധനസഹായം 180000/- രൂപയുടെ വരവ് ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ, ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ. ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സുബൈദാബീവി | 101720200767 | വാർദ്ധക്യകാലം | 05.01.19 | സസ്പെൻഡ് | 02/19 മുതൽ 03/19 വരെ<br>1100×2=2200<br>04/19മുതൽ 07/19വരെ-1200×4=4800 | 7000/- |
| | | | | | ആകെ | 7000/- |

ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വർക്കല മുനിസിപ്പാലിറ്റിയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ13 തീയതി 12.01.2022ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 7000/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നു

വർക്കല മുനിസിപ്പാലിറ്റിയിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അനർഹമായി പെൻഷൻ കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പി.പി.ഒ നമ്പർ | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക, കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രഭാകരൻ | ലഭ്യമല്ല | 101720202307 | 24600/-25/ 11/2014-30/ 9/2016 | തുക തിരികെ അടവാക്കി |
| 2 | പ്രേമ.ആർ.പി | ലഭ്യമല്ല | 101720600411 | 99400/-01/ 10/2008-30/ 4/2020 | 08.03.21ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 3 | ഓമനഅമ്മ | ലഭ്യമല്ല | 101720200579 | 67600/-01/ 10/2011-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 4 | ശ്രീരഞ്ജിനി ശിവപ്രസാദ് | ലഭ്യമല്ല | 101720601327 | 68400/-01/ 4/2013-30/ 4/2019 | 08.3..21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |

| | | | | | |
|---|---|---|---|---|---|
| 5 | സുരേന്ദ്രലാൽ | ലഭ്യമല്ല | 101720201832 | 73400/-01/ 3/2014-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 6 | വൽസല | ലഭ്യമല്ല | 101720201999 | 20100/-01/ 3/2014-30/ 9/2016 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 7 | ശ്യാമളദേവി | ലഭ്യമല്ല | 101720202505 | 41200/-01/ 12/2015-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 8 | രമണി | ലഭ്യമല്ല | 101720202731 | 46600/-01/ 12/2015-30/ 9/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 9 | രമാദേവി | ലഭ്യമല്ല | 101720601655 | 63200/-01/ 8/2014-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 10 | ഓമന | ലഭ്യമല്ല | 101720601952 | 38400/-01/ 5/2016-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |
| 11 | ഇന്ദിരകുമാരി | ലഭ്യമല്ല | 101720400478 | 12200/-04/ 6/2018-30/ 4/2019 | 08.03.21 ന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകി. |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുക വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/12.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2022 തീയതിയിൽ 10.50AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,31,247/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു തദ്ദേശസ്ഥാപനത്തിന്റെയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ, നിർവ്വഹണ - സേവനപ്രദാന പ്രക്രിയകളിൽ സ്വാധീനം ചെലുത്തുന്നതാണ്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ വിവിധ മേഖലകളിൽ പ്രതിഫലിച്ചിട്ടുണ്ട്.

1.ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ഓഫിസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ കൈകാര്യം ചെയ്യുന്നതിലുള്ള പരിചയക്കുറവാണ് ഇതിന് കാരണമായി

വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 101/28.01.2022ന്റെ മറുപടി).

2.നഗരസഭയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3. 2000ലെ കേരള മുനിസിപ്പാലിറ്റി (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ കൌൺസിൽ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2019ൽ പൌരാവകാശ രേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. അവസാനമായി പൌരാവകാശ രേഖ പുതുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

4.നഗരസഭയിൽ ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6.ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടത്തുന്നതിൽ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

7. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീ കൺസീലിയേഷൻ നടത്തിയിട്ടില്ല.

8. ലൈബ്രറിസെസ്, സെൻട്രൽ പെൻഷൻഫണ്ട് എന്നിവ യഥാസമയം അടവാക്കുന്നില്ല.

9. വിവിധ വരവിനങ്ങളുടെ കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

10. മാന്വൽ, സാംഖ്യ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പുവിവരം എഴുതി സൂക്ഷിക്കുന്നില്ല.

11. വസ്തുനികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാനുണ്ട്. ആയത് സഞ്ചയ ഡാറ്റാബേസിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

12.തൊഴിൽ നികുതിയിനത്തിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭാവിയിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

13.വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

14. ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

15. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

16. അസി.എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയില്ല. ഡെപ്യൂട്ടി ഡയറക്ടർ-ക്ഷീരവികസനം, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ഒരു പ്രോജക്ട് പോലും നടപ്പാക്കിയില്ല

17.അസിസ്റ്റന്റ് എഞ്ചിനീയർ തൃപ്തികരമായി ഫയൽ സൂക്ഷിക്കുന്നില്ല.

18.പ്രൊക്വയർമെന്റ് കമ്മിറ്റി സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നില്ല.

19. എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കണം എന്ന നിർദ്ദേശം പാലിക്കുന്നില്ല.

20.വർഷങ്ങളായി വാഹനങ്ങൾ വർക്ക് ഷോപ്പിൽ സൂക്ഷിക്കുകയും കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്താതെയിരിക്കുകയും ചെയ്യുന്നത്, പൊതുഖജനാവിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5422231 | 8635043 | 14057274 | 443971 | 232232 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | 0 | 0 | 0 | 13381071 | 0 |
| ആകെ | 5422231 | 8635043 | 14057274 | 13825042 | 232232 |

അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതിയിൽ ഭരണച്ചെലവുകൾക്കും ഗുണഭോക്താക്കൾക്ക് കൂലിയിനത്തിലും

ചെലവാകുന്ന തുക നഗരസഭയിൽ നേരിട്ട് വരവ് ചെലവ് ചെയ്യുന്നു. വരവ് തുക ഭരണച്ചെലവുകൾക്കും ഗുണഭോക്താക്കൾക്ക് കൂലി ഇനത്തിലും വേർതിരിച്ച് രേഖപ്പെടുത്താൻ സോഫ്റ്റ് വെയർ (EFMS/MIS System) രൂപീകരിച്ചിട്ടില്ല. ആകെ വരവിൽ നിന്നും ചെലവ് ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-8-1 തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2019- 2020 സാമ്പത്തികവർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 05/11.01.2022 -ന്റെ മറുപടി)

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-438<br>അംഗങ്ങൾ- 516 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-711<br>തൊഴിലാളികൾ-724 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-711<br>തൊഴിലാളികൾ-724 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | NIL |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | NIL |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | NIL |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | NIL |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 432 |
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 337 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 310 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 310 |
| ആകെ വാർഡുകളുടെ എണ്ണം | 33 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 1(പൊതുസഭ) |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 9 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 385 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 60 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 52 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 50188 |
| പരാതിരജിസ്റ്റർ പരിപാലനം | ഇല്ല |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 1,12,12,354/- |
| മെറ്റീരിയൽ കംബോണന്റ് | 2,12,851/- |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 113 |
| 80-99 | 126 |
| 70-79 | 51 |
| 60-69 | 110 |
| 50-59 | 68 |
| 50 ൽ താഴെ | 256 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2019 മുതൽ 22.07.2019 വെര | 2013-14 മുതൽ 2018-19 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2019 മുതൽ 22.01.2020 വരെ | 2017-18 മുതൽ 2018-19 വരെ | 12.12.2020 |

## 1-10 രസീത് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 74 എന്നിവ പ്രകാരം നഗരസഭയിൽ ലഭിക്കുന്ന രസീത് ബുക്കുകൾ ചട്ടം 73 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആവശ്യാനുസരണം ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതുമാണ്. നഗരസഭയിലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകളുടെ നീക്കിയിരിപ്പ് വിവരം കൃത്യമായും രേഖപ്പെടുത്തുന്നില്ല. നഗരസഭയിലെ 2019-20 വർഷത്തെ രസീതു പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-10-1 രസീതുകൾ പ്രകാരമുള്ള കളക്ഷൻ ഒടുക്കിയിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17 പ്രകാരം നഗരസഭയ്ക്കുവേണ്ടി വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കുന്ന തുകകൾ അതത് ദിവസം തന്നെ നഗരസഭയിൽ ഒടുക്കുവരുത്തേണ്ടതാണ്. എന്നാൽ ശ്രീമതി നിഷാ ചന്ദ്രൻ. യു, ബിൽ കളക്ടർ താഴെപ്പറയുന്ന രസീതുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകൾ നാളിതുവരെ നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല. കൂടാതെ രസീതുകൾ പ്രകാരമുള്ള തുക സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | ഇന വിവരം | ഒടുക്കിയ ആൾ | തുക |
|---|---|---|---|---|---|
| 67 | 6662 | 24.02.2020 | വസ്തു നികുതി 31/95 | ശശിധരൻ നായർ | 314/- |
| 71 | 7094 | 16.03.2020 | വസ്തു നികുതി 32/409 | മധുസൂദനൻ നായർ | 364/- |
| | | | | ആകെ | 678 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 93/27.01.2022 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി ഇനത്തിൽ പരിച്ചെടുത്ത തുകകൾ നഗരസഭയിൽ ഒടുക്ക് വരുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. ഒടുക്ക് വരുത്താത്ത തുക നഗരസഭയിൽ ഒടുക്ക് വരുത്തേണ്ടതും പ്രസ്തുത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-10-2 കളക്ഷൻ തുകകൾ സഞ്ചയയിൽ രേഖപ്പെടുത്തിയതിൽ അപാകത

A)മാന്വൽ രസീത് പ്രകാരം വസ്തു നികുതി ഇനത്തിൽ പരിച്ചെടുക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി പ്രസ്തുത രസീതുകൾ സഞ്ചയയിൽ അംഗീകരിക്കേണ്ടതുമാണ്. 2019-20 വർഷം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ രസീതുകൾ സഞ്ചയയിലെ കളക്ഷനിൽ അംഗീകരിക്കാതെ( പോസ്റ്റിംഗ് പെന്റിംഗ്) കാണപ്പെടുന്നുണ്ട്.

| Sl No | Ward No | Door No | Owner Name | Demand Year | Demand Period | Receipt BookNo | Receipt No | Receipt Date | Collection Amount |
|---|---|---|---|---|---|---|---|---|---|
| 1 | 8 | 52 | Sunil Kumar | 2019 | Full Year | 37 | 3679 | 04/11/2019 | 329 |
| 2 | 32 | 42 | Anil Kumar | 2018 | Full Year | 22 | 2184 | 30/09/2019 | 398 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | 32 | 146 | Sasidharan Nair | 2019 | Full Year | 50 | 4976 | 16/01/2020 | 279 |

B)മാന്വൽ രസീത് പരിശോധിച്ചതിൽ രസീത് ബുക്ക് നമ്പർ 2/2019, രസീത് നമ്പർ 107 പ്രകാരം ശ്രീ. പ്രകാശ് എന്ന വ്യക്തിയാണ് 2019-20 വർഷം വസ്തു നികുതി ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ ഇതേ തീയതിയിലെ ഇതേ രസീതിൽ കെ.ബാലചന്ദ്രൻ എന്ന വ്യക്തിയുടെ വസ്തു നികുതിയും രേഖപ്പെടുത്തിയിട്ടുണ്ട്.

| Sl No | Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 27 | 16 | കെ.ബാലചന്ദ്രൻ | 107 | 2/2019 | 107 | 25/04/2019 | 2019 | 182 |
| 2 | 28 | 71 | വി. പ്രകാശ് (നളിനം, ചെക്കുവെട്ടിയിൽ, വെൺകുളം) | 107 | 2/2019 | 107 | 25/04/2019 | 2019 | 645 |

C) മാന്വൽ രസീത് പ്രകാരം വസ്തു നികുതി ഇനത്തിൽ പരിച്ചെടുക്കുന്ന തുകകൾ അതത് ദിവസം നഗരസഭയിൽ ഒടുക്ക് വരുത്തേണ്ടതും, സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ കളക്ഷനിൽ രസീതിന്റെ വിശദാംശം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വസ്തു നികുതി പരിച്ചെടുത്ത താഴെപ്പറയുന്ന മാന്വൽ രസീതുകളുടെ തുക നഗരസഭയിൽ സാംഖ്യ രസീത് പ്രകാരം ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ അതത് കെട്ടിടങ്ങളുടെ കളക്ഷനിൽ രേഖപ്പെടുത്തിയിട്ടില്ല.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|---|
| 1 | 32 | 7 | | സോണിയ മുരളീധരൻ | 10172021394 | 39/2019 | 3896 | 15/11/2019 | 2019 | 148 |
| 2 | 3 | 46 | 1 | പ്രമീള (മണിമന്ദിരം) | 10172021395 | 39/2019 | 3898 | 15/11/2019 | 2019 | 582 |

D)വസ്തു നികുതി ഇനത്തിലെ റദ്ദാക്കുന്ന സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് അതത് ദിവസം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എന്നാൽ സാംഖ്യയിൽ റദ്ദാക്കിയ താഴെപ്പറയുന്ന രസീതിലെ തുക, സഞ്ചയ സോഫ്റ്റ് വെയറിൽ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No | Door No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|
| 27 | 351 | വി.ജയകുമാർ | 1010576 | 120010107918 | 12/03/2021 | 2020 | 802 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 98/28.01.2022, 8/11.01.2022 എന്നിവയ്ക്ക് ലഭിച്ച മറുപടിയിൽ ഖണ്ഡിക(c) പ്രകാരമുള്ള തുകകൾ സഞ്ചയ കളക്ഷനിൽ നിലവിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഖണ്ഡിക(D) പ്രകാരമുള്ള രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഖണ്ഡിക(A),(B) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി നിർണയം - അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-11-1 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ കെട്ടിടം - തെറ്റായ നികുതി നിർണയം നടത്തി

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 (ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹത്തിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. നഗരസഭയിലെ ആദ്യ 16 വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 2/180 | ഐഷാബീവി | പാർപ്പിടം | 64 $M^2$ |
| 2 | 3/223 | രാധാകൃഷ്ണൻ | പാർപ്പിടം | 100 $M^2$ |
| 3 | 4/128 | വി.കൃഷ്ണകുറുപ്പ് | പാർപ്പിടം | 72 $M^2$ |
| 4 | 4/226 | ഓമന | പാർപ്പിടം | 88 $M^2$ |
| 5 | 5/328 | മുഹമ്മദ്കുഞ്ഞ് | പാർപ്പിടം | 86 $M^2$ |
| 6 | 5/471 | കൃഷ്ണൻ | പാർപ്പിടം | 86 $M^2$ |
| 7 | 5/486 | ശകുന്തള | പാർപ്പിടം | 62 $M^2$ |
| 8 | 6/79 | ഉണ്ണി,സുലജ | പാർപ്പിടം | 64 $M^2$ |
| 9 | 6/411 | അവ്വാ ഉമ്മാൾ | പാർപ്പിടം | 90 $M^2$ |
| 10 | 9/32/1 | മുഹമ്മദ് ഇസ്മായിൽ | പാർപ്പിടം | 65 $M^2$ |
| 11 | 9/217 | നൗഷർഖാൻ&ഷാമിന | പാർപ്പിടം | 110 $M^2$ |
| 12 | 9/256 | ബഷീർ | പാർപ്പിടം | 80 $M^2$ |
| 13 | 10/21 | എ.കൃഷ്ണൻകുട്ടി | പാർപ്പിടം | 90 $M^2$ |
| 14 | 14/110 | ലീല | പാർപ്പിടം | 74 $M^2$ |
| 15 | 14/177 | ബേബി | പാർപ്പിടം | 74 $M^2$ |
| 16 | 14/272 | ലേഖ | പാർപ്പിടം | 65 $M^2$ |
| 17 | 15/207 | സുശീല | പാർപ്പിടം | 63 $M^2$ |

| | | | | |
|---|---|---|---|---|
| 18 | 16/226 | ജുബൈരിയ | പാർപ്പിടം | 70 $M^2$ |
| 19 | 16/233 | ചന്ദ്രിക അമ്മ | പാർപ്പിടം | 105 $M^2$ |
| 20 | 16/261 | കെ.ജി.പ്രസന്നൻ,ഷീജ | പാർപ്പിടം | 64 $M^2$ |
| 21 | 16/330 | രാജമ്മ | പാർപ്പിടം | 70 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 03/10.01.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഇത്തരത്തിൽ നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണയത്തിൽ അപാകത

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 90/- രൂപയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)നൂറ് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടം

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 70/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 5/390 | മാഹീൻ | ഷോപ്പ് | 171 $M^2$ |
| 2 | 14/431 | അനവർ | ഷോപ്പ് | 112.4 $M^2$ |
| 3 | 24/331 | രവീന്ദ്രൻ | ഷോപ്പ് | 135 $M^2$ |
| 4 | 24/332 | രവീന്ദ്രൻ | ഷോപ്പ് | 151.87 $M^2$ |
| 5 | 24/523/1 | ഡോ. വിജയൻ | ഷോപ്പ് | 125.54 $M^2$ |
| 6 | 25/369 | നസീമ | ഷോപ്പ് | 311.3 $M^2$ |
| 7 | 25/968/2 | കാർത്തിക് | ഷോപ്പ് | 181.4 $M^2$ |
| 8 | 28/506 | അബ്ദുൾ മനാഫ് | റെസ്റ്റോറന്റുകൾ | 248.63 $M^2$ |

B)അനധികൃത വാണിജ്യ കെട്ടിടം

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 21/346/UA1 | ബിജു | റസ്റ്റോറന്റ് | 132.12 $M^2$ |
| 2 | 28/23/UA13 | കബീർ | റസ്റ്റോറന്റ് | 103 $M^2$ |
| 3 | 28/99/1-ua1 | രഞ്ജിത്ത് | റസ്റ്റോറന്റ് | 132.75 $M^2$ |
| 4 | 28/241/ua7 | ചന്ദ്രകുമാർ | ഷോപ്പ് | 112 $M^2$ |
| 5 | 28/437/ Ua 1 | നസിമുദ്ദീൻ | ഷോപ്പ് | 251.05 $M^2$ |
| 6 | 28/614/ua3 | സോമൻ | റസ്റ്റോറന്റ് | 489.6 $M^2$ |
| 7 | 28/615/ua10 | രാജേഷ് | റസ്റ്റോറന്റ് | 255.3 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/11.01.2022 ന് ലഭിച്ച മറുപടിയിൽ ഖണ്ഡിക നമ്പർ.1 പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഖണ്ഡിക നമ്പർ.2 പ്രകാരമുള്ള കെട്ടിടങ്ങൾ താല്കാലിക ഷെഡായി പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളാണെന്നും ആയതിനാൽ അവയുടെ നികുതി കുടിശ്ശിക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണെന്നും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തിയതിനാൽ നഗരസഭ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-3 ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി ഈടാക്കി

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് [സെക്ഷൻ 235(1(എ)] പ്രകാരം പൊതു ആരാധനാലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 33/379/1 | പ്രസിഡൻറ് കുറ്റിക്കാട് ഭഗവതിക്ഷേത്രം | ആരാധനാലയങ്ങൾ | 70 ച.മീ | 7448/- |
| 2 | 33/379/2 | പ്രസിഡൻറ് കുറ്റിക്കാട് ഭഗവതിക്ഷേത്രം | ആരാധനാലയങ്ങൾ | 25 ച.മീ | 348/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2022 ന് ലഭിച്ച മറുപടിയിൽ ഇതേ കെട്ടിട ഉടമയുടെ നികുതിയുള്ള മറ്റ് കെട്ടിടങ്ങളുടെ കളക്ഷൻ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയപ്പോൾ നികുതി ഇളവുള്ള മേൽ കെട്ടിടത്തിൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് അപാകത സംഭവിച്ചതെന്നും നിലവിൽ സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താത്ത കെട്ടിടങ്ങളുടെ കളക്ഷൻ രേഖപ്പെടുത്തിയത് നഗരസഭയുടെ ഭാഗത്തെ പിഴവാണ്. നികുതി തുക രേഖപ്പെടുത്തുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-4 പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികതി കടിശ്ശിക ഈടാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്ത കാലയളവിലെ നികുതി പൂർണമായും പരിച്ചെടുക്കാതെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഫയൽ നം./അംഗീകരിച്ച തീയതി | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | R1/14114/2015. /06.11.2019 | 14/385 | സരളാദേവി | പാർപ്പിടം | 139 $M^2$ | 2015 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധ വർഷം വരെ | 2344/- |
| 2 | R1/BA/573/18-19 /26.11.2019 | 28/272 | ഷിഫാബീവി | വാണിജ്യ കെട്ടിടം | 54 $M^2$ | 2017 രണ്ടാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധ വർഷം വരെ | 853/- |
| 3 | R1/3838 /2016/21.12.2019 | 1/183 | മുഹമ്മദ് പാത്തുമ്മാൾ | പാർപ്പിടം | 150 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധ വർഷം വരെ | 327/- |
| 4 | R1/13860 /2019/21.12.2019 | 18/96 | അബൂബക്കർ | പാർപ്പിടം | 150 $M^2$ | 2014 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധ വർഷം വരെ | 1340/- |
| 5 | R5/BA/311/13/ | 20/13 | ജിനേഷ് | പാർപ്പിടം | 33 $M^2$ | 2014 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധ വർഷം വരെ | 214/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/11.01.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ നിലവിലില്ല എന്ന് ബോധ്യപ്പെട്ടതിനാൽ നികുതി ഒഴിവാക്കി നൽകിയതെന്നും മേൽ കെട്ടിടങ്ങളുടെ ബാക്കി കടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. നികുതി തുക പൂർണ്ണമായും ഈടാക്കാതെ കെട്ടിടങ്ങളെ ഡെമോളിഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയാണ്. ഒഴിവാക്കി നൽകിയ വസ്തു നികുതി തുക, കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-5 കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 1,2,8,9 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല.

| വാർഡ് 1 | | | വാർഡ് 8 | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 11 | - | 1 | 10 | - | 1 |
| 87 | - | 1 | 14 | - | 1 |

| | | | | | |
|---|---|---|---|---|---|
| 91 | – | 1 | 82 | – | 1 |
| 134 | – | 1 | 141 | – | 1 |
| 193 | 194 | 2 | 155 | – | 1 |
| 196 | – | 1 | 191 | – | 1 |
| 207 | – | 1 | 224 | – | 1 |
| 233 | – | 1 | 273 | – | 1 |
| 273 | – | 1 | 280 | – | 1 |
| 319 | – | 1 | 297 | – | 1 |
| Total | | 11 | 330 | – | 1 |
| വാർഡ് 2 | | | 334 | 335 | 2 |
| Missing From | Missing To | Missing Total | 352 | 353 | 2 |
| 2 | – | 1 | 360 | – | 1 |
| 80 | – | 1 | 362 | – | 1 |
| 125 | – | 1 | Total | | 17 |
| 139 | – | 1 | വാർഡ് 9 | | |
| 163 | – | 1 | Missing From | Missing To | Missing Total |
| 165 | – | 1 | 15 | – | 1 |
| 201 | – | 1 | 37 | – | 1 |
| 217 | – | 1 | 47 | – | 1 |
| 222 | – | 1 | 92 | – | 1 |
| 227 | – | 1 | 105 | – | 1 |
| 257 | – | 1 | 118 | – | 1 |
| 278 | – | 1 | 136 | – | 1 |
| 298 | – | 1 | 177 | – | 1 |
| 332 | – | 1 | 245 | 250 | 6 |
| 353 | – | 1 | 252 | – | 1 |
| 377 | 389 | 13 | 257 | 259 | 3 |
| Total | | 28 | 265 | 266 | 2 |
| വാർഡ് 11 | | | 268 | – | 1 |
| Missing From | Missing To | Missing Total | 283 | – | 1 |
| 47 | – | 1 | 291 | 293 | 3 |
| 49 | – | 1 | Total | | 25 |
| 64 | – | 1 | | | |
| 81 | 82 | 2 | | | |
| 116 | – | 1 | | | |
| 141 | – | 1 | | | |
| 161 | – | 1 | | | |
| 207 | – | 1 | | | |
| 255 | – | 1 | | | |
| 285 | 287 | 3 | | | |
| Total | | 13 | | | |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 23/13.01.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും

പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും, അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-6 നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ നിന്നും നികുതി പിരിവ്

2011 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് / കെട്ടിടത്തിന്റെ വിവരം | വിസ്തീർണം | പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 27/527/1 | ദേവസ്വം കമ്മീഷണർ<br>ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം, ബോർഡ്, വർക്കല ഗ്രൂപ്പ് | 163.95 $M^2$ | 2459/- |
| 2 | 27/527/2 | ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം,ബോർഡ്,വർക്കല ഗ്രൂപ്പ് | 69 $M^2$ | 2459/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/13.01.2022 ന് ലഭിച്ച മറുപടിയിൽ മറ്റ് കെട്ടിടങ്ങളുടെ നികുതി വിവരം, മാന്വൽ രസീതിൽ നിന്നും സഞ്ചയയിൽ രേഖപ്പെടുത്തിയപ്പോൾ, ഇളവ് നൽകിയ കെട്ടിടങ്ങളിൽ തെറ്റായി രേഖപ്പെടുത്തിയെന്നും സഞ്ചയയിൽ നിലവിൽ ആയത് പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയയിൽ കെട്ടിടങ്ങളുടെ നികുതി രേഖപ്പെടുത്തുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-7 കെട്ടിടങ്ങളുടെ കാലപ്പഴക്കം രേഖപ്പെടുത്തൽ - രേഖകൾ ഹാജരാക്കിയില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, 2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, ചട്ടം 2(2)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2019-20 വർഷം നികുതി നിർണയം അംഗീകരിച്ച കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 1/251/2 | ആബിദ | പാർപ്പിടം | 79.2 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 59 വർഷം |
| 2 | 1/251/3 | ഹസീന | പാർപ്പിടം | 69.95 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 59 വർഷം |
| 3 | 16/141/1 | നദീറഷാജഹാൻ | പാർപ്പിടം | 159.72 $M^2$ | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |

| | | | | | | |
|---|---|---|---|---|---|---|
| 4 | 24/409/1 | ഗീതാ രാജീവ് | വാണിജ്യ കെട്ടിടം | 11.4 $M^2$ | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |
| 5 | 24/411/1 | ഗിരീഷ് ഗോവിന്ദ് | വാണിജ്യ കെട്ടിടം | 11.4 $M^2$ | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |
| 6 | 25/949 | മണിലാൽ എസ് | വാണിജ്യ കെട്ടിടം | 14.86 $M^2$ | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 20 വർഷം |
| 7 | 26/148/1 | ബിജു ബാലചന്ദ്രൻ& രജിത ബാലചന്ദ്രൻ | പാർപ്പിടം | 168.18 $M^2$ | 2016 രണ്ടാം അർദ്ധ വർഷം മുതൽ | 11 വർഷം |
| 8 | 6/285/3 | ജാഫർ | പാർപ്പിടം | 30.16 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 30 വർഷം |
| 9 | 25/355/1 | ശ്രീദേവി | വാണിജ്യകെട്ടിടം | 154.45 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 10 | 25/355/2 | ശ്രീദേവി | പാർപ്പിടം | 92.08 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 11 | 20/257/1 | രാജീവ്.വി കെ, | ഷോപ്പ് | 3.61 ച.മീ | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/12.01.2022 ന് ലഭിച്ച മറുപടിയിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിനെ ഭാഗിച്ചത് മൂലമാണ് കാലപ്പഴം ഇത്തരത്തിൽ രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിവരമോ ഉപയോഗ ക്രമത്തിലോ വിസ്തീർണത്തിലോ മാറ്റം വരുത്തിയത് സംബന്ധിച്ചോ സഞ്ചയയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ കാലപ്പഴക്കം നിശ്ചയിച്ചത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 1-11-8 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഇളവ് - അപാകങ്ങൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി നഗരസഭയിൽ

സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭയിൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ്

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരേ ഉടമസ്ഥന്റെ, നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 15/64/2 | മുത്തുകൃഷ്ണൻ & ലത, ഗുരു തീർത്ഥം |
| | 15/64/5 | |
| 2 | 20/82/2 | ഷിജി&ജുമൈല, ഷിജി ലാന്റ് |
| | 20/82/3 | |
| 3 | 24/128 | സായിബ ബീവി, കോട്ട വിളാകത്ത് വീട് |
| | 24/128/1 | |

B)സത്യവാങ്മൂലത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം കെട്ടിട ഉടമ സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 476 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഒന്നാം വാർഡിലെ മാത്രം കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area(m2) |
|---|---|---|---|---|---|
| 1 | 1 | 83 | 1 | സുശോഭ് | 59.95 |
| 2 | 1 | 222 | 1 | ബേബിഷ | 59.64 |
| 3 | 1 | 310 | | പ്രഭ | 58 |
| 4 | 1 | 308 | | ജയന്തി | 55 |
| 5 | 1 | 185 | 2 | ജഹാംഗീർ | 54.97 |
| 6 | 1 | 4 | 2 | സുരേശൻ നായർ | 40.24 |
| 7 | 1 | 185 | 1 | മൂസക്കുട്ടി | 31.41 |

C) അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന് ഇളവ്

അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തെ ജി.ഒ(എം.എസ്).358/15/ തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/കെട്ടിട | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 15/312 | അനിലാൽ | 88 M2 | 1990 ഒന്നാം അർദ്ധ വർഷം മുതൽ |

D)അനധികൃത കെട്ടിടത്തിന് ഇളവ്

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ് .എന്നാൽ താഴെപ്പറയുന്ന അനധികൃത കെട്ടിടത്തിന് ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/കെട്ടിട നം. | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 9/225 UA | സജീന ബീവി | 22 M2 | 2017 രണ്ടാം അർദ്ധ വർഷം മുതൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/11.01.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-9 വിമുക്ത ഭടൻമാർക്ക് നടപടിക്രമം പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് , വിലാസം |
|---|---|---|
| 1 | 5/450 | സതി, വിലാസം രേഖപ്പെടുത്തിയിട്ടില്ല |
| 2 | 6/413 | മുഹമ്മദ്അബ്ദുൽലത്തീഫ്, വിലാസം രേഖപ്പെടുത്തിയിട്ടില്ല |
| 3 | 15/30/1 | സുഗതൻ (സുഗത നിവാസ്,വട്ടപ്ലാമൂട്) |
| 4 | 15/36 | ബേബി ഗിരിജ (കൃഷ്ണകൃപ,വർക്കല) |
| 5 | 15/384/1 | മഹേന്ദ്രകുമാർ (മായമാധവം,ശാരദഗിരി,വർക്കല |
| 6 | 18/159 | സിമി സുനിൽ,സുനിൽ (വിളയിൽവീട്,മണമ്പൂർ) |
| 7 | 22/13 | രാജഗോപാലൻ (രാജഗോപാല മന്ദിരം) |
| 8 | 22/241 | നന്ദകുമാർ,രമണി,വിലാസം രേഖപ്പെടുത്തിയിട്ടില്ല |
| 9 | 27/209 | ജനാർദ്ദനൻപിള്ള (കല്ലിടാന്തി,കിളിത്തട്ട്മുക്ക്,വർക്കല) |
| 10 | 28/804 | എൽ. ലത,എൻ.രവീന്ദ്രൻ,വിലാസം രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| 11 | 29/415 | സദാശിവൻ നായർ (പ്രശാന്ത്,കുരക്കണ്ണി) |
| 12 | 31/129 | ഷൈലജ.എസ് (ഷൈലാഭവൻ,പുന്നമൂട്) |
| 13 | 32/8 | രവീന്ദ്രൻ നായർ,വിലാസം രേഖപ്പെടുത്തിയിട്ടില്ല |
| 14 | 32/218 | രാജഗോപാലൻ, വിലാസം രേഖപ്പെടുത്തിയിട്ടില്ല |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/12.12.2022 ന് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങളുടെ നികുതി ഇളവ് ഒഴിവാക്കി വസ്തു നികുതി പിരിച്ചെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-10 കെട്ടിടങ്ങൾക്ക് തെറ്റായ ഇളവുകൾ രേഖപ്പെടുത്തി നികുതി നിർണയിച്ചു

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് , 235-ാം വകുപ്പ് പ്രകാരം വിവിധ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിലെ താഴെപ്പറയുന്ന വാസഗൃഹങ്ങൾക്ക് തെറ്റായ നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|---|
| 1 | 24/391 | സുദർശനൻ | പാർപ്പിടം | 500 $M^2$ | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ സൌജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം |
| 2 | 6/51 | ബി.സോമൻ | പാർപ്പിടം | 77 $M^2$ | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 235 (എച്ച്) ) |
| 3 | 4/222/1 | എസ്.മഞ്ചു | പാർപ്പിടം | 60 $M^2$ | ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വക കെട്ടിടം (സെ. 235 (എച്ച്) ) |
| 4 | 32/390 | കുഞ്ഞുകൃഷ്ണപിള്ള | പാർപ്പിടം | 108 $M^2$ | സെക്ഷൻ 235 (ഡി) പ്രകാരമുള്ള ഒഴിവാക്കൽ |
| 5 | 32/371 | ചന്ദ്രശേഖരൻനായർ | പാർപ്പിടം | 72 $M^2$ | സെക്ഷൻ 235 (ഡി) പ്രകാരമുള്ള ഒഴിവാക്കൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/13.01.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട്

സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-11 ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല**

ചുവടെ ചേർക്കുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2019-20 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

A)

| കെട്ടിട നം. | കെട്ടിട ഉടമ | | വിലാസം | | | | |
|---|---|---|---|---|---|---|---|
| 14/304/1 | സബ്ഡിവിഷണൽ എഞ്ചിനീയർ | | ടെലികോം സിവിൽ, സബ്ഡിവിഷൺ,ബി.എസ്.എൻ.എൽ,ആറ്റിങ്ങൽ,, | | | | |
| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
| 1 | 2013 | First Half | 1907 | 96 | 0 | 0 | 2003 |
| 2 | 2013 | Second Half | 1907 | 95 | 0 | 0 | 2002 |
| 3 | 2014 | First Half | 1907 | 96 | 0 | 0 | 2003 |
| 4 | 2014 | Second Half | 1907 | 95 | 0 | 0 | 2002 |
| 5 | 2015 | First Half | 1907 | 96 | 0 | 0 | 2003 |
| 6 | 2015 | Second Half | 1907 | 95 | 0 | 0 | 2002 |
| 7 | 2016 | First Half | 6250 | 313 | 0 | 625 | 7188 |
| 8 | 2016 | Second Half | 6250 | 312 | 0 | 625 | 7187 |
| 9 | 2017 | First Half | 6250 | 313 | 0 | 625 | 7188 |
| 10 | 2017 | Second Half | 6250 | 312 | 0 | 625 | 7187 |
| 11 | 2018 | First Half | 6250 | 313 | 0 | 625 | 7188 |
| 12 | 2018 | Second Half | 6250 | 312 | 0 | 625 | 7187 |
| 13 | 2019 | First Half | 6250 | 313 | 0 | 625 | 7188 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | 2019 | Second Half | 6250 | 312 | 0 | 625 | 7187 |
| | | | | | | ആകെ | 69515 |

B)

| കെട്ടിട നം. | കെട്ടിട ഉടമ | വിലാസം |
|---|---|---|
| 26/194/4 | ദി. മാനേജർ | ഡബ്ളിയു.റ്റി. റ്റി.ഐ.എൽ,.<br>എസ്. എൽ.പ്ലാസ കോംപ്ലക്സ്,പാലാരിവട്ടം, കൊച്ചിൻ |

| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
|---|---|---|---|---|---|---|---|
| 1 | 2013 | First Half | 1013 | 51 | 0 | 0 | 1064 |
| 2 | 2013 | Second Half | 1013 | 51 | 0 | 0 | 1064 |
| 3 | 2014 | First Half | 1013 | 51 | 0 | 0 | 1064 |
| 4 | 2014 | Second Half | 1013 | 51 | 0 | 0 | 1064 |
| 5 | 2015 | First Half | 1013 | 51 | 0 | 0 | 1064 |
| 6 | 2015 | Second Half | 1013 | 51 | 0 | 0 | 1064 |
| 7 | 2016 | First Half | 2532 | 127 | 0 | 254 | 2913 |
| 8 | 2016 | Second Half | 2531 | 127 | 0 | 253 | 2911 |
| 9 | 2017 | First Half | 2532 | 127 | 0 | 254 | 2913 |
| 10 | 2017 | Second Half | 2531 | 127 | 0 | 253 | 2911 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 2018 | First Half | 2532 | 127 | 0 | 254 | 2913 |
| 12 | 2018 | Second Half | 2531 | 127 | 0 | 253 | 2911 |
| 13 | 2019 | First Half | 2532 | 127 | 0 | 254 | 2913 |
| 14 | 2019 | Second Half | 2531 | 127 | 0 | 253 | 2911 |
| | | | | | | ആകെ | 29680 |

C)

| കെട്ടിട നം. | കെട്ടിട ഉടമ | | വിലാസം | | | | |
|---|---|---|---|---|---|---|---|
| 28/802 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് എയർസെൽ | | ആർകേഡ്, ഗീതാഞ്ജലി ബസ് സറ്റോപ്പ്,വൈറ്റില, കൊച്ചി | | | | |
| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
| 1 | 2016 | First Half | 8205 | 411 | 0 | 821 | 9437 |
| 2 | 2016 | Second Half | 9045 | 452 | 0 | 904 | 10401 |
| 3 | 2017 | First Half | 9045 | 453 | 0 | 905 | 10403 |
| 4 | 2017 | Second Half | 9045 | 452 | 0 | 904 | 10401 |
| 5 | 2018 | First Half | 8861 | 444 | 0 | 887 | 10192 |
| 6 | 2018 | Second Half | 9801 | 490 | 0 | 980 | 11271 |
| 7 | 2019 | First Half | 9801 | 491 | 0 | 981 | 11273 |
| 8 | 2019 | Second Half | 9801 | 490 | 0 | 980 | 11271 |
| | | | | | | ആകെ | 84649 |

D)

| കെട്ടിട നം. | കെട്ടിട ഉടമ | വിലാസം |
|---|---|---|

| 33/99/1 | ഡിവിഷണൽമാനേജർ | | ബി എസ്.എൻ.എൽ,ടെലകോം സിവിൽ സബ് ഡിവിഷൻ,, | | | | |
|---|---|---|---|---|---|---|---|
| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
| 1 | 2013 | First Half | 1875 | 94 | 0 | 0 | 1969 |
| 2 | 2013 | Second Half | 1875 | 94 | 0 | 0 | 1969 |
| 3 | 2014 | First Half | 1125 | 56 | 0 | 0 | 1181 |
| 4 | 2014 | Second Half | 1875 | 94 | 0 | 0 | 1969 |
| 5 | 2015 | First Half | 1125 | 56 | 0 | 0 | 1181 |
| 6 | 2015 | Second Half | 1875 | 94 | 0 | 0 | 1969 |
| 7 | 2016 | First Half | 1400 | 70 | 0 | 140 | 1610 |
| 8 | 2016 | Second Half | 1400 | 70 | 0 | 140 | 1610 |
| 9 | 2017 | First Half | 1400 | 70 | 0 | 140 | 1610 |
| 10 | 2017 | Second Half | 1400 | 70 | 0 | 140 | 1610 |
| 11 | 2018 | First Half | 1400 | 70 | 0 | 140 | 1610 |
| 12 | 2018 | Second Half | 1400 | 70 | 0 | 140 | 1610 |
| 13 | 2019 | First Half | 1400 | 70 | 0 | 140 | 1610 |
| 14 | 2019 | Second Half | 1400 | 70 | 0 | 140 | 1610 |
| | | | | | | | 23118 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/13.01.2022 ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-12 റിസോർട്ടുകൾക്ക് തെറ്റായ ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി ഈടാക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ഷോപ്പുകൾക്ക് (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ) അടിസ്ഥാന വസ്തു നികുതി 70/- രൂപയും ലോഡ്ജുകൾക്ക് അടിസ്ഥാന വസ്തു നികുതി 50/- രൂപയും, പാർപ്പിടത്തിന് 13/- രൂപയും റിസോർട്ടുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 90/- രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വിവിധ റിസോർട്ടുകൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | സ്ഥാപനം | സഞ്ചയ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 27/221 | ശുഭ | വല്ലഭൻ ഇന്റർനാഷണൽ റിസോർട്ട് | ഷോപ്പുകൾ |
| 2 | 28/616-621 | ഗിരിജ | എസ്.കെ ബീച്ച് റിസോർട്ട് | ഷോപ്പുകൾ |
| | 28/628 | | | ലോഡ്ജ് |
| 3 | 22/7/1-15 | എം.പ്രസാദ് | പുലരി ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 4 | 27/405,407 | സദാശിവൻ | നാലുകെട്ട് റിസോർട്ട് | ലോഡ്ജ് |
| 5 | 28/360 | റീത | മദർ പാലസ് ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 6 | 28/615 | ഭാസ്കരൻ | വർക്കല മറൈൻപാലസ് റിസോർട്ട് | ലോഡ്ജ് |
| 7 | 28/11 | സാബു | ബ്ലാക്ക് ബീച്ച് റിസോർട്ട് | പാർപ്പിടം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 76/24.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തിയതിനാൽ നഗരസഭയിൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-13 അനധികൃത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ, അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ്. നഗരസഭയിൽ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അനധികൃത കെട്ടിട നിർമ്മാണങ്ങളിൽമേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2019-20 വർഷത്തെ അനധികൃത കെട്ടിടങ്ങളിൽമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 01/13.01.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ രജിസ്റ്റർ മാത്രമാണ് നിലവിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതെന്നും ഭാവിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ സഞ്ചയ അസസ്മെന്റ് പ്രകാരം 203 അനധികൃത കെട്ടിടങ്ങളാണ് സ്ഥിതി ചെയ്യുന്നത്. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതും അനധികൃത നിർമ്മാണങ്ങളുടെ തുടർ നടപടിക്രമങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതും നഗരസഭയുടെ ഗുരുതര വീഴ്ചയാണ്. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ കൃത്യമായും പരിപാലിക്കേണ്ടതും അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-11-14 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു

2011 ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2 ൽ സമർപ്പിക്കേണ്ടതാണ്. കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ 2019-20 വർഷം പ്യൂരിഫിക്കേഷൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല(ഓഡിറ്റ് റിക്വിസിഷൻ നമ്പർ.12/13.01.2022). ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11-15 നടപടി ക്രമം പാലിക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ നീക്കം ചെയ്തു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. 2019-20 വർഷം അസസ്മെന്റ് രജിസ്റ്ററിൽ നിന്നും അനധികൃത കെട്ടിടങ്ങളുടെ ഉൾപ്പെടെ ആയിരത്തിലധികം കെട്ടിടങ്ങളുടെ വിവരം നീക്കം ചെയ്തിട്ടുണ്ട്(cancel/deleted). സഞ്ചയ ഡിലീറ്റഡ് റെക്കോർഡ്സിൽ 1846 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സഞ്ചയയിൽ നിന്നും കെട്ടിടങ്ങളെ ഇത്തരത്തിൽ നീക്കം ചെയ്തതിന്റെ കാരണം വ്യക്തമാക്കുന്ന ഫയലുകളോ രജിസ്റ്ററോ/ സഞ്ചയ പ്യൂരിഫിക്കേഷൻ രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 75/24.01.2022 ന്റെ മറുപടിയിൽ ബേസ് ഡേറ്റാ ഉണ്ടായിരുന്നിട്ടും സ്ഥലപരിശോധന നടത്തി കണ്ടെത്താൻ കഴിയാത്ത കെട്ടിടങ്ങൾ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തു എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച ഫയലോ രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അസസ്മെന്റ് രജിസ്റ്ററിൽ നിന്നും നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ നീക്കം ചെയ്തത് ഗുരുതര വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11-16 അനധികൃതമായി ടെന്നീസ് കോർട്ട് നിർമ്മാണം - വസ്തു നികുതി നിർണയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | കെട്ടിട നം. | ഉടമ | സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ | ഉപയോഗക്രമം | പെർമിറ്റ് നം./തീയതി |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വിസ്തീർണം | | |
| 20/257/1 | രാജീവ്.വി കെ,ഷിജു, അരവിന്ദൻ ആൻഡ് ഹാരിസ് (ചിലക്കൂർ സീക്രെട്ട് ക്ലബ്, ചിലക്കൂർ,വർക്കല, | 3.61 ച.മീ | ഷോപ്പുകൾ(വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ) | PW2/TBA/ 35308/2017 19/07/2017 |

2017-18 വർഷം വസ്തു നികുതി നിർണയിച്ച മേൽ കെട്ടിടത്തിന്റെ വിസ്തീർണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 3.61 ച.മീ എന്നാണ്. കൂടാതെ, കെട്ടിടത്തിന്റെ കാലപ്പഴക്കം 15 വർഷമെന്നും രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. 25.01.2022 -ൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ നമ്പരിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സീക്രട്ട് ക്ലബ്ബ് (Reg No.T 3841) ചിലക്കൂർ , വർക്കല എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ 18.40x15.60 M =287.04 $M^2$ വിസ്തീർണത്തിൽ ടെന്നീസ് കോർട്ടുകളും (2 എണ്ണം), 3.27x5.97 M =19.52 $M^2$ വിസ്തീർണത്തിൽ അനുബന്ധ കെട്ടിടവും ഉൾപ്പെടെ ആകെ 306.56 $M^2$ വിസ്തീർണത്തിലാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.88/25.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ,1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് സ്ഥിരീകരണ ഉത്തരവ് 10.08.2021 ൽ നൽകുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ മേൽ കെട്ടിടത്തിന് നാളിതുവരെ നികുതി നിർണയം നടത്തി വസ്തു നികുതി ഈടാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ച് തുക ഈടാക്കേണ്ടതും അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 കെട്ടിട നമ്പർ നൽകൽ - റഗുലറൈസേഷൻ എന്നിവയിലെ അപാകങ്ങൾ

1999, 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മിച്ചതും 1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230,231,233, 2011ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 2019-20 വർഷം നഗരസഭയിൽ വസ്തു നിർണയം നടത്തിയ കെട്ടിടങ്ങളുടെ ആദ്യ 25 ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-12-1 കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയും പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| ഫയൽ നമ്പർ | ബി.എ 05/2019-20 |
| കെട്ടിട ഉടമ | രജനി ബി.എസ് |
| കെട്ടിട നമ്പർ | 30/111/1 |
| ഉപയോഗക്രമം | ഷോപ്പ് |
| വിസ്തീർണം | 12.26 $M^2$ |
| റീ സർവ്വേ നമ്പർ | 15 |

വാണിജ്യവശ്യത്തിനുള്ള മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം, കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 30/111 നമ്പർ കെട്ടിടത്തിന് 158.33 ച.മീ വിസ്തീർണമുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 126 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭയിലെ നികുതി നിർണയ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണത്തേക്കാൾ അധികമായി നിർമ്മിച്ച 32.33 ച.മീ ഭാഗം നാളിതുവരെ

ക്രമവത്കരിക്കുകയോ പ്രസ്തുത ഭാഗത്തിന് വസ്തു നികുതി നിർണയം നടത്തുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 100/28.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 30/111 നമ്പർ കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കൽ ഭാഗത്തിന്റെ നിർമ്മാണം പരിശോധിക്കേണ്ടതും പ്രസ്തുത ഭാഗത്തിന്റെ വസ്തു നികുതി നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-2 പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| ഫയൽ നമ്പർ | ബി.എ *73*/2019-20 |
| കെട്ടിട ഉടമ | വിജയകുമാർ |
| കെട്ടിട നമ്പർ | 13/50/1 |
| ഉപയോഗക്രമം | പാർപ്പിടം |
| വിസ്തീർണം | 137 $M^2$ |
| റീ സർവ്വേ നമ്പർ | 97 |

കെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട മേൽ ഫയലിലെ ലൊക്കേഷൻ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ 13/50 നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്(to Be Demolished). എന്നാൽ പ്ലാനിൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണവും കെട്ടിടത്തിന്റെ പ്ലാനും വ്യക്തമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന് 90 ച.മീ വിസ്തീർണമുണ്ട്. കൂടാതെ കെട്ടിടം നാളിതുവരെ പൊളിച്ചു നീക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. നിലവിലെ കെട്ടിടം പൊളിച്ചുമാറ്റാതെയാണ് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 100/28.01.2022 ന് ലഭിച്ച മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ പ്ലാൻ പരിശോധിക്കാതെയും സ്ഥലപരിശോധന നടത്താതെയും കെട്ടിട നമ്പർ നൽകിയത് നഗരസഭയുടെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-12-3 കെട്ടിടത്തിന്റെ പ്ലാനും നികുതി നിർണയ ഫാറത്തിലെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| ഫയൽ നമ്പർ | ബി.എ നമ്പർ 30/19-20 |
| കെട്ടിട ഉടമ | ദീപ |
| കെട്ടിട നമ്പർ | 8/306/1<br>8/306/2 |
| ഉപയോഗക്രമം | ഷോപ്പ് |
| റീ സർവ്വേ നമ്പർ | 43 |
| വിസ്തീർണം<br>(പൂർത്തീകരണ പ്ലാൻ പ്രകാരം) | ഷോപ്പ് 1-26.49 $M^2$ഷോപ്പ് 2- 21.30 $M^2$<br>പാസേജ് - 4.16 $M^2$ആകെ - 51.95 $M^2$ |
| വിസ്തീർണം ഫോറം.6/സഞ്ചയ പ്രകാരം | ഷോപ്പ് 1 -28.57 $M^2$,ഷോപ്പ് 2 -25.46<br>ആകെ - 54.03 |

വാണിജ്യാവശ്യത്തിനുള്ള മേൽ കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും ഫോറം നമ്പർ 6 പ്രകാരവുമുള്ള

വിസ്തീർണം 54.03 ച.മീറ്ററാണ്. എന്നാൽ പൂർത്തീകരണ പ്ലാനിൽ പ്രസ്തുത കെട്ടിടത്തിന്റെ 51.93 ച.മീ വിസ്തീർണത്തിന്റെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 102/28.01.2022 ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയതിൽ അപാകത പരിഹരിക്കേണ്ടതും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി- അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

## 1-13-1 നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

A) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരമുള്ള നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ വിവിധ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | അനാമിക ബീച്ച് റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 2 | ക്ലാഫോട്ടി ബീച്ച് റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 3 | സോൾ & സർഫ് ട്രാവൽ ആന്റ് ടൂറിസം | രണ്ടാം അർദ്ധവർഷം |
| 4 | ബജാജ് അലയൻസ് | രണ്ടാം അർദ്ധവർഷം |
| 5 | അപരാജിത ഡയനാമിക് | രണ്ടാം അർദ്ധവർഷം |
| 6 | ഓംസം ഗസ്റ്റ് ഹോം | രണ്ടാം അർദ്ധവർഷം |
| 7 | കാർവി സ്റ്റോക്ക് | രണ്ടാം അർദ്ധവർഷം |
| 8 | സൺറൈസ് റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 9 | വഞ്ചിനാട് ഫിനാൻസ് | ഒന്നാം അർദ്ധവർഷം |
| 10 | ജെ.ആർ ഹോസ്പിറ്റൽ | ഒന്നാം അർദ്ധവർഷം |
| 11 | ഓറിയന്റൽ ഇൻഷുറൻസ് | I&II അർദ്ധവർഷം |

B)തൊഴിൽ നികുതി പത്രിക പൂർണമല്ല .

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ജീവനക്കാരുടെ വരുമാനം സംബന്ധിച്ച് മറ്റ് അലവൻസുകൾ ഉൾപ്പെടെ എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടുത്തിയാണ് സ്ഥാപനങ്ങൾ IV-ാം നമ്പർ ഫാറത്തിൽ ലിസ്റ്റ് സമർപ്പിക്കേണ്ടത്. ഗവ.യോഗ നാച്ചുറോപ്പതി ഹോസ്പിറ്റൽ, വർക്കല-യിൽ നിന്നും 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ സമർപ്പിച്ച പത്രികയിൽ ജീവനക്കാരുടെ ശമ്പളത്തെ സംബന്ധിച്ച വിവരങ്ങൾ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്താതെ ആകെ അർദ്ധവാർഷിക വരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ജീവനക്കാർക്ക് വിവിധ ഇനങ്ങളിൽ ലഭിച്ച തുകകൾ പൂർണമായും ഉൾപ്പെടുത്തിയാണോ നികുതി കണക്കാക്കിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

C)സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരമുള്ള നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയ എല്ലാ സ്ഥാപനങ്ങളെയും 2019-20 വർഷം തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | സാരഥി മോട്ടോഴ്സ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 2 | പോപ്പുലർ ഫിനാൻസ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 3 | പോൾ മർച്ചന്റ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 4 | പി.വി.എം ആയുർവേദിക് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 5 | യു.എ.ഇ എക്സ്ചേഞ്ച് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 6 | ധന്യ സൂപ്പർ മാർക്കറ്റ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 7 | ദ്വാരക ഹോട്ടൽ | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 8 | ഷാ വെഡ്ഡിംഗ് പാലസ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 9 | മംഗള മെഡിക്കൽ സ്റ്റോർ | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 10 | കെയർ ഫെസിലിറ്റീസ് മാനേജ് മെന്റ് | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |

D)സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നില്ല

സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ലൈസൻസ് അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തുന്നില്ല. നഗരസഭയിലെ 28-ാം വാർഡിലെ ആദ്യ 30 ലൈസൻസ് അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 28/496 - 510 | ഗോപിനാഥൻ നായർ | ഹൈവ ബീച്ച് റിസോർട്ട് |
| 2 | 28/174-177 | മൈമൂനത്ത് ബീവി | സ്കൈലൈൻ ടൂറിസ്റ്റ് പാരഡൈസ് |
| 3 | 28/778 1-27 | ശശികുമാർ | സജ്ജോയ്സ് ഹോട്ടൽ |
| 4 | 28/22 | റഫീഖ് | സീ വിൻ ബീച്ച് റിസോർട്ട് |
| 5 | 28/459 | അബു | സിൽവർസാന്റ് ബീച്ച് റിസോർട്ട് |
| 6 | 28/30 | ദീപു | ശിവ റിഷി ബീച്ച് റിസോർട്ട് |
| 7 | 28/596 | പ്രതാപൻ | സിയോൺ സീ റിസോർട്ട് |
| 8 | 28/420,421 | സുമനൻ | കേരതീരം ബീച്ച് റിസോർട്ട് |
| 9 | 28/12-17 | കൃഷ്ണകുമാർ | കൃഷ്ണതീരം ഹോളി റിസോർട്ട് |
| 10 | 28/566 | ജയദീപ് | ലിലിപാഡ് റിസോർട്ട് |
| 11 | 28/295-300 | നസീർ | പ്രശാന്തി ഗാർഡൻസ് |
| 12 | 28/237 1-13 | മധുസൂദനൻ | പ്രശാന്തി ക്ലിഫ് ബീച്ച് റിസോർട്ട് |
| 13 | 28/5-9 | അൽസാർ | വുഡ് ഹൗസ് ബീച്ച് റിസോർട്ട് |
| 14 | 28/41-46 | തുളസി | സാവിത്രി ഇൻ ഹോട്ടൽ |
| 15 | 28/597 | ഷിന | എസ്.എസ് ബീച്ച് റിസോർട്ട് |
| 16 | 28/70 | സിബിച്ചൻ | ക്ലിഫ് ഗാർഡ്ൻ ബീച്ച് റിസോർട്ട് |
| 17 | 28/537-539 | വിശ്വനാഥൻ | ലാ എക്സോട്ടിക്ക ഹോം സ്റ്റേ |
| 18 | 28/301,313 | ശരദ് നായർ | ദേശടൻ റിസോർട്ട് & ഹോട്ടൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 63/21.01.2022 ന് മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് തൊഴിൽ നികുതി ഒടുക്ക വരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13-2 അഭിഭാഷകർ,ഡോക്ടർമാർ,പാരമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിലുള്ള മേൽ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയോ നോട്ടീസ് നൽകി 2019-20 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കുകയോ

ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 55/20.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-3 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (10) പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 55/20.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-13-4 വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2019-20 വർഷം ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 55/20.01.2022ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-13-5 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List Of Licence Holders Under Kerala Money Lenders Act 1958 As On 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. (അവലംബം : Www.keralataxes.gov.in/kml Dealers).

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010557084 | GOVINDAPILLAI | AMMU FINANCE | AMMU FINANCE , VMC III/300C, KURAKKANNI, III, KURAKKANNI, |
| 32010563182 | VIJAYAKUMAR.G | ANANYA FINANCE | ANANYA FINANCE, XXIV/52-A, MUNDAYIL, XXIV, |
| 32010554518 | SREEMATHI AMMA | ARGHYA FINANCIERS,,PUNNAMOODU | ARGHYA FINANCIERS, XXXII/135, PUNNAMOODU,,VARKALA, XXXII/135, |
| 32010525538 | GANGADHARAN | GOLDSTAR BANKERS | GOLDSTAR BANKERS, 16, SREENIVASAPURAM, 16, VARKALA, SREENIVASAPURAM |
| 32010552415 | SUJATHAN | KADAMBARI AUTO FINANCE | KADAMBARI AUTO FINANCE, VMC IX/08, VARKALA, IX, NEAR STAR CINE HOUSE, |

| | | | |
|---|---|---|---|
| 32010501273 | SUDHEER | KANNAN FINANCIERS | KANNAN FINANCIERS, 414, MUNICIPALITY, 15, VARKALA, MUTTAPPALAM |
| 32010594682 | LAL | KARINKADA FINANCE | VP/1/395 KADAKKAVOOR ROAD,PUTHEN CHANTHA,VARKALA |
| 32010545057 | S.SARALA BAI | KIZHAKKATHIL FINANCE | V.R.M COTTAGE, VMC-165, VARKALA, V, PULLANICODE, VARKALA, PULLANICODE |
| 32010524998 | MOHANAN.T | LEKSHMI FINANCE | LEKSHMI FINANCE, IV/396A, PUNNAMOODU, IV, VARKALA, VARKALA |
| 32010559108 | VIJAYAN | LEKSHMI FINANCE | Palavila Puthen Veedu, 258, Varkala, 3, Varkala, Vadasserikonam P.O |
| 32010592048 | PREEJA | MEDAYIL FINANCE | MEDAYIL FINANCE , VMC X/1355, PUNNAMOODU, X, VARKALA, VARKALA |
| 32010546868 | NILA FINANCIERS | NILA FINANCIERS | KALINDHI, VMC VI/134B, JAWAHAR PARK,MUNDAYIL,, VI, MUNDAYIL, |
| 32010590261 | RAJENDRABABU | PARVATHY FINANCIERS | PARVATHY BUILDING, 416,417,418, PUTHENCHANTHA, 1, PUTHENCHANTHA, |
| 32010562822 | HARAN | POPULAR CHITS& FINANCE | SREE SAILAM, 307, MAIDANAM, 21, VARKALA, VARKALA |
| 32010547948 | POPULAR FINANCE | POPULAR FINANCE | TITU PLAZA, 180/T, VARKALA, XVIII, VARKALA, VARKALA |
| 32010564396 | PRABHAKARAN NAIR | PREETH FINANCE | PARAYIL THARAVADU, 28 C, NEAR L.P SCHOOL, KURAKKANNI, IV, |
| 32010599812 | DHARMARAJ.M | PRIYANKA FINANCE | PRIYANKA FINANCE, VMC V/86A, KURAKKANNI, 5, VARKALA, VARKALA |
| 32010572799 | JOSE.S | PUNYAS FINANCE | PUNYAS FINANCE , CP VI/275, AYANTHI, VI, AYANTHI, VARKALA |
| 32010507742 | PRAKASH | S.P.FINANCIERS | PRASANTH BHAVAN, CPIX/1364, JANATHA JUNCTION, IX, PALAYAMKUNNU |
| 32010578471 | BRAHMAVRATHAN | SOBHA FINANCIERS | PKS BUILDING, C32-34(4), ANCHUMUKKU,ODAYAM, 11, ODAYAM, |
| 32010574814 | RAGHAVAN | THENGUVILA FINANCIERS | THENGUVILAYIL FINANCIERS, 210, PUTHECHANTHA, II, PUTHENCHANTHA, |
| 32010501587 | NIRMALADEVI | THINAVILA FINANCE | THINAVILA FINANCE, CP XII/688 B, CHAVADIMUKKU, XII, MUTTAPPALAM, |
| 32010512128 | SATHYAN | V.V.K. FINANCIERS | V.V.K. FINANCIERS, VMC IX/407D, KARUNILAKKODU, IX, KARUNILAKKODU, |
| 32010587447 | JANARDANAN NAIR | VINAYAKA FINANCE | AARAMAM, 542, VENKULAM, 5, VARKALA, VARKALA |
| 32010541176 | MOHANALAL | VRINDAVAN FINANCE | PALAYAMKUNNU, III, PALAYAMKUNNU ,, 3, VARKALA , VARAKALA |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 78/24.01.2022ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-6 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികയിൽ II-ൽ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 55/20.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

### 1-13-7 ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 55/20.01.2022ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-14 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. 2019-20 വർഷത്തെ പാരമെഡിക്കൽ രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം 5 പ്രകാരം നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളും അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ അപേക്ഷ ലിസ്റ്റ് പരിശോധിച്ചതിൽ നഗരസഭയിൽ 2018-19 വർഷം രജിസ്ട്രേഷൻ നടത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷത്തേയ്ക്ക് രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 18/44 | ഡോ.സുനിൽകുമാർ | ആയുർവേദ ക്ലിനിക്ക് |
| 2 | 1/145 B,C | അനിൽ കുമാർ | ആയുർവേദ ക്ലിനിക്ക് |
| 3 | 31/512 | ശശിധരൻ ചെട്ടിയാർ | ആയുർവേദ ക്ലിനിക്ക് |
| 4 | 26/346/2 | പൂജ എസ്.തമ്പി | ആയുർവേദ ക്ലിനിക്ക് |
| 5 | 28/666 | അഞ്ജന | ആയുർവേദ ക്ലിനിക്ക് |
| 6 | 2/224 B-E | അജീബ് | ആയുർവേദ ക്ലിനിക്ക് |
| 7 | 28/461 | കിരൺ പ്രകാശ് | ആയുർവേദ ക്ലിനിക്ക് |
| 8 | 14/215 A | ഡോ.പത്മരാജൻ | അലോപ്പതി ക്ലിനിക്ക് |
| 9 | 17/72 AB | രാധ | അലോപ്പതി ക്ലിനിക്ക് |
| 10 | 17/442 | ഷിബുഷാസ് | ദന്തൽ ക്ലിനിക്ക് |
| 11 | 17/83 | ഡോ.അനീഷ് | ദന്തൽ ക്ലിനിക്ക് |

| | | | |
|---|---|---|---|
| 12 | 24/28 | ഡോ.ശശിധരൻ | ദന്തൽ ഹോസ്പിറ്റൽ |

## 1-14-2 ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഹാജരാക്കിയില്ല

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ രജിസ്റ്ററിൽ 2019-20 വർഷത്തെ സ്ഥാപനങ്ങളുടെ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം 2019-20 വർഷം 79 സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ 47 സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകൾ മാത്രമാണ് പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ട ആദ്യ 50 സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്നവയുടെ രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | അപേക്ഷ തീയതി |
|---|---|---|---|
| 1 | 1/254 | ഡോ.സൗമ്യ | 15.02.2019 |
| 2 | 17/260 | ഡോ.സായ്റാം | 22.02.2019 |
| 3 | 28/372 | റോബി ജോർജ്ജ് | 22.02.2019 |
| 4 | 1/140/r | ഹാരിസ് ഷെരീഫ് | 28.02.2019 |
| 5 | 28/649 | ജിംഷാദ് | 07.03.2019 |
| 6 | 28/326 | ഡോ.ബിന്ദു അജയകുമാർ | 07.03.2019 |
| 7 | 14/30 | ദാര രാജ് | 12.03.2019 |
| 8 | 23/223/2 | കൃഷ്ണ ബാഹുലേയൻ | 13.03.2019 |
| 9 | 13/174 | സുനില സുധാകരൻ | 13.03.2019 |
| 10 | 7/220 | ജിംഗ്ലി കൃഷ്ണൻ | 15.03.2019 |
| 11 | 17/336 | ഡി.ഹരി | 19.03.2019 |

## 1-14-3 ആശുപത്രി വിഭാഗത്തിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

നഗരസഭ പരിധിയിൽ ആശുപത്രി വിഭാഗത്തിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾ 2019-20 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വിലാസം |
|---|---|---|---|
| 1 | 5/233/ | Sugathan | Kumaranasan Charitable Trust |

| | | | |
|---|---|---|---|
| 2 | 14/42 -47 | Saralakumari | Pournami |
| 3 | 14/68/ | Dr. Padmarajan,Geetha | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 14/139/ | Dr. V. Nadarajan | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 14/215/ | Dr. K. B. Padmarajan, S. Geetha | Surgery Clinic And Specality Hospital |
| 6 | 14/253/2 | Shaji,Jaya | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 14/405-407 | C.R.Subhadra | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 14/409-10 | Subhadra | Varkala Nursing Home |
| 9 | 18/137/ | PRESIDENT AND SECRETARY | SREE NARAYANA MEDICAL MISSION HOSPITAL |
| 10 | 25/475/ | Shanida Shafi | Shani Nivas |
| 11 | 25/488/ | Dr.Vijayan | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 28/539/1 | Lali Sugunan | Alsa |
| 13 | 31/160/3 | M.K.Sundaran Pillai | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 31/186/ | M.K.Sundaran Pillai,Deevaki Amma | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 31/338/ | Dr.N.Sudha | Mangala Hospital |
| 16 | 32/12/ | Sulatha | Amma Veedu |
| 17 | 33/243/ | S.Subhash | Sivam |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/19.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയുടെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഖണ്ഡിക 1-14-2 പ്രകാരം ലഭ്യമാക്കാത്ത അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ

വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. നഗരസഭയിലെ ട്രേഡേഴ്സ് ലിസ്റ്റും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

## 1-15-1 സ്ഥാപന വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

നഗരസഭയിലെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലെയും സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പെടയുള്ള വിവരം കൃത്യമായി ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 31-ാമത്തെ വാർഡ് മാത്രം പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ സമീപ കെട്ടിടത്തിന്റെ നമ്പരുകൾ രേഖപ്പെടുത്തിയാണ് സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സമീപ വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 31/245 | സുരേഷ് | ഹെർബൽ മെഡിസിൻ |
| 2 | 31/270 | സജീർ | പെയിന്റിംഗ് |
| 3 | 31/113 | രാജൻ | സ്റ്റിച്ചിംഗ് വർക്ക് |
| 4 | 31/113 | വിനുകുമാർ | സ്റ്റിച്ചിംഗ് വർക്ക് |
| 5 | 31/81 | വിധുകുമാർ | ഫ്ലവർമിൽ |
| 6 | 31/76 | രാജേഷ് | പച്ചക്കറി കട |
| 7 | 31/67 | മോഹനൻ | ആട്ടോ ഇലട്രിക് |
| 8 | 31/60 | രഘു | വർക്ക്ഷോപ്പ് |
| 9 | 31/25 | വേലപ്പൻ നായർ | വർക്ക്ഷോപ്പ് |
| 10 | 31/25 | കണ്ണൻ | വർക്ക്ഷോപ്പ് |
| 11 | 31/31 | അജയഘോഷ് | ആട്ടോ ഇലക്ട്രിക് |
| 12 | 31/25 | കൃഷ്ണൻകുട്ടി | സ്പ്രേ പെയിന്റിംഗ് |

## 1-15-2 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങളും പരിശോധിക്കുന്നതിന് സംവിധാനമില്ലാത്തതിൽ മാന്വൽ രജിസ്റ്ററുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട 23, 24, 25 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 23/3/2 | മജീദ് | ചിക്കൻ സ്റ്റാൾ |
| 2 | 23/3/3 | രാജേഷ് | ഇലക്ട്രിക്കൽ ഷോപ്പ് |
| 3 | 23/17/3 | മുഹമ്മദ് റഷീദ് | റെഡിമെയ്ഡ് ഗാർമെന്റ്സ് |

| | | | |
|---|---|---|---|
| 4 | 23/20 | ഷീന | പ്ലാസ്റ്റിക് ഐറ്റം |
| 5 | 23/106 B | അബ്ദുൾ ബാസി | ബേക്കറി |
| 6 | 23/263 | ദീപ | ബുക്ക് സ്റ്റോർ |
| 7 | 24/35 | അസ്ലാം | ഷോപ്പ് |
| 8 | 24/287 A | കമാലുദ്ദീൻ | ജുവലറി |
| 9 | 24/287 C-E | മുഹമ്മദ് റാഫി | ട്രാവൽ ഏജൻസി |
| 10 | 24/433 | രേവതി | മാർജിൻ ഫ്രീ ഷോപ്പ് |
| 11 | 24/440 | മാനേജർ | ഹാൻവീവ് |
| 12 | 24/458 | ജോസ് വർഗ്ഗീസ് | ക്ലിനിക്കൽ ലാബ് |
| 13 | 25/320 | അബി | ട്രാവൽ ഏജൻസി |
| 14 | 25/403/1 | ആസഫ് അലി | സർജിക്കൽ ഐറ്റം |
| 15 | 25/405 | ഷെയ്ക്ക് അലി | ടയർ വില്പന |
| 16 | 25/431 | വിനയകുമാർ | തയ്യൽക്കട |
| 17 | 25/496 | സുരേഷ് | സ്റ്റിച്ചിംഗ് മെഷീൻ |

## 1-15-3 പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

നഗരസഭയിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിട നമ്പരുകളിലും ലൈസൻസ് നൽകിയിട്ടുണ്ട്. നഗരസഭയിലെ 25, 27, 28, 31 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ ലൈസൻസ് നൽകിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|
| 1 | 31/293 | രവീന്ദ്രനാഥൻ | പാർപ്പിടം | സുമൻ ദാസ് | ആയുർവേദ ക്ലിനിക്ക് |
| 2 | 28/62/2 | അസസ്മെന്റ് രജിസ്റ്ററിൽ ഇല്ല | | ഡോ.ഷീന | ക്ലിനിക് |
| 3 | 27/16 | കെ.ബാലചന്ദ്രൻ | പാർപ്പിടം | ഡോ.സുചിത്ര | അലോപ്പതി ആശുപത്രി |
| 4 | 27/209/- | അസസ്മെന്റ് രജിസ്റ്ററിൽ ഇല്ല | | അജിത് കുമാർ | ഇലട്രോണിക് റിപ്പയർ ഷോപ്പ് |
| 5 | 27/343 | അബിൻ | പാർപ്പിടം | സുരേഷ് കുമാർ | ബ്യൂട്ടി പാർലർ |

| | | | | | |
|---|---|---|---|---|---|
| 6 | 27/392 | ജ്യോതിസ് | പാർപ്പിടം | ശ്രീജിത്ത് കുമാർ | ആയുർവേദ ക്ലിനിക്ക് |
| 7 | 25/40 | വിനോദ് | പാർപ്പിടം | ഹാഷിം | ബേക്കറി |
| 8 | 25/198 | ത്യാഗരാജൻ | പാർപ്പിടം | റോമി | മെഡിക്കൽ സ്റ്റോർ |
| 9 | 25/411 | അസസ്മെന്റ് രജിസ്റ്ററിൽ ഇല്ല | | ജ്യോതി | ട്രാവൽ ഏജൻസി |
| 10 | 25/472 | ഷാനിദാ ഷാഫി | പാർപ്പിടം | ഷാജൻ | സ്റ്റേഷനറി |
| 11 | 25/670 | സെയ്ഫുദീൻ | പാർപ്പിടം | രാഗേന്ദു | പ്രൊവിഷൻ സ്റ്റോർ |
| 12 | 25/1084 | എൻ.മോഹൻ | പാർപ്പിടം | സിനുമോഹൻ | ദന്തൽ ക്ലിനിക് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 67/22.01.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, നഗരസഭ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്

## 1-16 ലേലനടപടികളിലെ അപാകങ്ങൾ

2019-20 വർഷത്തേയ്ക്കുള്ള ലേലവുമായി ബന്ധപ്പെട്ട് മുനിസിപ്പൽ സെക്രട്ടറിയുടെ 22.09.2019 തീയതിയിലെ ലേല വ്യവസ്ഥകൾ പ്രകാരം വിവിധ ഇനങ്ങളുടെ ലേലം അംഗീകരിച്ച് കഴിഞ്ഞാൽ ആകെ ലേലത്തുകയുടെ മൂന്നിലൊന്ന് തുക ലേലം സ്ഥിരിപ്പെടുത്തി കഴിഞ്ഞാലുടനെയും ബാക്കിയുള്ള തുക ആറ് തുല്യ ഗഡുക്കളായി 2019-20 ഏപ്രിൽ മാസം മുതൽ അതത് മാസം 10-ാം തീയതിക്ക് മുമ്പായും ഒടുക്കു വരുത്തേണ്ടതുമാണ്. തുക ഒടുക്കു വരുത്തുന്നതിന് വീഴ്ച വരുത്തിയാൽ 18% പിഴയോട് കൂടി തുക ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേലവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-16-1 ലേലതുക ഒടുക്ക് വരുത്തുന്നതിൽ കാലതാമസം - പിഴപ്പലിശ ഈടാക്കിയിട്ടില്ല

മുനിസിപ്പൽ സെക്രട്ടറിയുടെ 22.09.2019 തീയതിയിലെ ലേല വ്യവസ്ഥകൾ പ്രകാരം ലേല തുക ഒടുക്കു വരുത്തുന്നതിന് വീഴ്ച വരുത്തിയാൽ 18% പിഴയോട് കൂടി തുക ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി തുക ഒടുക്ക് വരുത്താത്ത വ്യക്തികളിൽ നിന്നും പിഴത്തുക ഈടാക്കിയിട്ടില്ല. പിഴ ഒടുക്കാത്ത വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

A)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| പാപനാശം പാർക്കിംഗ് | അമാൻ, റജീന മൻസിൽ | 23.02.2019 |

| ആകെ ലേല തുക | ഗഡു നമ്പർ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പിലിശ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | (18%) |
| 481000 | 1 | 53445 | 10.04.2019 | 15.05.2019 | 922 |

B)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| മൈതാനം കംഫർട്ട് സ്റ്റേഷൻ | മാഹീൻ,മാഹീൻ മൻസിൽ | 23.02.2019 |

| ആകെ ലേല തുക | ഗഡു നമ്പർ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പിലിശ (18%) |
|---|---|---|---|---|---|
| 62000 | 2 | 6888 | 10.05.2019 | 10.07.2019 | 207 |
| | 3 | 6888 | 10.06.2019 | 02.09.2019 | 285 |
| ആകെ | | | | | 492 |

C)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| പുന്നമൂട് മാർക്കറ്റ് , കംഫർട്ട് സ്റ്റേഷൻ | ജഹാൻ മദീന മൻസിൽ | 20.03.2019 |

| ആകെ ലേല തുക | ഗഡുക്കൾ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പിലിശ (18%) |
|---|---|---|---|---|---|
| 2202022 | 1 | 244669 | 10.04.2019 | 08.05.2019 | 3378 |
| | 2 | 244669 | 10.05.2019 | 10.06.2019 | 3740 |
| | 3 | 244669 | 10.06.2019 | 26.07.2019 | 5550 |
| | 4 | 244669 | 10.07.2019 | 03.09.2019 | 6636 |
| | 5 | 244669 | 10.08.2019 | 09.10.2019 | 7240 |
| ആകെ | | | | | 26544 |

D)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| ബസ് സ്റ്റാന്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ | ബിമൽ മിത്ര,ഉത്തരാലയം,വെന്നിക്കോട് | 20.03.2019 |

| ആകെ ലേല തുക | ഗഡുക്കൾ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പലിശ (18%) |
|---|---|---|---|---|---|
| 642000 | 1 | 71333 | 10.04.2019 | 10.05.2019 | 1055 |
| | 2 | 71333 | 10.05.2019 | 12.06.2019 | 1161 |
| | 3 | 71333 | 10.06.2019 | 16.07.2019 | 1266 |
| | 4 | 71333 | 10.07.2019 | 01.10.2019 | 2920 |
| | 5 | 71333 | 10.08.2019 | 06.11.2019 | 3096 |
| ആകെ | | | | | 9498 |

E)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| രഘുനാഥപുരം ഡ്രൈവിംഗ് സ്കൂൾ | സി.സന്തോഷ്, സൗപർണ്ണിക,മുട്ടപ്പലം | 27.03.2019 |

| ആകെ ലേല തുക | ഗഡുക്കൾ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പലിശ (18%) |
|---|---|---|---|---|---|
| 230000 | 1 | 25556 | 10.04.2019 | 20.05.2019 | 504 |
| | 2 | 25556 | 10.05.2019 | 16.10.2019 | 2004 |
| | 3 | 25556 | 10.06.2019 | 16.10.2019 | 1614 |
| | 4 | 25556 | 10.07.2019 | 07.01.2020 | 2281 |
| | 5 | 25556 | 10.08.2019 | 10.02.2020 | 2319 |
| ആകെ | | | | | 8722 |

F)

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി |
|---|---|---|
| പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് | അജികുമാർ ,തനിമ പ്രിന്റിംഗ് സൊല്യൂഷൻ | 23.02.2019 |

| ആകെ ലേല തുക | ഗഡുക്കൾ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി | ഒടുക്കേണ്ട പിഴപ്പലിശ (18%) |
|---|---|---|---|---|---|
| 232700 | 1 | 25856 | 10.04.2019 | 20.06.2019 | 905 |
| | 2 | 25856 | 10.05.2019 | 06.02.2020 | 3468 |
| | 3 | 25856 | 10.06.2019 | 06.02.2020 | 3073 |
| | 4 | 25856 | 10.07.2019 | 16.03.2020 | 3188 |
| | 5 | 25856 | 10.08.2019 | 06.11.2020 | 5789 |
| ആകെ | | | | | 16423 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 31/17.01.2022 ന് ലഭിച്ച മറുപടിയിൽ പിഴപ്പലിശ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേല വ്യവസ്ഥ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കാത്തത് നഗരസഭയുടെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. പിഴത്തുക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പിഴപ്പലിശ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-2 വ്യവസ്ഥകൾ പാലിക്കാതെ സ്ലോട്ടർ ഹൗസ് ലേലത്തിന് അംഗീകാരം നൽകി

മുനിസിപ്പൽ സെക്രട്ടറിയുടെ 22.09.2019 തീയതിയിലെ ലേല വ്യവസ്ഥകൾ പ്രകാരം വിവിധ ഇനങ്ങളുടെ ലേലം അംഗീകരിച്ച് കഴിഞ്ഞാൽ ആകെ ലേലത്തുകയുടെ മൂന്നിലൊന്ന് തുക ലേലം സ്ഥിരിപ്പെടുത്തി കഴിഞ്ഞാലുടനെ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ലേലം സ്ഥിരപ്പെടുത്തി നൽകിയപ്പോൾ ലേലത്തുകയുടെ മൂന്നിലൊന്ന് തുക ഈടാക്കിയിട്ടില്ല. കൂടാതെ ആറ് തുല്യ ഗഡുക്കൾ 2019-20 ഏപ്രിൽ മാസം മുതൽ അതത് മാസം 10-ാം തീയതിക്ക് മുമ്പായി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയപ്പോൾ പിഴപ്പലിശ ഈടാക്കിയിട്ടില്ല. ലേല തുകയുടെ ബാക്കി തുകയായി 163912/- രൂപ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ല.

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി | ആകെ ലേലത്തുക | ഒടുക്കേണ്ട മൂന്നിലൊന്ന് തുക | ഒടുക്കിയ തുക |
|---|---|---|---|---|---|
| സ്ലോട്ടർ ഹൗസ് | നസറുള്ള, അബ്ബാസ് മൻസിൽ | 23.02.2019 | 274000 | 91333 | 49198 |

| ഗഡുക്കൾ | ഒടുക്കേണ്ട തുക | ഒടുക്കേണ്ട അവസാന തീയതി | ഒടുക്കിയ തീയതി |
|---|---|---|---|
| 1 | 30445 | 10.04.2019 | 19.08.2019 |
| 2 | 30445 | 10.05.2019 | 06.02.2020 |
| 3 | 30445 | 10.06.2019 | ഈടാക്കിയിട്ടില്ല |
| 4 | 30445 | 10.07.2019 | ഈടാക്കിയിട്ടില്ല |
| 5 | 30445 | 10.08.2019 | ഈടാക്കിയിട്ടില്ല |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 34/17.01.2022 ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി ലേലം അംഗീകരിച്ചതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ലേലം നടപ്പാക്കുമ്പോൾ ലേല വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതും കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16-3 ലേല ഇനങ്ങളുടെ കുടിശ്ശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന ലേല ഇനങ്ങളുടെ കുടിശ്ശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി | ആകെ ലേലത്തുക | ഒടുക്കിയ തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | സ്ലോട്ടർ ഹൗസ് | നസറുള്ള, അബ്ബാസ് മൻസിൽ | 23.02.2019 | 274000 | 162409 | 111591 |
| 2 | വാവുകട മാർക്കറ്റ് | റാഷിദ് , വയലിൽ വീട് | 23.02.2019 | 60500 | 25424 | 35076 |
| 3 | പാപനാശം ടോയ്ലറ്റ് | ഗോപാലകൃഷ്ണൻ, വർക്കല ടൂറിസം ഡവ.അസോ | 27.03.2019 | 10000 | 3333 | 6667 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 34/17.01.2022 ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-4 പേ ആന്റ് പാർക്ക് ലേലം - ആദായ നികുതി ഒടുക്ക് വരുത്തിയില്ല

2019-20 വർഷത്തേയ്ക്കുള്ള ലേലവുമായി ബന്ധപ്പെട്ട് മുനിസിപ്പൽ സെക്രട്ടറിയുടെ 22.09.2019 തീയതിയിലെ ലേല വ്യവസ്ഥ ക്രമ നം.31 പ്രകാരം, പേ ആന്റ് പാർക്ക് ലേലം കൊള്ളുന്ന കുത്തകക്കാരൻ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 206(സി) പ്രകാരം ലേലത്തുക യുടെ 4% ഇൻകം ടാക്സ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ലേലങ്ങൾ കൊണ്ട

കരാറുകാർ ഇൻകം ടാക്സ് നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ലേല തീയതി | ലേലത്തുക | ഒടുക്കേണ്ട ആദായ നികുതി(4%) |
|---|---|---|---|---|---|
| 1 | പാപനാശം പാർക്കിംഗ് | അമാൻ, റജീന മൻസിൽ | 23.02.2019 | 481000/- | 19240/- |
| 2 | ബസ് സ്റ്റാന്റ് പാർക്കിംഗ് , ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ | ബിമൽ മിത്ര, ഉത്തരാലയം,വെന്നിക്കോട് | 20.03.2019 | 642000/- | 25680/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 50/20.01.2022 ന് ലഭിച്ച മറുപടിയിൽ ആദായ നികുതി ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആദായ നികുതി ഈടാക്കത്തത് നഗരസഭയുടെ ഭാഗത്തെ വീഴ്ചയാണ്. തുക ഈടാക്കാത്തതിനാൽ സർക്കാരിന് 44920/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വാടക ഈടാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല

A)ബങ്കുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

നഗരസഭ കൗൺസിലിന്റെ 25/07/2018 ലെ 19-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ വിവിധ കാരണങ്ങളാൽ പൂട്ടിയെടുത്തതും ഉപയോഗ ശൂന്യവുമായിരുന്ന ബങ്കുകൾ സ്വന്തം ചെലവിൽ റിപ്പയർ ചെയ്തെടുക്കണമെന്ന വ്യവസ്ഥയോടുകൂടി 05.11.2018 ൽ ലേലം ചെയ്ത താഴെപ്പറയുന്ന ബങ്കുകളിൽ നിന്നും 2019-20 വർഷം വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിടം | പേര്, വിലാസം | വാടക കുടിശ്ശിക |
|---|---|---|---|
| 1 | ബങ്ക് നം.3 | പ്രകാശ്, കോട്ടയത്ത് വീട്, ശിവഗിരി | 1000x12=12000 |
| 2 | ബങ്ക് നം.14 | ബിന്ദു,കോട്ടയത്ത് വീട്, ശിവഗിരി | 1000x12=12000 |
| 3 | ബങ്ക് നം.19 | സോജകുമാർ,പുത്തൻവിള വീട്, മുണ്ടയിൽ | 1000x12=12000 |
| 4 | ബങ്ക് നം.30 | അനിൽ കുമാർ, ശ്രീ വർഷ, മുണ്ടയിൽ | 1000x12=12000 |
| 5 | ബങ്ക് നം.36 | തുളസ്, ആർ.ടി വില്ല, പുല്ലാനിക്കോട് | 1000x12=12000 |
| 6 | ബങ്ക് നം.41 | ബേബി, ഏറത്ത് വീട്, പുല്ലാനിക്കോട് | 1000x12=12000 |
| 7 | ബങ്ക് നം.34 | കെ.എസ്.ആർ.ടി.സി | രേഖപ്പെടുത്തിയിട്ടില്ല |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/15.01.2022 ന് ലഭിച്ച മറുപടിയിൽ ബസ് സ്റ്റാന്റിൽ പൊതുജനങ്ങൾ എത്താത്തതിനാൽ ബസ് സ്റ്റാന്റിന് സമീപം സ്ഥിതി ചെയ്തിരുന്ന ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള ബങ്കുകൾ ഏറ്റെടുത്ത ലേലക്കാർ അവ തുറന്ന് പ്രവർത്തിപ്പിക്കുകയോ ബങ്കുകളിൽ ഉപയോഗ ശൂന്യമായവ റിപ്പയർ ചെയ്ത് എടുക്കുകയോ ചെയ്തിട്ടില്ല എന്നും ആയതിനാൽ വാടക തുക ഈടാക്കിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ വാടക ഡിമാന്റ് ചെയ്യാത്ത ക്രമ നമ്പർ 7 പ്രകാരമുള്ള ബങ്കിൽ നിന്നും വാടക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലേലക്കാർ ബങ്കുകളുടെ വാടക ഒടുക്കാത്ത സാഹചര്യത്തിൽ നഗരസഭ ലേലം റദ്ദ് ചെയ്യുകയോ പുനർലേലം നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ബങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. 2019-20 വർഷത്തെ വാടക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ബങ്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

B)മാവേലി സ്റ്റോറിന്റെ വാടക പൂർണമായും ഈടാക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറിന്റെ 2019-20 വർഷത്തെ പ്രതിമാസ വാടക 2431/- രൂപയായിരുന്നു. എന്നാൽ 2019 ഏപ്രിൽ മുതൽ 2020 ഫെബ്രുവരി വരെ മാസവാടക മുൻവർഷത്തെ മാസവാടകയായ 2314/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/18.01.2022 ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 നിരോധിത പ്ലാസ്റ്റിക് ഉപയോഗം -അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 എ, ബി 567-ാം വകുപ്പിന്റെ 29, 33, 34 എന്നീ ഉപവകുപ്പുകൾ പ്രകാരവും 2016-ലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ 6(4), 8(3), 15 എന്നീ ചട്ടങ്ങൾ പ്രകാരവും നഗരസഭയിൽ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. മേൽ ബൈലോകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നഗരസഭ പരിധിയിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ചതിനാൽ വിവിധ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതിന്മേൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-18-1 നിരോധിത പ്ലാസ്റ്റിക് ഉപയോഗം - പിഴത്തുക ഒടുക്കുവരുത്തിയിട്ടില്ല

പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ച നഗരസഭ ബൈലോയ്ക്ക് വിരുദ്ധമായി, നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിനാൽ പിഴ ഒടുക്കുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുകയോ ഇതിൻമേൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സ്ഥാപനങ്ങൾക്ക് ചുമത്തിയ പിഴത്തുകയുടെ വിവരം രജിസ്റ്ററിലും നോട്ടീസിലും രേഖപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വിശദാംശം |
|---|---|---|---|---|
| 1 | 06.06.2019 | കെ.എം മാർട്ട് | സാംസമദ് | 567 ഗ്രാം പ്ലാസ്റ്റിക് |
| 2 | 16.10.2019 | സി.റ്റി.എൻ വെജിറ്റബിൾ | തങ്കപ്പൻ | വിശദാംശം ഇല്ല |
| 3 | 12.07.2018 | നേച്ചർ സൂപ്പർമാർക്കറ്റ് | ബാബു | 620ഗ്രാം പ്ലാസ്റ്റിക് |
| 4 | 04.06.2018 | ഹോട്ടൽ ദ്വാരക | ജയകുമാർ | 2 കി.ഗ്രാം പ്ലാസ്റ്റിക് |
| 5 | 04.06.2018 | ബാബൂസ് റസ്റ്റോറന്റ് | തിലകൻ | 300ഗ്രാം പ്ലാസ്റ്റിക് |
| 6 | 24.07.2018 | അശോക സ്റ്റോർ | ശ്രീകുമാർ | 5.031 കി.ഗ്രാം പ്ലാസ്റ്റിക് |

## 1-18-2 പ്ലാസ്റ്റിക് ഉപയോഗം- മാനദണ്ഡങ്ങൾ പാലിക്കാതെ പിഴ ഒഴിവാക്കി നൽകി

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിനാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കെതിരെ ചുമത്തിയിരുന്ന പിഴത്തുക ഒഴിവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | തീയതി | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വിശദാംശം |
|---|---|---|---|---|
| 1 | 13.02.2020 | ശ്രീലക്ഷ്മി സ്റ്റോർ | സുബ്രമണ്യം | പ്ലാസ്റ്റിക് ബാഗ് |
| 2 | 28.02.2020 | റീനാ ബേക്കറി | രതീഷ് | 2കി.ഗ്രാം പ്ലാസ്റ്റിക് |
| 3 | 28.02.2020 | കേക്ക് പാർക്ക് | അനിൽകുമാർ | 2 കി.ഗ്രാം പ്ലാസ്റ്റിക് |
| 3 | 28.02.2020 | സുപ്രഭാതം | പാണ്ഡുരംഗൻ | 2.5 കി.ഗ്രാം പ്ലാസ്റ്റിക് |
| 4 | 13.02.2020 | ഗ്രാന്റ് ബേക്കറി | ചെല്ലപ്പൻപിള്ള | 6 കി.ഗ്രാം പ്ലാസ്റ്റിക് |
| 5 | 13.02.2020 | ഹെയ്ൽ മാൾ | സുൽഫി | 2.2 കി.ഗ്രാം പ്ലാസ്റ്റിക് |
| 6 | 13.02.2020 | അശോക | ഹണി അശോക് | 160 കി.ഗ്രാം പ്ലാസ്റ്റിക് |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.48/19.01.2022 ന് ലഭിച്ച മറുപടിയിൽ ഖണ്ഡിക നം.1-18-1 പ്രകാരമുള്ള തുകകൾ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലെന്നും ഖണ്ഡിക നം.1-18-2 പ്രകാരമുള്ള തുകകൾ വ്യാപാര വ്യവസായ ഏകോപന സമിതിയുടെ ശുപാർശ പ്രകാരം ഒഴിവാക്കിയെന്നും എന്നാൽ ഫയലിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. 1996 ലെ കേരള മുനിസിപ്പാലിറ്റി കുറ്റങ്ങൾ രാജിയാക്കൽ ചട്ടങ്ങൾക്ക് വിരുദ്ധമായി നടപടികൾ പാലിക്കാതെ പിഴത്തുക ഒഴിവാക്കി നൽകിയത് നഗരസഭയുടെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. ആയതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. മേൽ ഖണ്ഡികകൾ പ്രകാരമുള്ള വ്യക്തികളിൽ നിന്നും തുകകൾ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 മരങ്ങൾ മുറിച്ച് മാറ്റൽ - ലേല വ്യവസ്ഥകൾ പാലിച്ചില്ല

നഗരസഭ ബസ്സ്റ്റാന്റിൽ നിന്നും മുറിച്ച മാറ്റിയ 3 തെങ്ങുകളും ഒരു പ്ലാവും ഒരു തേക്കും 15.05.2019 ൽ ലേലം ചെയ്യുകയുണ്ടായി. ലേലത്തിൽ 5 പേർ പങ്കെടുക്കുകയും ഏറ്റവും ഉയർന്ന തുകയായ 68100/- രൂപ ലേലം വിളിച്ച ശ്രീ. മുരളി, അമ്പാടി, കല്ലാംകോണം എന്ന വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി അംഗീകരിച്ച നൽകുകയും ചെയ്തു. എന്നാൽ ലേലത്തുക ഒടുക്കാൻ കഴിയാത്തതിനാൽ ലേലത്തിൽ നിന്നും പിൻവാങ്ങുകയാണന്ന് അറിയിച്ചുകൊണ്ട് ശ്രീ. മുരളി നഗരസഭയിൽ കത്ത് നൽകുകയും ലേലം റദ്ദ് ചെയ്തുകൊണ്ട് പുനർലേലം നടത്തുകയും ചെയ്തിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)റവന്യൂ ഇൻസ്പെക്ടറുടെ 26.08.2019 ലെ റിപ്പോർട്ടിൽ ശ്രീ. മുരളി മാത്രമാണ് 15.05.2019 തീയതിയിലെ ലേലത്തിൽ പങ്കെടുത്തതെന്നും ആയതിനാൽ ഇ.എം.ഡി.തുക തിരികെ നൽകാമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റവന്യൂ ഇൻസ്പെക്ടറുടെ 17.05.2019 തീയതിയിലെ റിപ്പോർട്ട് പ്രകാരവും ലേല ഡയറി പ്രകാരവും ഇ.എം.ഡി ഒടുക്കിയ 5 പേർ പ്രസ്തുത തീയതിയിൽ ലേലത്തിൽ പങ്കെടുത്തിട്ടുണ്ട്.

2)ശ്രീ. മുരളി നഗരസഭയിൽ സമർപ്പിച്ച അപേക്ഷ പ്രകാരമാണ് 15.05.2019 തീയതിയിലെ ലേലം റദ്ദ ചെയ്ത് പുനർലേലം നടത്തിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വ്യക്തിക്ക് ഇ.എം.ഡി തുകയായ 5000/- രൂപ തിരികെ നൽകിയിട്ടുണ്ട്.(വൗച്ചർ നം.58 ചെക്ക് നം.694134/20.08.2019). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 36/17.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ അധ്യക്ഷയുടെ നിർദ്ദേശ പ്രകാരമാണ് ലേലം റദ്ദ ചെയ്തതെന്നും പുനർ ലേലം നടത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ലേല വ്യവസ്ഥ പാലിക്കാത്ത കരാറുകാരന്റെ ഇ.എം.ഡി തുക നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് പകരം ലേലത്തിൽ ഒരാൾ മാത്രമാണ് പങ്കെടുത്തത് എന്ന തെറ്റായ റിപ്പോർട്ട് നൽകി ഇ.എം.ഡി തുക തിരികെ നൽകിയത് നഗരസഭയുടെ ഭാഗത്തെ വീഴ്ചയാണ്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലേല വ്യവസ്ഥകൾ കർശനമായും പാലിച്ച് ലേലങ്ങൾ നടപ്പാക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്/ വിലാസം |
|---|---|---|
| 1 | ഡി-സോൺസ് കംപ്യൂട്ടേഴ്സ് | നസിം,എസ്.വില്ല, ചിലക്കൂർ |
| 2 | ബി.എസ്.എസ്.ഐ.റ്റി.കോളേജ് | ഷൈൻകുമാർ,ഗംഗാലയം, ആറ്റിങ്ങൽ |
| 3 | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് | രഹന ,ജന്നത്ത്, നരിക്കല്ല് |
| 4 | ജി.ടെക് എജ്യൂക്കേഷൻ | ലക്ഷ്മി റ്റി.ജി, രേവതി, വർക്കല |
| 5 | എസ്.ഐ.പി അബാക്കസ് | പ്രീത നിഷാദ്, ഉഷാര, തച്ചോട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/17.01.2022ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയുടെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ വീഴ്ച

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിയിൽ 1000 വളർത്തുനായകൾ ഉള്ളതായും 900 വളർത്തുനായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 240 നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 54/20.01.2022ന് ലഭ്യമാക്കിയ മറുപടിയിൽ 08.08.2021 ലെ ആർ.സി3/241/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വളർത്തു നായകൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-22 ടെണ്ടർ ഫോറം വില നഗരസഭയിൽ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു

മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2019-20 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) ഒടുക്കു വരുത്തുന്നത് വർക്കല നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ്(നമ്പർ 67348453685). ആയതിന്റെ വിശദാംശങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/12.01.2022) ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഇനത്തിൽ 6,00,000/- രൂപ 14.09.2020ൽ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. തുടർന്ന് ഇതുവരെയും തുക ഒടുക്കു വരുത്തിയിട്ടില്ല. 1.12.2021 ൽ പ്രസ്തുത ഇനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 197061/- രൂപ ബാലൻസ് നിലനിൽക്കുന്നു. പ്രസ്തുത തുക

നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഒടുക്ക വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കരാർ ചമയ്ക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല – നഗരസഭയ്ക്ക് 21,401/ രൂപയുടെ നഷ്ടം

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയതായും കാണുന്നില്ല.

(A)

| | |
|---|---|
| പ്രോജക്ട് | കല്ലുവിളാകം ഓടയം മുക്ക് റോഡ് റീടാറിംഗ് (284/20) |
| അടങ്കൽ തുക | 734000/- |
| ചെലവ് തുക | 492426/- |
| ബിൽ നമ്പർ | 29/ 17.08.19 തുക 484000/-<br>30/17.08.19 തുക 8426/- |
| കരാറുകാരൻ | ശ്രീ. സി.പ്രകാശ്. |
| സെലക്ഷൻ നോട്ടീസ് തീയതി | 26.11.2018 |
| കരാർ നമ്പർ, തീയതി | 30/AE/P/18-19 തീയതി 20.12.18 |
| PAC | 499285/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 4,993/- |

(B)

| | |
|---|---|
| പ്രോജക്ട് | പുല്ലാന്നിക്കൊട് എസ്.എൻ.ഡി.പി. വയലിൽ റോഡ് റീടാറിംഗ് (210/20) |
| അടങ്കൽ തുക (2019-20) | 693799/- |

| | |
|---|---|
| ചെലവ് തുക | 543464/- |
| ബിൽ നമ്പർ | 5/10.05.19 തുക 356083/-<br>33/10.05.19 തുക 187381/- |
| കരാറുകാരൻ | ശ്രീ. ഗോവിന്ദരാജ് സെൻ |
| സെലക്ഷൻ നോട്ടീസ് തീയതി | 25.10.2018 |
| കരാർ നം. തീയതി | 23/AE/P/18-19 തീ.07.12.18 |
| PAC | 7,24,076/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 7,240/- |

(C)

| | |
|---|---|
| പ്രോജക്ട് | കുടക്കുന്നിൽ ക്ഷേത്രം റോഡ് കോൺക്രീറ്റ് (210/20) |
| അടങ്കൽ തുക (2019-20) | 250000/-(2019-20) |
| ചെലവ് തുക | 244573/- (2019-20) |
| ബിൽ നമ്പർ | 34/.5.09.19 തുക 244573/- |
| കരാറുകാരൻ | ശ്രീ. ഗോവിന്ദരാജ് സെൻ |
| സെലക്ഷൻ നോട്ടീസ് തീയതി | 25.10.2018 |
| കരാർ നം. | 24/AE/P/18-19 തീ.07.12.18 |
| PAC | 9,16,845 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 9,168/- |

മേൽ പ്രവൃത്തികളിൽ കരാർ ചമയ്ക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക്(നമ്പർ 49/20.01.2022, 56/20.01.2022, 65/21.01.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കരാറുകാർക്ക് പി.എ.സി.യുടെ 1% പിഴ ഈടാക്കാൻ 25.01.2022 ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക (21401/-രൂപ) കരാറുകാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്താത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-24 പിഴ തുക ഒടുക്കുവരുത്തിയില്ല - നഗരസഭാ ഫണ്ടിന് 50319/- രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന വിവിധ പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും പിഴ കണക്കാക്കി ബില്ലുകളിലും എം.ബുക്കുകളിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്ലാൻ ഫണ്ടിൽ നിന്നും തുക മാറി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. പ്രസ്തുത ഇനത്തിൽ നഗരസഭയ്ക്ക് 50319/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | പ്രവൃത്തി മൂല്യം | ഫണ്ടിനം | ബിൽ നം. / തീയതി<br>തുക | എം. ബുക്ക് | പിഴ തുക |
|---|---|---|---|---|---|---|---|---|---|
| 1 | 277/20 | പൊയ്ക സ്കൂളിൽ കിണർ നിർമ്മാണം | 6,30,000 | 4,29,256 | 4,32,270 | ധന. അവാർഡ് | 43/19-20 തീയതി 06.11.19 | 3/19-20<br>10/19-20 | 6029 |
| 2 | 274/20 | പുത്തൻചന്ത ചുമടുതാങ്ങി റോഡിൽ നിന്നും പഴഞ്ഞി ക്ഷേത്രത്തി ലേയ്ക്കുള്ള റോഡ് കോൺക്രീറ്റ് | 6,0000<br>(2019-20) | 38,125<br>(2019-20) | 1,42,763 | ധന. അവാർഡ് | 71/19-20 തീ. 30.03.20 | 43/18-19 | 4638 |
| 3 | 231/20 | ഒലിപ്പുവിള ബ്രാഞ്ച് റോഡ് റീടാറിംഗും പാർശ്വ ഭിത്തി നിർമ്മാണവും | 12,93,000 | 10,77,252 | 11,61,194 | മെയിന്റനൻസ് ഫണ്ട് റോഡ് | 2/19-20 തീയതി 08.05.19 | 57/18-19 | 12930 |
| 4 | 267/20 | 31ാം വാർഡിലെ നഴ്സറി കെട്ടിടത്തിൽ അറ്റകുറ്റപ്പണി | 11,37,000 | 4,73,170 | 4,77,950 | മെയി. ഫണ്ട് റോഡ് | 25/19-20 തീയതി16.08.19 1,17,598<br>40/19-20 തീയതി 26.10.19- 3,55,572 | 5/19-20 | 4780 |
| 5 | 214/20 | ആയുർവേദ ജംഗ്ഷൻ ട്രഷറി റോഡ് ശ്രീകൃഷ്ണ അക്കാഡമി | 11,00,000 | 10,31,006 | 10,42,006 | മെയി. ഫണ്ട് റോഡ് | 9/19-20 തീയതി 10.05.19 384941<br>41/19-20 തീ. | 72/19-20 | 11000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ലളിതാസ് പ്രസ് റോഡ് റീടാറിംഗ് | | | | | 25.10.19 – 6,46,065 | | |
| 6 | 215/20 | കോട്ടക്കൽ ആര്യ വൈദ്യശാല കനാൽ റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ | 9,00,000 | 8,60,010 | 8,69,010 | മെയി. ഫണ്ട് റോഡ് | 6/19-20 തീ. 10.05.19 – 6,12,872<br>45/19-20 തീ. 21.01.20 2,47,138 | 70/18-19 | 9000 |
| 7 | 236/20 | കോട്ടയത്ത് മാടൻ റോഡ് കോൺക്രീറ്റ് ചെയ്ത് സൈഡ് വാൾ നിർമ്മാണം | 2,11,000 | 1,92,238 | 1,94,180 | ധന. അവാർഡ് | 20/19-20 6.6.19<br>1,192,238 | 36/19-19 | 1942 |

## 1-25 സ്കൂളുകളിൽ കമ്പ്യൂട്ടർ സർവീസിംഗും മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും- സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 222/20 |
| പ്രോജക്ട് പേര് | വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ സർവീസിംഗും മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും |
| അടങ്കൽ | 100000 (MG NR) |
| ചെലവ് | 55,326 ബിൽ നം. 5/30.4.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, കുരയ്ക്കണ്ണി |

മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ സർവീസിംഗിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തയ്യാറാക്കിയ പ്രോജക്ടാണിത്. 18.3.2016 ലെ സ.ഉ (സാധാ)1278/2016/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും കമ്പ്യൂട്ടർ സർവീസിംഗും ആനുവൽ മെയിന്റനൻസും നടത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം സ്വകാര്യ വ്യക്തിയെ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി ഏൽപ്പിച്ചിരിക്കുന്നത്. മൂന്നു വ്യക്തികളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ചിട്ടുണ്ടെങ്കിലും താരതമ്യ പട്ടിക തയ്യാറാക്കി ക്വട്ടേഷൻ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നൽകിയ അജീഷ്. വി.എസ്, വി.എസ് ഇലക്ട്രോണിക്സ് എന്നയാളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/19.1.22) ലഭ്യമാക്കിയ മറുപടിയിൽ, ഇങ്ങനെ ഒരു ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടില്ലായെന്നും കരാർ പത്രം ഒപ്പിട്ട് നൽകിയിട്ടുണ്ടെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാനും കരാർ ഒപ്പ് വയ്ക്കുമ്പോൾ, കരാർ പത്രത്തിൽ മുഴുവൻ വ്യവസ്ഥകളും ചേർത്തതിന് ശേഷം നിർവഹണ ഉദ്യോഗസ്ഥനും പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തിയും ഒപ്പ് വയ്ക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം - ചെലവ് തുക 11500 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 220/20 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം |
| അടങ്കൽ | 11500 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 11500<br>ബിൽ നമ്പർ 6/30.4.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, കുരയ്ക്കണ്ണി |

മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ 6 സ്കൂളുകളിലായി ആകെ 58 ക്ലാസുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. 3.10.2017 ലെ സ.ഉ (സാധാ)3190/2017/തസ്വഭവ ഉത്തരവ് പ്രകാരം യോഗ പരിശീലകർക്കുള്ള പ്രതിദിന ഓണറേറിയം 400 രൂപ ക്രമത്തിൽ പരമാവധി പ്രതിമാസം 12000 രൂപയാണ്. എന്നാൽ 58 ക്ലാസുകൾക്ക് 11500 രൂപയാണ് നൽകിയിട്ടുള്ളത്.

പരിശീലകയെ തെരഞ്ഞെടുത്ത നടപടികൾ വിശദീകരിക്കുന്നതിനും മേൽ ഉത്തരവ് പ്രകാരമുള്ള യോഗ്യതയുള്ള പരിശീലകയെയാണോ തെരഞ്ഞെടുത്തത് എന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/18.1.2022) ലഭ്യമാക്കിയ മറുപടിയിൽ പത്രപ്പരസ്യം നൽകി ഇന്റർവ്യൂ നടത്തിയാണ് പരിശീലകയെ തെരഞ്ഞെടുത്തതെന്നും സർക്കാരിന്റെ അംഗീകൃത സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് തെരഞ്ഞെടുത്തതെന്നും ആകെ 23 ദിവസത്തെ പ്രതിഫലമായി 11500 രൂപയാണ് (പ്രതിദിനം 500 രൂപ നിരക്കിൽ) നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, പരിശീലകയുടെ യോഗ്യതയും തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദേശത്തിലും അധികം നിരക്കിൽ വേതനം നൽകിയതിനാലും പരിശീലകയുടെ യോഗ്യതയും തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകളും പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 പ്രീ പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - ടെണ്ടർ രേഖകൾ ലഭ്യമാക്കിയിട്ടില്ല – 2,49,750 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/20 |
| പ്രോജക്ടിന്റെ പേര് | പ്രീ പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 2,50,000 (MG NR) |
| ചെലവ് | 2,49,750<br>ബിൽ നമ്പർ 17/27.12.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, കുരയ്ക്കണ്ണി |

കായികരംഗത്ത് അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം F&F Amusement Ride Industries എന്ന സ്ഥാപനത്തിൽ നിന്ന് 249750 രൂപ (ബിൽ നം. 25/തീയതിയില്ല – 138750 രൂപ, ബിൽ നം. 26/15.11.2019 – 111000 രൂപ) ചെലവഴിച്ച് 9 Rocker Swing കളാണ് വാങ്ങിയിട്ടുള്ളത്.

ഈ സ്ഥാപനത്തിൽ നിന്ന് Rocker Swing വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഫയലിനോടൊപ്പം പരിശോധനക്ക്

ലഭ്യമാക്കിയിട്ടില്ല. Rocker Swing കൾ എവിടെയൊക്കെ സ്ഥാപിച്ചു, ആർക്കൊക്കെ കൈമാറി എന്ന വിവരവും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/18.1.2022) ലഭ്യമാക്കിയ മറുപടിയിൽ Swing കൾ കൈമാറിയ 9 സ്കൂളുകളുടെ പട്ടിക ലഭ്യമാക്കുകയും ടെണ്ടർ നടപടികൾ നടത്തിയിരുന്നു എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച രേഖകൾ മറുപടിയോടൊപ്പം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ടെണ്ടർ സംബന്ധിച്ച രേഖകളും ഉപകരണങ്ങൾ കൈമാറിയ വിവരവും ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സ്കൂൾ ഷെഡ് മെയിന്റനൻസ് - മരാമത്ത് പ്രവൃത്തിയുടെ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക 45,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/20 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ ഷെഡ് മെയിന്റനൻസ് |
| അടങ്കൽ | 50000 |
| ചെലവ് | 45000 |
| ബിൽ നമ്പർ | 29/30.3.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, കുരയ്ക്കണ്ണി |

എൽ.പി.ബി.എസ് കുരയ്ക്കണ്ണി സ്കൂളിൽ ഷെഡ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തന യോഗ്യമാക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. മരാമത്ത് പ്രവൃത്തിയുടെ ഭാഗമായുള്ള എസ്റ്റിമേറ്റ് , ക്വട്ടേഷൻ പരസ്യം ചെയ്ത രേഖകൾ, ക്വട്ടേഷൻ അംഗീകരിച്ച രേഖ, ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിയുമായി കരാർ ഒപ്പിട്ടത്, പ്രവൃത്തിയുടെ അളവ് എടുത്ത എം ബുക്ക്, കരാർ തുകയിൽ നിന്ന് നിർബന്ധ കിഴിവുകൾ നടത്തിയത് എന്നിവ അടക്കമുള്ള രേഖകൾ ഫയലിനോടൊപ്പം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/20.1.22) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും കരാർ നൽകിയിട്ടുണ്ടെന്നും മുൻസിപ്പൽ എഞ്ചിനീയർ അളവെടുത്തിട്ടുണ്ടെന്നും ബില്ലിൽ നിന്നുള്ള കിഴിവുകൾ കരാറുകാരൻ നേരിട്ട് അടക്കുകയായിരുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയോടൊപ്പം യാതൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 45,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 അഡ്വാൻസ് അടക്കം ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല

| പ്രോജക്ട് നം. | 209/20 | 147/20 | 245/20 |
|---|---|---|---|
| പേര് | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം (പട്ടികജാതി) | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പട്ടികജാതി) | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 940000 (SCP) | 4500000 (SCP) | 3237307 (SCP) |
| ചെലവ് | 610000 | 3441875 | 1757332 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിക്കുന്നതിനായി, വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 200000 രൂപ വരെ നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരവും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 150000 രൂപ വരെ നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരവും ഭാഗികമായി ധനസഹായം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പദ്ധതി | കരാർ വച്ച തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| അമ്മിണി, ചരുവിള വീട്, ശ്രീനിവാസപുരം | പഠനമുറി നിർമാണം | 30.10.18 | 170000 |
| ബേബി, ലക്ഷം വീട്, ജനാർദ്ദനപുരം | പഠനമുറി നിർമാണം | 22.11.18 | 170000 |
| രാഗിണി, ഉണ്ടുവിള വീട്, മുണ്ടയിൽ | പഠനമുറി നിർമാണം | 27.12.18 | 170000 |
| സുമ, ഈഞ്ചയിൽ പുത്തൻ വീട് | വീടുകൾ വാസയോഗ്യമാക്കൽ | കരാർ വച്ചിട്ടില്ല | 75000 |
| സുഗന്ധി, സന്ധ്യാ ഭവൻ | വീടുകൾ വാസയോഗ്യമാക്കൽ | കരാർ വച്ചിട്ടില്ല | 75000 |
| ബാലൻ, കുന്നംപുറം | വീടുകൾ വാസയോഗ്യമാക്കൽ (2018-19) | കരാർ വച്ചിട്ടില്ല | 71247 |
| സുഗതൻ, കനാൽ പുറമ്പോക്ക് | വീടുകൾ വാസയോഗ്യമാക്കൽ (2018-19) | കരാർ വച്ചിട്ടില്ല | 59464 |
| ഉഷ, എം ജി. കോളനി | വീടുകൾ വാസയോഗ്യമാക്കൽ (2018-19) | കരാർ വച്ചിട്ടില്ല | 58866 |
| ബിന്ദു കെ, ചരുവിള പുത്തൻവീട് | വീടുകൾ വാസയോഗ്യമാക്കൽ (2018-19) | കരാർ വച്ചിട്ടില്ല | 75000 |
| സുഷമ സി.കെ, ചരുവിള വീട് | വീടുകൾ വാസയോഗ്യമാക്കൽ (2018-19) | കരാർ വച്ചിട്ടില്ല | 57906 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/12.1.2022), പഠനമുറി നിർമാണം പദ്ധതിയിലെ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ബാക്കിയുള്ള തുക കൂടി മുൻകൂറായി നൽകിയാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുവെന്ന് അറിയിച്ചതായുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം, ചെലവഴിച്ച തുക പാഴായിപ്പോകുമെന്ന വസ്തുത കണക്കിലെടുത്ത്, ഇക്കാര്യത്തിൽ നഗരസഭയുടെ കൂടി ക്രിയാത്മകമായ ഇടപെടൽ വേണമെന്നത് നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തുന്നു. അല്ലാത്തപക്ഷം, മേൽ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം (പട്ടികജാതി) - വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ അവസാന ഗഡു നൽകി - 150000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 209/20 |
| അടങ്കൽ | 940000 (SCP) |

| | |
|---|---|
| ചെലവ് | 610000 |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസനഓഫീസർ |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിക്കുന്നതിനായി വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 200000 രൂപ വരെ നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ച് അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ച് ഘട്ടം ഘട്ടമായി മുഴുവൻ പണിയും പൂർത്തീകരിച്ച് മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും മൂല്യനിർണയം നടത്തി, അതിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു നൽകുന്നത്.

എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടുണ്ടെങ്കിലും വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| പേര് | നൽകിയ ധനസഹായം | അവസാന ഗഡു | ബിൽ നം.,തീയതി |
|---|---|---|---|
| ഉഷ ബി, പുതുവൽ പുത്തൻവീട് | 200000 | 30000 | 6/SR/19-20-19.2.20 |
| സിന്ധു, അജിലയം | 200000 | 30000 | 3/SR/19-20-12.7.19 |
| ഷേർളി, ശരത് ഭവൻ | 200000 | 30000 | 3/SR/19-20-12.7.19 |
| തുളസി, ചരുവിള വീട് | 200000 | 30000 | 6/SR/19-20-19.2.20 |
| സേതു, കുന്നുവിള വീട് | 200000 | 30000 | 3/SR/19-20-12.7.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/12.1.22) പണി പൂർത്തിയായതായി ഫയലിൽ എഞ്ചിനീയറിംഗ് വിഭാഗം രേഖപ്പെടുത്തിയിട്ടുണ്ടെന്നും വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്നുമാണ് അറിയിച്ചത്. വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവൃത്തിയുടെ മൂല്യം വ്യക്തമല്ലാത്ത സാഹചര്യത്തിൽ ഇവർക്ക് അവസാന ഗഡു നൽകിയത് മാർഗരേഖക്ക് വിരുദ്ധമാണ്. [14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ (ഖണ്ഡിക 7.2.14)]. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ അവസാന ഗഡു തുക (150000 രൂപ) തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. അഡ്വാൻസ് കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വക്കുന്നില്ല .

പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി അഡ്വാൻസായി 75000 രൂപയും പിന്നീട് പണി പൂർത്തിയാക്കുന്ന മുറക്ക് വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 150000 രൂപ വരെയാണ് നൽകുന്നത്. സബ്സിഡി മാർഗരേഖ ഖണ്ഡിക 6.7 ക്രമ നമ്പർ 6 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട ശേഷം അഡ്വാൻസ് നൽകാവുന്നതാണ്. എന്നാൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ചിട്ടില്ല.

2. പ്രവൃത്തിയുടെ മൂല്യ നിർണയത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല .

പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്നീ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് കൃത്യമായ മൂല്യ നിർണയം കൂടാതെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

I) മാർഗരേഖക്ക് (സബ്സിഡി മാർഗരേഖ ഖണ്ഡിക 6.7 ക്രമ നമ്പർ 6) (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി14/2/18) വിരുദ്ധമായി വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ എത്ര രൂപയുടെ പണി നടത്തി എന്ന് പരിശോധിക്കാതെ അവസാന ഗഡു നൽകിയിട്ടുണ്ട്.

Ii) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള രണ്ട് പദ്ധതികളിലും ഗുണഭോക്താക്കളുടെ വാല്വേഷൻ സർട്ടിഫിക്കറ്റിൽ കൃത്യമായ വാല്വേഷൻ രേഖപ്പെടുത്താതെ, പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഏകദേശമൂല്യമാണ് മിക്ക ഫയലിലും രേഖപ്പെടുത്തിയിട്ടുള്ളത്.

ഉദാ:-

ശ്യാമള.ഒ, പുതുവൽ പുത്തൻവീട്, നളിനി, ചരുവിള വീട്

ചില ഗുണഭോക്താക്കളുടെ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥൻ വിശദമായ വാല്യേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഉദാ:- ശകുന്തള എം.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കൃത്യമായ വാല്യേഷൻ കൂടാതെ അവസാന ഗഡു അനുവദിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ - ഗുണഭോക്താക്കൾ ഒപ്പിട്ട കരാർ പൂർണമല്ല .

പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ഒരാൾക്ക് പരമാവധി 3,00,000 രൂപ വരെ നൽകുന്നതിന് തയ്യാറാക്കിയ ഈ പദ്ധതി പ്രകാരം ആകെ 21 ഗുണഭോക്താക്കൾക്കാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുള്ളത്. സർക്കാർ ധനസഹായത്താൽ ഭൂമി വാങ്ങിയ ഗുണഭോക്താക്കൾ ഒപ്പിട്ട കരാർ പൂർണമല്ല. ഭൂമിയുടെ കൈവശം, ഉടമസ്ഥ അവകാശങ്ങളും കൈമാറ്റം സംബന്ധിച്ച നിബന്ധനകളും ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിലെ ചട്ടങ്ങൾ പാലിക്കുമെന്ന് മാത്രമേ കരാറിൽ ഉള്ളൂ. ഓഡിറ്റ് അന്വേഷണത്തിന് (14/12.1.22) മറുപടിയായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ഒപ്പിടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേ പ്രകാരമുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും വ്യക്തമായി ഉൾപ്പെടുത്തി ഭൂമി വാങ്ങിയ ഗുണഭോക്താക്കളുമായി കരാർ തയ്യാറാക്കേണ്ടതാണ്.

## 1-32 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് 2019-20 സാമ്പത്തിക വർഷത്തിൽ 4 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും ഒരു പ്രോജക്ട് പോലും നടപ്പാക്കിയിട്ടില്ല. ആയതിന്റെ കാരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 1/10.01.22) ലഭ്യമാക്കിയ മറുപടിയിൽ രണ്ട് പ്രോജക്ടുകൾക്ക് ഗുണഭോക്തൃലിസ്റ്റിൽ ഓരോ ഗുണഭോക്താവ് മാത്രമാണുണ്ടായിരുന്നതെന്നും രണ്ട് പ്രോജക്ടുകളിൽ പ്ലാൻ ഫണ്ട് ലഭ്യമില്ലാത്തതിനാലും പദ്ധതികൾ നടപ്പാക്കാനായില്ലായെന്നാണ് വിശദീകരിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിൽ വന്ന വീഴ്ച കാരണമാണ് ഇപ്രകാരം സംഭവിച്ചത്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ സ്വീകരിക്കുന്നതിൽ ജാഗ്രതക്കുറവ്

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ മുൻ അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തൽസ്ഥിതി പരിശോധിക്കുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടുകൾ സമയപരിധിക്കകം ഭരണസമിതി പരിഗണിച്ച് യഥാസമയം പ്രഥമമറുപടി ലഭ്യമാക്കിയിട്ടില്ല. പല പരാമർശങ്ങളുടെയും തുടർനടപടി തൃപ്തികരമല്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- വരവിനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി, സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് എന്നീയിനങ്ങളെ സംബന്ധിച്ച അപാകതകൾ നിലവിലും തുടരുകയാണ്. ഇവയുടെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.
- മുൻവർഷ റിപ്പോർട്ടുകളിൽ തുടർച്ചയായി പ്രതിപാദിക്കുന്ന മറ്റൊരു വിഷയമാണ് നഗരസഭ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താത്തതും, ഇതുമൂലം എല്ലാ വർഷവും ഒടുക്കി വരുന്ന വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പാക്കാത്തതും. വൌച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല എന്നുള്ള അപാകത നിലവിലും തുടരുന്നു.
- മുൻറിപ്പോർട്ടിൽ പരിഹരിക്കാൻ നിർദ്ദേശിച്ച സ്യൂട്ട് രജിസ്റ്റർ അപൂർണത സംബന്ധിച്ച അവസ്ഥയും നിലവിലും തുടരുന്നു. നിലവിലും നഗരസഭ കക്ഷിയായ പല കേസുകളുടെ വിവരങ്ങളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം -77തീയതി 24.1.2022 നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ച കാര്യങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ആശാവഹമല്ല. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന പരാമർശങ്ങൾക്ക് ന്യൂനതാ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വസ്തുനിഷ്ഠമായാണ് മറുപടികൾ തരുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-34 PMAY ലൈഫ് ഭവന പദ്ധതി - അവലോകനം

| | ഡി.പി. ആർ | ഗുണഭോക്താക്കളുടെ എണ്ണം | കരാർ വച്ചവരുടെ | ആദ്യ ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു കൈപ്പറ്റിയ | നാലാം ഗഡു | ഗഡുക്കൾ കൈപ്പറ്റിയിട്ടും |
|---|---|---|---|---|---|---|---|---|

| ഘട്ടങ്ങൾ | | എണ്ണം | കൈപ്പറ്റിയവരുടെ എണ്ണം | കൈപ്പറ്റിയവരുടെ എണ്ണം | വരുടെ എണ്ണം | കൈപ്പറ്റിയവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കാത്തവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 184 | 184 | 184 | 183 | 170 | 169 | 15 |
| 2 | 115 | 115 | 115 | 114 | 113 | 111 | 4 |
| 3 | 30 | 30 | 30 | 30 | 30 | 30 | |
| 4 | 166 | 164 | 164 | 133 | 103 | 89 | |
| ആകെ | 495 | 493 | 493 | 460 | 416 | 399 | |

ലഭ്യമായ ഫണ്ടുകളുടെ വിവരം(ലക്ഷത്തിൽ)

| ഡി പി ആർ | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഹഡ്കോ ലോൺ | ഗുണഭോക്തൃ വിഹിതം | യു എൽ ബി |
|---|---|---|---|---|---|
| 1 | 257.85 | 85.95 | 176.8 | 84.05 | 131.35 |
| 2 | 156 | 52 | 108 | 0 | 144 |
| 3 | 41.55 | 13.85 | 6 | 0 | 58.6 |
| 4 | 171.3 | 57.1 | 0 | 0 | 332 |

2017-18 ൽ ആരംഭിച്ച ഭവന നിർമ്മാണം നാളിതു വരെയായി പൂർത്തീകരിക്കാത്ത ഗുണോക്താക്കൾ ഉണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരിച്ചീടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

PMAY- രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

PMAY ഭവന പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഭവന പദ്ധതിയിലെ ഓരോ ഗുണഭോക്താവിന്റെയും വിവരങ്ങൾ ഓരോ പേജിലായി രേഖപ്പെടുത്തേണ്ടതും ഭവന നിർമ്മാണത്തിന്റെ നിലവിലെ ഘട്ടവും നൽകിയ ഗഡുക്കളുടെ വിവരവും ഇതിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇത്തരം കാര്യങ്ങൾ വ്യക്തിഗത ഫയലിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണം വിലയിരുത്തുന്നതിനും ഭാവിയിൽ ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയവരുടെ വിവരം പരിശോധിക്കുന്നതിനും ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നതു പ്രയോജനപ്പെടും.

## 1-35 എൻ.യു.എൽ.എം -അവലോകനം

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് NULM (National Urban Livelihoods Mission). കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്. 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിട്ടുണ്ട്. നഗര ദാരിദ്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ പ്രകാരം (1) അടിസ്ഥാന സൗകര്യം, (2) സാമൂഹിക ദുർബലതകൾ (3) തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ് . അവ ചുവടെ ചേർക്കുന്നു.

(1) സാമൂഹിക സംഘാടനവും സ്ഥാപനങ്ങൽ വികസിപ്പിക്കലും

(2) കാര്യശേഷി വികസനവും പരിശീലനവും

(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

(4) സ്വയം തൊഴിൽ പദ്ധതി

(5) നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്ക് സഹായ പദ്ധതികൾ

(6) നഗരങ്ങളിൽ ഭവന രഹിതകൾക്കുള്ള പാർപ്പിട പദ്ധതി

(7) നൂതന ആശയ-സവിശേഷ പദ്ധതികൾ

മേൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വർക്കല നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു മൾട്ടി ടാസ്ക് പേർസണും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിലുണ്ട്. നഗരസഭയിൽ 2019-20 വർഷം നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അയൽക്കൂട്ട രൂപീകരണം

വർക്കല നഗരസഭ സി ഡി എസിന്റെ കീഴിൽ എൻ.യു.എൽ.എം പ്രകാരം 8 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

2. എസ്.ഇ.പി ലോൺ

സ്വയം തൊഴിൽ തുടങ്ങുന്നതിലേക്കായി അപേക്ഷ സമർപ്പിച്ച 5 അയൽക്കൂട്ട അംഗങ്ങളായ വനിതകൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കി.

3. നൈപുണ്യ പരിശീലനം നൽകുക

നഗരസഭ പരിധിയിലുള്ള 22 കുട്ടികളെ വിവിധ കോഴ്സുകൾ പഠിപ്പിക്കുകയും പരിശീലനം പൂർത്തിയാക്കിയ കുട്ടികളിൽ 5 പേർക്ക് ജോലി കൊടുക്കുകയും ചെയ്തു.

4. വഴിയോരകച്ചവട സംരക്ഷണ നിയന്ത്രണ നിയമാവലി തയ്യാറാക്കി.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി നഗരസഭകളിലെ കുടുംബശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന് എല്ലാ നഗരസഭകളിലും വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.04.2019 ലെ 3101/എഫ്/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് പ്രകാരം നഗരസഭകൾക്ക് നിർദ്ദേശം നൽകിയിരുന്നു. വിപണന കേന്ദ്രം നാളിതുവരെയായി ആരംഭിച്ചിട്ടില്ല. കുടുംബശ്രീ വിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്.

2. പദ്ധതിയുടെ ഭാഗമായി നൈപുണ്യ പരിശീലനം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾ തന്നെ 70% പേർക്ക് മാസം കുറഞ്ഞത് 8000 രൂപ വേതനത്തിൽ തൊഴിൽ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

3. പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

4. നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

പദ്ധതിയുടെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|
| മുന്നിരിപ്പ് | 344909 | | |
| എൻ.യു.എൽ.എം-RO Fund (SMID) | 0 | എൻ.യു.എൽ.എം-RO Fund (SMID) | 0 |
| എൻ.യു.എൽ.എം- EST& P | 0 | എൻ.യു.എൽ.എം- EST&P | 0 |
| എസ്.ഇ.പി | 927855 | എസ്.ഇ.പി | 927855 |
| ശമ്പളം | 251326 | ശമ്പളം | 265708 |
| പലിശ | 19004 | ബാങ്ക് ചാർജസ് | 67.24 |
| | | നീക്കിയിരിപ്പ് | 349463.85 |
| ആകെ | 1543094 | | 1543094 |

## 1-36 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല

2019-20 വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കുന്ന രണ്ട് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | | റിമാർക്സ് |
|---|---|---|---|
| 1 | സ്വയം തൊഴിൽ സംരംഭം-യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ | പ്രോജക്റ്റ് നമ്പർ-34/20 അടങ്കൽ-100(വികസനഫണ്ട് പൊതുവിഭാഗം) ചെലവ്-0 | 100 രൂപ അടങ്കലായി പദ്ധതി അംഗീകാരം വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. |
| 2 | ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് പെട്ടിക്കട | പ്രോജക്റ്റ് നമ്പർ-181/20 അടങ്കൽ-5,50,000(വികസനഫണ്ട് പൊതുവിഭാഗം) ചെലവ്-0 | |

പദ്ധതികൾ നടപ്പലാക്കാത്തതിനു കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 30/15.01.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പലാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-37 വാർഡ്സഭകൾ കൃത്യമായി ചേരുന്നില്ല

വർക്കല മുനിസിപ്പാലിറ്റിയിൽ ആകെയുള്ള 33 വാർഡുകളിൽ പല വാർഡുകളിലും 2019-20 വർഷം വാർഡ് സഭ കൃത്യമായി കൂടിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ(42)എ.3 പ്രകാരം വാർഡ് സഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. 2019-20 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, വിവിധ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, 2020-21 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ദുരന്തനിവാരണ പദ്ധതി, 2020-21 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് വാർഡ് സഭകളിലെ പ്രധാന അജണ്ടകൾ.

അധികാരവികേന്ദ്രീകരണത്തിൽ വാർഡ് സഭകൾക്ക് മുനിസിപ്പാലിറ്റി ഭരണനിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെന്നിരിക്കേ, പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും മാത്രമായി വാർഡ് സഭാപ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നിർവ്വഹണഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്.

വാർഡ് സഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ വാർഡ് സഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് കൃത്യമായ മാർക്ക് നൽകി ആയത് അവരെ ബോധിപ്പിച്ച് വാർഡ് സഭ മിനുറ്റ്സ് ബുക്കിൽ മാർക്ക് സഹിതം രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. വാർഡ് സഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ വാർഡ് സഭകളിൽ ഫലവത്തായി ചർച്ച ചെയ്തും വാർഡ് സഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും വാർഡ് സഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

വാർഡ് സഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 ക്ഷീരസമൃദ്ധി - പദ്ധതി നടപ്പാക്കിയില്ല

ഡെപ്യൂട്ടി ഡയറക്ടർ - ക്ഷീര വികസനം 2019-20 സാമ്പത്തിക വർഷത്തിൽ ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) എന്ന പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/10.01.22)ലഭ്യമാക്കിയ മറുപടിയിൽ 2019-20ൽ ഡി.ഡി.ഒ.കോഡ് കിട്ടാൻ വൈകിയതുകാരണമാണ് പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാതെ വന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. 2020-21 ൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് മറുപടിയിൽ

അറിയിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം ഡി.ഡി.ഒ. കോഡ് ലഭ്യമാക്കാത്തത് കാരണം 2019-20 ൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമാണുണ്ടായത്. ഇത്തരം ന്യൂനതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-39 എസ് എസ് എ വിഹിതം നൽകൽ- പരിശോധനയ്ക്ക് ഫയൽ ഹാജരാക്കിയില്ല -10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പദ്ധതിയുടെ പേര് | പദ്ധതി വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|
| എസ് എസ് എ വിഹിതം നൽകൽ | പ്രോജക്ട് നമ്പർ-02/20<br>അടങ്കൽ-10,00,000/- (വികസനഫണ്ട്- പൊതുവിഭാഗം)<br>ചെലവ്-10,00,000/-<br>ബിൽ നമ്പർ-01/19-20- | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| നിർവ്വഹണം | സെക്രട്ടറി | |

ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 52/20.1.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റിന് ഫയൽ ഹാജരാക്കാത്തതിനാൽ എസ്.എസ്.എ വിഹിതം നൽകൽ (02/20) പദ്ധതിയുടെ ചെലവ് 10,00,000/- രൂപ തടസ്സം ചെയ്യുന്നു. ഫയൽ പരിശോധനയ്ക്കായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി നൽകിയ തുകയുടെ വ്യക്തമായ വിനിയോഗ വിവരങ്ങളില്ല – 1500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SO) |
| പ്രോജക്ട് നമ്പർ | SO219/20 |
| അടങ്കൽ തുക | 15,00,000/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 15,00,000/- |
| ബിൽ നമ്പർ | 01/04.06.2019 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

നഗരസഭ പ്രദേശത്ത് കുടിവെള്ളം കിട്ടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കാൻ ലക്ഷ്യമിട്ട് 2018-19 ൽ അംഗീകാരം വാങ്ങിയ പ്രോജക്ട്.

26.02.2019ലെ PW3/14483/18 -ാം നമ്പർ കത്ത് പ്രകാരം വിവിധ വാർഡുകളിലെ (ഉദാഹരണം 2, 3, 5, 16, 12) വിവിധ റോഡുകളിലും (ഉദാഹരണം കുഴിവിള റോഡ്, മറുതാപ്പര റോഡ്) 9, 18, 19, 20, 27, 28 എന്നീ വർഡുകളിലെ അങ്കണവാടികളിലും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് 12.02.2019ലെ നഗരസഭ കൗൺസിലിന്റെ 12-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുള്ളതിനാൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുവേണ്ടി എസ്റ്റിമേറ്റ് നൽകാൻ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. കത്ത് നമ്പർ DB1-650/19/WSDN/ATLതീയതി 25.03.2019 പ്രകാരം വിവിധ വാർഡുകളിൽ പൈപ്പിടുന്നതിനും 2, 4, 6, 12, 41 അങ്കണവാടികളിൽ വാട്ടർ കണക്ഷനുമായി 32,01,000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. ഇതിനെ തുടർന്ന് 15,00,000/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറി. 15ലക്ഷം രൂപ മാത്രം കൊണ്ട് പണി ആരംഭിക്കാൻ സാധിക്കുകയില്ലെന്നും ബാക്കി തുക എത്രയും വേഗം ഡെപ്പോസിറ്റ് ചെയ്യണമെന്നും അറിയിച്ചുകൊണ്ട് ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് ലഭ്യമാക്കി. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| Deposit Amount | 14,78,162<br>(Deposied Through RTS On 21.06.2019) |
| Work Done Amount Including Cost Of Materials | 9,07,357/- |
| 10% Centage Charge | 90735.70 |
| Total | 9,98,092.70<br>SAY 9,98,093/- |
| Balance | 4,80,069/- |

എ) സർക്കുലർ നമ്പർ ഡി.എ.1/881/2018/തസ്വഭവ തീയതി 28.12.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും പ്രോജക്ട് നിർവ്വഹണവും തുകയുടെ ഉപയോഗവും തദ്ദേശ സ്വയംഭരണ സ്ഥാപനം മോണിറ്റർ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, വിശദമായ എസ്റ്റിമേറ്റ് , സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ പ്രോജക്ടിനൊപ്പം സമർപ്പിച്ചിട്ടില്ല.

ബി) 9,98,093/- രൂപ വിനിയോഗിച്ച് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി) വിനിയോഗ സാക്ഷ്യപത്രത്തിൽ 14,78,162/- രൂപ ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ നം. 01/04.06.2019 പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുക 15,00,000/- രൂപയാണ്. ഇപ്രകാരം വ്യത്യാസമുണ്ടായത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 51/20.01.2022ന്റെ മറുപടി).

വ്യക്തമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 15,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ജൈവ സമൃദ്ധി - 32760 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ജൈവ സമൃദ്ധി (നെൽകൃഷി) | |
| പ്രോജക്ട് നമ്പർ | S0035/20 | |
| അടങ്കൽ | വികസന ഫണ്ട് | 492280 |
| | ഗുണഭോക്തൃ വിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 239500 |
| | ആകെ | 731780 |
| ചെലവ് തുക | 459520 | |
| ബിൽ നമ്പർ | 01/30.09.2019 തുക 426760<br>08/28.12.2019 തുക 32760 | |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ | |

കരുന്നിലക്കോട് - പുല്ലാന്നികോട് പാടശേഖരസമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കിയ പ്രോജക്ട്.

ബിൽ നമ്പർ 01 പ്രകാരം പിൻവലിച്ച 426760 രൂപയുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വിതരണം ചെയ്ത ഏജൻസി | തുക |
|---|---|---|---|
| I | നെൽവിത്ത് (780 കിലോഗ്രാം) | Kerala State Seed Development Authoriy തൃശ്ശൂർ | 32760 |
| Ii | മണ്ണിര കമ്പോസ്റ്റ്, കുമ്മായം, രാസവളങ്ങൾ (7 ഹെക്ടറിനാവശ്യമായത്) | കെയിക്കോ (375032.42 രൂപയുടെ ബിൽ) | 275000 |
| Iii | കൂലിച്ചെലവ് | - | 119000 |
| ആകെ | | | 426760 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കൂലിച്ചെലവ് 14 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. നെൽവിത്തും വളങ്ങളും 14 കർഷകർക്ക് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ് മെന്റ് (പാടശേഖരസമിതി സെക്രട്ടറി ഒപ്പിട്ടത്) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, കൂലിച്ചെലവ് സംബന്ധിച്ച വൌച്ചർ, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൂലിച്ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 62/21.01.2022 ).

2) പ്രോജക്ട് പ്രൊഫോമ ക്രമ നമ്പർ 28ൽ ഒരു വർഷം രണ്ട് സീസണിൽ സബ്സിഡി നൽകാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമ നമ്പർ 36, ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെന്റിൽ ഏപ്രിൽ 2019 മുതൽ സെപ്റ്റംബർ 2019 വരെ നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള ഒറ്റ വിളയുടെ ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കൃഷി ഓഫീസറുടെ ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം 780 കിലോഗ്രാം നെൽവിത്ത് KSSDAയിൽ നിന്ന് വാങ്ങിയത് 990/15.10.2019 -ാം നമ്പർ ഇൻവോയിസ് പ്രകാരമാണ്. എന്നാൽ പ്രസ്തുത ഇൻവോയിസ് ബില്ലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഇൻവോയിസ് (നമ്പർ990) രേഖപ്പെടുത്തി ബിൽ നമ്പർ 08 പ്രകാരം 32760 രൂപ KSSDAക്ക് കൈമാറിയിട്ടുണ്ട്. 990/15.10.2019 -ാം നമ്പർ ഇൻവോയിസ് പ്രസ്തുത ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം ഒരേ ഇൻവോയിസ് വഴി രണ്ട് ചെലവുകൾ നടത്തിയിട്ടുണ്ട്. മാത്രവുമല്ല, 08-ാം നമ്പർ ബിൽ പ്രകാരം വാങ്ങിയ 780 കിലോഗ്രാം നെൽ വിത്ത് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. രണ്ട് വിളകൾക്കായി രണ്ട് പ്രാവശ്യം നെൽ വിത്ത് വാങ്ങിയെന്നും ഒരു ഇൻവോയിസ് നഷ്ടമായെന്നും രണ്ടാം വിളയ്ക്കായുള്ള നെൽവിത്തിന്റെ വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. കൂടാതെ, പ്രോജക്ടിൽ ഒറ്റ വിളയുടെ ചെലവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാത്രവുമല്ല, രണ്ടാംവിളയ്ക്ക് വളവും കൂലിച്ചലവും നല്കിയിട്ടുമില്ല.

പ്രസ്തുത സാഹചര്യത്തിൽ, രണ്ടാമത് നെൽവിത്തിനായി ചെലവഴിച്ച 32760 രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും രണ്ടാംവിള നെൽകൃഷി നടപ്പായിയെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയാകുന്നതായിരിക്കും.

## 1-42 കൃഷി മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - തുടർനിരീക്ഷണം അനിവാര്യം

കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുറ്റിമുല്ല കൃഷി 2019-20 |

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | SO038/20 | |
| അടങ്കൽ | വികസന ഫണ്ട് | 400950 |
| | ഗുണഭോക്തൃ വിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 133650 |
| | ആകെ | 534600 |
| ചെലവ് തുക | 400950 | |
| ബിൽ നം. | 04/06.01.2020 തുക 200475<br>06/06.01.2020 തുക 200475 | |

കെയിക്കോയിൽ നിന്ന് 550 യൂണിറ്റ് കുറ്റിമുല്ലയും ജൈവ വളവും വാങ്ങി വിതരണം ചെയ്തു.

ബി)

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | സമഗ്ര വാഴകൃഷി 2019-20 | |
| പ്രോജക്റ്റ് നമ്പർ | SO037/20 | |
| അടങ്കൽ | വികസന ഫണ്ട് | 665000 |
| | ഗുണഭോക്തൃ വിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 222500 |
| | ആകെ | 887500 |
| ചെലവ് തുക | 665000 | |
| ബിൽ നമ്പർ | 03/06.01.2020 തുക 332500<br>05/06.01.2020 തുക 332500 | |

കെയിക്കോയിൽ നിന്ന് വാഴക്കന്ന്, വേപ്പിൻ പിണ്ണാക്ക് എന്നിവ 500 യൂണിറ്റ് വിതരണം ചെയ്തു.

സി)

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | പച്ചക്കറി കൃഷി വികസനം 2019-20 | |
| പ്രോജക്റ്റ് നമ്പർ | SO036/20 | |
| അടങ്കൽ | വികസന ഫണ്ട് | 767250 |
| | ഗുണഭോക്തൃ വിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 173250 |
| | ആകെ | 940500 |
| ചെലവ് തുക | 767250 | |
| ബിൽ നമ്പർ | 02/06.01.2020 തുക 383625<br>07/06.01.2020 തുക 353625 | |

ഹൈബ്രിഡ് പച്ചക്കറി തൈകൾ, മണ്ണിര കമ്പോസ്റ്റ്, കുമ്മായം എന്നിവ 825 യൂണിറ്റ് വിതരണം ചെയ്തു.

1)പ്രസ്തുത പ്രോജക്റ്റുകളിലൊന്നും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

2)പച്ചക്കറി കൃഷി, വാഴകൃഷി എന്നിവയിൽ ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല.

3) എല്ലാ പ്രോജക്ടുകളിലും ലഭ്യമാക്കിയ അപേക്ഷകൾ അപൂർണമാണ്. ഭൂരിഭാഗം അപേക്ഷകളിലും കൃഷി ചെയ്യുന്ന സ്ഥല വിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. കൃഷി സ്ഥലം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

4)കെയിക്കോയിൽ നിന്ന് വളം വാങ്ങുമ്പോൾ സബ്സിഡി കഴിച്ചുള്ള തുക ഒടുക്ക് വരുത്തിയതിന്റെ വിശദാംശം ലഭ്യമല്ല. ഉദാഹരണമായി, കുറ്റിമുല്ലകൃഷി പ്രോജക്ടിൽ ബിൽ നമ്പർ 04 പ്രകാരം കെയിക്കോയുടെ 354/01.10.2019 -ാം നമ്പർ ഇൻവോയിസ് പ്രകാരം

കുറ്റിമുല്ല 5500 എണ്ണം 15 രൂപ നിരക്കിൽ 82500

ജൈവ വളം 7392 കിലോഗ്രാം 23.81 രൂപ നിരക്കിൽ 176003.52 + GST 8800 = 184803.52

ആകെ 200475 രൂപ

സബ്സിഡി തുകയായ 200475/- കഴിഞ്ഞുള്ള 66829/- രൂപ കെയിക്കോക്ക് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതിനാണ് വകയിരുത്തിയിട്ടുള്ളത്.

മോണിറ്ററിംഗ് നടത്തിയതിന്റെയും ഉല്പാദന വർദ്ധനവുണ്ടായതിന്റെയും റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും കോവിഡ് കാലമായതിനാലാണ് അപേക്ഷകൾ പൂർണമാകാതിരുന്നതെന്നും ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചതിന്റെ സ്റ്റേറ്റ്മെന്റ് കെയിക്കോയിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 64/21.01.2022ന്റെ മറുപടി).

വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-43 ദുരിതാശ്വാസ നിധി - ധനസഹായ പ്രവർത്തനങ്ങൾ നടത്തുന്നില്ല

2003ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും മുനിസിപ്പൽ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ മുനിസിപ്പാലിറ്റിക്കും ഒരു പ്രമേയം മൂലം, മുനിസിപ്പാലിറ്റിയുടെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്.

മുനിസിപ്പാലിറ്റി ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചത് 14.05.2021ലാണ്. ഇന്ത്യൻ ബാങ്ക് അക്കൌണ്ട് നമ്പർ 7020278654. പ്രസ്തുത അക്കൌണ്ടിൽ നാളിതുവരെ 32420 രൂപ പലിശയുൾപ്പെടെ ലഭിച്ചിട്ടുള്ളതായും നാളിതുവരെ ചെലവൊന്നും ചെയ്തിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 81/ 24.01.2022ന്റെ മറുപടി). ദുരിതാശ്വാസ നിധിയെക്കുറിച്ച് പൊതുജനങ്ങൾക്ക് വ്യക്തമായ അറിയിപ്പുകൾ നൽകി, അർഹരായവരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ധനസഹായം ലഭ്യമാക്കാനുള്ള നടപടികളുണ്ടാകണം.

## 1-44 പെരുംകുളം നവീകരണ പ്രവൃത്തിയിലെ അപാകങ്ങൾ – 6,04,515 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പെരുംകുളം നവീകരണം |
| പ്രോജക്ട് നമ്പർ | S0239/20 |
| അടങ്കൽ തുക | 2000000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| 2019-20 വർഷത്തെ ചെലവ് തുക | 604515 |
| ബിൽ നമ്പർ | 03/04.06.2019 |
| എം ബുക്ക് നമ്പർ | 60/18-19 |

| | |
|---|---|
| കരാറുകാരൻ | അജയകുമാർ.ഡി<br>(1942671.21) |
| ഭരണാനുമതി | 15/15-05.2017 |
| സാങ്കേതികാനുമതി | 102930/18-19 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

നഗരസഭ പ്രദേശത്തെ പൊതുകുളങ്ങളുടെ സംരക്ഷണാർത്ഥം പെരുംകുളം നവീകരിക്കു ന്നതിനും പ്രസ്തുത കുളത്തിന്റെ ചുറ്റം കൈവരി കെട്ടുന്നതിനും പടവുകൾ നിർമ്മിക്കുന്നതിനും കുളത്തിന് ചുറ്റം നടപ്പാത നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ട് 2017-18 ൽ അംഗീകാരം വാങ്ങിയ പ്രോജക്ട് (SO053/18). പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സാങ്കേതികാനുമതി പത്രം പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് 4മാസമാണ്. 05.03.2019ൽ കരാർ വച്ച് (നമ്പർ 47/AEE/P/18-19) സ്ഥലം കൈമാറിയ പ്രവൃത്തിയുടെ വർക്ക് ഓർഡർ പ്രകാരം 31.03.2019നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കുഴിച്ചെടുക്കുന്ന മണ്ണ് ക്രമാതീതമായി കൂടിയതുകൊണ്ട് ജോലിക്ക് തടസമാകുന്നെന്ന് കാരാറുകാരൻ 25.03.2019ൽ കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ 2020-21വർഷമാണ് നല്കിയിട്ടുള്ളത്.

എ) കുഴിച്ചെടുക്കുന്ന മണ്ണുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികൾ മുൻകൂട്ടി നിശ്ചയിച്ചില്ല.

ബി) പ്രവൃത്തി പൂർത്തീകരണത്തിന്റെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

3) 6-ാം ഇനമായ Solid Block Masonary Using Pre Cast Solid Blocks Of Size 30x20x15cmഒഴിവാക്കി 3അധിക ഇനങ്ങൾ (E1- Laterite Masonary With Neatly Dressed Laterite Stone Of Size 40x20x15cm... , E2 – RR With Departmental Stone... , E3 – Pointing On Stone Work With Cement Mortar 1:3...) ഉൾപ്പെടുത്തി റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള കാരണം വ്യക്തമല്ല.

4)മൈനിംഗ് & ജിയോളജി വകുപ്പിന്റെ 34/19-20/1201/ഡി.ഒ.റ്റി/എംഎൽ/2019 തീയതി 08.05.2019-ാം നമ്പർ ഉത്തരവ് പ്രകാരം പെരുംകുളം നവീകരണത്തിന്റെ ഭാഗമായി ഡ്രഡ്ജ് ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന ചെളി (Ordinary Clay) നീക്കം ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ കുളത്തിന്റെ കരയിൽ ഡ്രഡ്ജ് ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന ഏകദേശം 1700 ക്യൂബിക് മീറ്റർ ചെളി നീക്കം ചെയ്യാനുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി 13.05.2019 മുതൽ 23.05.2019വരെ കാലാവധിയോടെ 213 മിനറൽ ട്രാൻസിറ്റ് പാസ് അനുവദിച്ച് നൽകി ഉത്തരവായി. പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

എ) ഓരോ ലോഡ് ധാതു നീക്കം ചെയ്യുന്നതിനും ഓരോ പാസ് ഉപയോഗിക്കേണ്ടതാണ്. പാസ് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് പൂരിപ്പിക്കേണ്ടതാണ്. പാസിൽ തീയതിയും സമയവും അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്.

ബി)ധാതു നീക്കം ചെയ്യുന്നത് സംബന്ധിച്ച രജിസ്റ്റർ ടി സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.

സി)ധാതു നീക്കം ചെയ്യുന്നത് പ്രവൃത്തി ദിവസങ്ങളിൽ പകൽ സമയത്ത് മാത്രം നടത്തേണ്ടതാണ്.

പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ / രേഖകൾ (പാസ്, രജിസ്റ്റർ മുതലായവ) പരിശോധനയ്ക്കു ലഭ്യമാക്കിയില്ല.

5)ഫയൽ നമ്പർ PW1-8278/19 ലെ റിപ്പോർട്ട് പ്രകാരം പ്രവൃത്തിയുടെ ഭാഗമായി എടുത്ത 1700 M3 മണ്ണിന്റെ ഡിപ്പാർട്ട്മെന്റ് നിരക്കിലുള്ള മതിപ്പ് വില 70323 രൂപയായിരുന്നെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് 04.04.2019ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച നാല് ക്വട്ടേഷനുകളിൽ $M^3$ന് 151 രൂപ നിരക്കിൽ 256700 രൂപ ക്വാട്ട് ചെയ്ത ബിനു.യു. എന്നയാളിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ജി.എസ്.ടി ഉൾപ്പെടെ 287504 രൂപ നഗരസഭ ഫണ്ടിൽ ഒടുക്കി കാരറിൽ ഏർപ്പെടുകയും ചെയ്തു.

PW1-5596/19 നമ്പർ ഫയൽ പ്രകാരം 1 മുതൽ 110 വരെയുള്ള പാസുകൾ പ്രകാരം 1700 M3 മണ്ണ് നീക്കം ചെയ്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് കരാറുകാരനെ അറിയിച്ചിട്ടുണ്ട്.

എ) മണ്ണ് നീക്കം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബി) മണ്ണ് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് കരാറുകാരൻ ഫയൽ ചെയ്ത കേസിന്റെ നിലവിലത്തെ അവസ്ഥ വിശദാമാക്കിയില്ല.

സി)എം.ബുക്ക് പേജ് നമ്പർ 2 പ്രകാരം ഇനം 3 – Earth Work Excavation By Mehanical Means / Manual Means Over Areas Including Disposal Of Excavated Earth – 3406.8 M3ന് 175/m3 നിരക്കിൽ 596190 രൂപ നൽകിയിട്ടുണ്ട്.

കുഴിച്ചെടുത്ത മണ്ണിന്റെയും (3406.8m3) നീക്കം ചെയ്ത മണ്ണിന്റെയും ( 1700 M3) അളവിലെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

6)മുനിസിപ്പൽ ചെയർപേഴ്സന്റെ 05.03.2019ലെ കത്ത് പ്രകാരം നിലവിലെ കുളത്തിന്റെ വശങ്ങളിലും മറ്റും സ്ഥാപിച്ചിരുന്നതും ഇളകി വീണ് കിടക്കുന്നതുമായ വെട്ടുകല്ലുകൾ പുതിയ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതിന് കരാറുകാരന് അനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ടിട്ടുണ്ട്.

എക്സ്ട്രാ ഇനമായി Laterite Stone Masonary With Neatly Dressed Laterie Stone Of Size 40x20x15cm - 60.15 M3ന് 2245.27 രൂപ നിരക്കിൽ 135052.99 രൂപ രണ്ടാം പാർട്ട് ബില്ലിൽ നൽകിയിട്ടുണ്ട്.

കുളത്തിന്റെ വശങ്ങളിൽ കിടന്ന വെട്ടുകല്ലുകൾ ഉപയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

7)എം- ബുക്ക് പേജ് നമ്പർ 15ലെ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം 3- EWE By Mechanical / Manual Means Completed Vide LF Book No. 6/18-19 Used For Recording Initial & Final Levels-

Final Quantity 7281.00 M3

Previous Bill Quantity 3406.80 M3

3874.20 M3

Certificate

Certified That The Excavated From The Pond Has Been Used For Filling The Various Sites Of Varkala Municipality Namely Park In Ward 30, Sides Of Pond For Pack, Slaughter House, Plant Etc As Per Council Resolution.

എം- ബുക്ക് പേജ് നമ്പർ 18ൽ പ്രസ്തുത ഇനത്തിൽ 3874.20 M3 എന്ന അളവ് Deffered എന്ന് കാണിച്ചിട്ടുണ്ട്.

ഇപ്രകാരം മണ്ണ് Fill ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല.

8) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം(തുക, ബിൽ നമ്പർ, തീയതി) ലഭ്യമാക്കിയിട്ടില്ല.



9)ഫൈനൽ ബിൽ 2020-21വർഷം നല്കിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ സ്ഥലപരിശോധനയിൽ (25.01.2022ൽ നടത്തിയത്), കുളത്തിന്റെ വടക്ക് ഭാഗത്ത് ഏകദേശം 3 മീറ്ററോളം പൊളിഞ്ഞുകിടക്കുന്നു.

പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/21.01.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ, 2019-20 വർഷത്തെ ചെലവ് തുകയായ 604515 രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-45 രാമന്തളി ഇടതുകര ചെറിയ ഓട സ്ലാബ് നിർമ്മാണം - സ്ഥാപിച്ച സ്ലാബുകൾ ഇളക്കി മാറ്റിയ നിലയിൽ – 4,00,928 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | രാമന്തളി ഇടതുകര ചെറിയ ഓട സ്ലാബ് നിർമ്മാണം - വാർഡ്-19(SO) |
| പ്രോജക്ട് നമ്പർ | SO240/20 |
| അടങ്കൽ തുക | 410000 |

| | |
|---|---|
| | (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 400928 |
| ബിൽ നമ്പർ | 02/04.06.2019 |
| എം ബുക്ക് നമ്പർ | 54/18-19 |
| കരാറുകാരൻ | ബി. ഗോവിന്ദ് രാജ് സെൻ<br>(408000) |
| ഭരണാനുമതി | 08/23.08.2016 |
| സാങ്കേതികാനുമതി | 46747/2016-17 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

364.5 മീറ്റർ നീളത്തിലും 60 സെ.മീറ്റർ വീതിയിലും നിലവിലുള്ള ഓടയ്ക്ക് 12 സെ. മീറ്റർ കനത്തിൽ സ്ലാബ് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് 2016-17 ൽ അംഗീകാരം വാങ്ങിയ പ്രോജക്ട് (SO192/17). പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സെലക്ഷൻ നോട്ടീസ് (നമ്പർ 192/AEE/LSGD/VKL/17-18 തീയതി 03.07.2017) പ്രകാരം 17.07.2017നകം കരാർ വയ്ക്കേണ്ടതായിരുന്നുവെങ്കിലും 20.07.2017നാണ് കരാർ (നമ്പർ 07/AEE/P/17-18) കരാർ വച്ചത്. എന്നാൽ, കാലതാമസത്തിന് പിഴ ഈടാക്കിയില്ല.

2)സാങ്കേതികാനുമതി പത്രം പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 4 മാസമാണ്. വർക്ക് ഓർഡർ (നമ്പർ PW/1-11851/16 തീയതി 20.07.2017) പ്രകാരം 18.10.2017 നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നുണ്ട്. പ്രവൃത്തി സ്ഥലം കൈമാറിയത് 20.07.2017നാണ്. പ്രവൃത്തി പൂർത്തീകരിക്കാഞ്ഞതിന് വിശദീകരണമാവശ്യപ്പെട്ട്, 13.12.2017ന് കരാറുകാരന് കത്തയച്ചതിന് അസുഖം കാരണമായി വിശദീകരിച്ചിട്ടുണ്ട്. കാലയളവ് നീട്ടിനല്കിയതായി കാണുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശിത പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതെന്നെന്ന് വ്യക്തമല്ല. ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 21.01.2019ലാണ്. പ്രവൃത്തി മൂല്യമായ 405028 രൂപയിൽ നിന്ന് 1% (4100 രൂപ) മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. പ്രസ്തുത പിഴ തുക മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല.

പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 70/24.01.2022) മറുപടി ലഭ്യമാക്കിയില്ല.



25.01.2022ൽ നടത്തിയ സ്ഥല പരിശോധനയിൽ, 4,00,928 രൂപ ചെലവഴിച്ച പ്രസ്തുത പ്രവൃത്തിക്കായി നിർമ്മിച്ച സ്ലാബുകളെല്ലാം ഇളക്കി മാറ്റി ഓടയുടെ സമീപത്തായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. മുനിസിപ്പാലിറ്റിയുടെ നിർമ്മിതിയാണെന്നതിന് യാതൊരു അടയാളവുമില്ലാത്ത പ്രസ്തുത സ്ലാബുകൾ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്.

സ്ലാബുകൾ ഇളക്കി മാറ്റിയതിന് വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 87/25.01.2022).

അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 4,00,928 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം - മുൻകൂറായി നല്കിയ 4,07,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | 'വിവിധ സ്ഥലങ്ങളിൽ തുമ്പൂർ മൊഴി സ്ഥാപിക്കൽ' | |
| പ്രോജക്റ്റ് നമ്പർ | SO310/20 | |
| | അടങ്കൽ | ചെലവ് |
| ധനകാര്യ കമ്മീഷൻ അവാർഡ് | 800000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2400000 | 407200 |
| ആകെ | 3200000 | 407200 |
| ഫയൽ നമ്പർ | PW1-12679/19 | |
| ചെക്ക് നമ്പർ | 000003/12.06.20 | |
| നിർവ്വഹണ ഏജൻസി | ഐ.ആർ.ടി.സി. | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ | |

1)പ്രോജക്റ്റ് പ്രകാരം പാപനാശം ഗസ്റ്റ് ഹൌസിന് സമീപം PWD സ്ഥലം, തിരുവമ്പാടി ഹാച്ചറിയുടെ സ്ഥലം എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. എന്നാൽ ഐ.ആർ.ടി.സിയുടെ 15.11.2019ലെ പ്രൊപ്പോസലിൽ (45,28,000 രൂപയുടെ) ജില്ലാ ആയുർവേദാശുപത്രി, കുന്നിൽ സ്ലോട്ടർ ഹൌസ് പരിസരം, താലൂക്ക് ആശുപത്രി, താലൂക്ക് ഓഫീസ്, എസ് ടേണിംഗ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയത്. ശുചിത്വ മിഷന്റെ 1619/സി12/2009/എസ്.എം. തീയതി 06.012020-ാം നമ്പർ കത്ത് പ്രകാരം കുന്നിൽ അറവുശാല കോമ്പൌണ്ട്, ജില്ല ആയുർവേദാശുപത്രി, താലൂക്ക് ആശുപത്രി, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആകെ അടങ്കൽ തുക 2036000 രൂപയായി നിശ്ചയിച്ച് സാങ്കേതികാനുമതി നല്കി. ഇപ്രകാരം വ്യത്യസ്ത സ്ഥലങ്ങളിൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കാനുണ്ടായ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2)കുന്നിൽ അറവുശാല കോമ്പൌണ്ട്, ജില്ല ആയുർവേദാശുപത്രി, താലൂക്ക് ആശുപത്രി, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഐ.ആർ.ടി.സിയുമായി 25.02.2020ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ (നമ്പർ 32/AEE/P/19-20) ഒന്നാമത്തെ നിബന്ധന പ്രകാരം, അഡ്വാൻസ് ലഭിച്ച തീയതി മുതൽ 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നുണ്ട്. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം

ചെലവ് വിശാദംശങ്ങളുൾപ്പെടെ ലഭ്യമാക്കിയില്ല.

3)മുൻകൂറായി അടങ്കൽ തുകയുടെ 20% ആയ 407200 ചെക്ക് നമ്പർ 000003 പ്രകാരം 12.06.20നാണ് നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ, 2019-20 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

4) ശുചിത്വ കേരളം അർബൻ പ്രോജക്ടിൽ 'Source Level Treatment Of Waste, Community Level' എന്നതിൽ ഉൾപ്പെട്ടാണ് പ്രസ്തുത പ്രോജക്ട് അനുവദിച്ചിട്ടുള്ളതെന്നും നഗരസഭയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ അനുവദിച്ചു നൽകിയിട്ടുള്ള ഫണ്ടിന്റെ UC നൽകുന്നതിൽ കാലതാമസം നഗരസഭയുടെ ഭാഗത്തുനിന്നുമുണ്ടായതിനാൽ പ്രോജക്ടുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതം 75% അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എ)ഇപ്രകാരം ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ബി)ശുചിത്വ മിഷൻ അനുവദിച്ചു നൽകിയിട്ടുള്ള ഫണ്ടിന്റെ UC നൽകുന്നതിൽ കാലതാമസമുണ്ടാകാനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

5)കുന്നിൽ അറവുശാല കോമ്പൌണ്ട്, ജില്ല ആയുർവേദാശുപത്രി, താലൂക്ക് ആശുപത്രി, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മുൻകൂറായി അടങ്കൽ തുകയുടെ 20% ആയ 407200 രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ, വർക്കല താലൂക്ക് ആശുപത്രിയിൽ തുമ്പൂർമൂഴി സ്ഥാപിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ഇവ സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചില്ല. തുമ്പൂർമൂഴി സംവിധാനം സ്ഥാപിച്ച സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 71/24.01.2022) മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, മുൻകൂറായി നല്കിയ 4,07,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ പൂർത്തീകരണ റിപ്പോർട്ട്, വിശദീകരണങ്ങൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-47 വാഹന പരിപാലനത്തിൽ ചട്ടങ്ങൾ പാലിക്കുന്നില്ല

നഗരസഭയുടെ അധീനതയിലുള്ള വാഹനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു(അവലംബം - വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ).

| ക്രമ നമ്പർ | വാഹനം | രജിസ്ട്രേഷൻ നമ്പർ | ഉപയോഗം |
|---|---|---|---|
| I | BOLERO JEEP | KL-16J-2727 | ജീവനക്കാർ – വിവിധ ആവശ്യങ്ങൾ |
| Ii | TOYOTA ETIOS CAR | KL-16J-5005 | ചെയർപേഴ്സൺ |
| Iii | MOTOR BIKE | KL-16K-9962 | മണിലാൽ.ആർ. - വിവിധ ആവശ്യങ്ങൾ |
| Iv | EICHER TIPPER | KL-16F-7883 | ചപ്പ് ചവറുകൾ നീക്കം ചെയ്യുന്നതിന് |
| V | SWARAJ MAZDA | KL-01Y-2113 | ലോഗ് ബുക്ക് ലഭ്യമല്ല |
| Vi | TRACTOR | KL-01T-1428 | ലോഗ് ബുക്ക് ലഭ്യമല്ല |
| Vii | VERNA 1.6 CRDI SX | KL-16X-5828 | ചെയർപേഴ്സൺ |
| Viii | DOUBLE CABIN PICKUP VAN | KL-16S-647 | ജീവനക്കാർ – വിവിധ ആവശ്യങ്ങൾ (വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല) |

2000ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ 7, 8, 9 ചട്ടങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

ചട്ടം 7 :- കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച് വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ചട്ടം 8(1) :- ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും ഇന്ധന

ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ചട്ടം 9(1) :- ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായി കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്.

1) കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ അനുസരിച്ചല്ല ഭൂരിഭാഗം വാഹനങ്ങളും പരിപാലിക്കപ്പെടുന്നത്.

എ)ഇന്ധനം ഫുൾ കപ്പാസിറ്റിയിൽ നിറയ്ക്കുന്നില്ല.

ഉദാഹരണം :- KL-16J-2727 -ാം നമ്പർ വാഹനത്തിൽ 2019-20 കാലയളവിൽ 25 മുതൽ 51 ലിറ്റർ വരെ ഇന്ധനം നിറച്ചിട്ടുണ്ട്.

ബി)KL-16F-7883, KL-16K-9962, KL-16X-5828, KL-16S-647 എന്നീ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

സി)കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ട് വിവരം രേഖപ്പെടുത്തിയിട്ടില്ല.

2)വാഹനങ്ങൾ ഉപയോഗിച്ച നടത്തുന്ന യാത്രയുടെ ആവശ്യം രേഖപ്പെടുത്തുന്നതിന് പകരം സ്ഥലങ്ങൾ മാത്രം ഉൾപ്പെടുത്തുന്നു.

ഉദാഹരണം :- KL-16J-5005, KL-16X-5828

3) KL-16F-7883, KL-16S-647 എന്നീ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 84/24.01.2022), KL-16F-7883 എന്ന വാഹനം അറ്റകുറ്റപണികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളുവെന്നും KL-16S-647 എന്ന വാഹനത്തിന്റെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4)KL-01Y-2113, KL-01T-1428 എന്നീ വാഹനങ്ങൾ ദീർഘ കാലമായി ഉപയോഗ ശൂന്യമായി വർക്ക് ഷോപ്പിലാണ്. പ്രസ്തുത വാഹനങ്ങളുടെ ലോഗ് ബുക്ക് ലഭ്യമാക്കിയില്ല.

ഇപ്രകാരം വർഷങ്ങളായി വാഹനങ്ങൾ വർക്ക് ഷോപ്പിൽ സൂക്ഷിക്കുകയും കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്താതെയിരിക്കുകയും ചെയ്യുന്നത്, പൊതുജനാവിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഉപഖണ്ഡികയായി ചേർക്കുന്നു.

## 1-47-1 കണ്ടം ചെയ്യാനായി മാത്രം വണ്ടികൾ വാങ്ങി

[ഫയൽ നമ്പർ PW1-12359/10,

PW1-12359/10(A),

PW1-12359(B)]

മുനിസിപ്പാലിറ്റിയിലെ ചവർ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനായി ചവറുകൾ നീക്കം ചെയ്യുന്നതിന് ശുചീകരണ വാഹനങ്ങൾ വാങ്ങുന്നതിനായി 2010-11 വർഷം വികസനഫണ്ട് 10,00,000 രൂപ വകയിരുത്തി പ്രോജക്റ്റിന് അംഗീകാരം വാങ്ങി (SO003/11). ഖരമാലിന്യപ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാൽ 4 ഗുഡ്സ് ഓട്ടോകൾ വാങ്ങുന്നതിന് 24.06.2010ൽ സർക്കാരിന് കത്തെഴുതിയെങ്കിലും അനുമതി ലഭ്യമാകാതെതന്നെ ചെയർമാന്റെ നിർദ്ദേശപ്രകാരം DGS&DR നിരക്ക് നിലവിലില്ലായെന്ന കാരണത്താൽ ടെന്റർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുകയ്ക്ക് 2 ഗുഡ്സ് ഓട്ടോകൾ (PIAGGIO Body Open) വാങ്ങി. ചെലവ് തുക 2,90,000 രൂപ (ഡിഡി നമ്പർ 5644220/24.07.2010).

പ്രസ്തുത വാഹനങ്ങൾ Body Rebuilt ചെയ്താലേ മാലിന്യങ്ങൾ സംഭരിക്കാൻ കഴിയൂവെന്നതിനാൽ ചെയർമാന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് രണ്ട് വാഹനങ്ങൾക്കുമായി 38,000 രൂപ ചെലവഴിച്ചു. (ചെക്ക് നമ്പർ 7795828/22.11.2010, 887881/09.02.2011). ബോഡി നിർമ്മിച്ച് ഒരുവർഷം കഴിഞ്ഞതിനുശേഷം ഉപയോഗിക്കാതെ തുരുമ്പെടുത്ത് പോകുന്ന അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുന്നതിനാൽ, റിപ്പോർട്ട് ചെയ്യാനായി PWO I, PWO II എന്നീ സെക്ഷനുകളെ ചുമതലപ്പെടുത്തിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല.

ഫയൽ നമ്പർ PW1-12359/10ൽ സിദ്ധി വിനായക എന്ന സ്ഥാപനത്തിന്റെ 14.03.2011ലെ കത്ത് പ്രകാരം, 26.07.2010ൽ വാങ്ങിയ ഓട്ടോ പിക്കപ്പുകൾക്ക് ടെസ്റ്റ് നടത്തിയിട്ടില്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, തുടർനടപടികൾ യഥാസമയം സ്വീകരിച്ചില്ല.

രജിസ്ട്രേഷൻ രേഖകളിൽ നിന്നു ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| വാഹനത്തിന്റെ നമ്പർ | നിർമ്മിച്ച കാലയളവ് | രജിസ്ട്രേഷൻ തീയതി |
|---|---|---|
| KL-16F-7598 | ജൂൺ2010 | 26.07.2010 |
| KL-16F-7599 | ജൂൺ2010 | 26.07.2010 |

[ഫയൽ നമ്പർ PW3- 12359/10 (വാല്യം II)]

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഓട്ടോ പിക്കപ്പ് വാനുകളായ KL-16-F-7598, KL-16-F-7599 എന്നീ വാഹനങ്ങൾ അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അംഗീകൃത വർക്ക് ഷോപ്പുകൾക്ക് കത്തയക്കുകയും 66663 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു. നഗരസഭ കൌൺസിലിന്റെ 2/25.07.2017-ാം നമ്പർ തീരുമാനപ്രകാരം മെയിന്റനൻസ് ചെയ്യുന്നതിലേക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക വളരെ കൂടുതലായതിനാൽ PWD മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും അനുമതി വാങ്ങി നിയമപരമായി തടസ്സങ്ങളില്ലാത്തപക്ഷം ആയത് ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു. ഇതിനെ തുടർന്ന് 21.011.2017ൽ PWD മെക്കാനിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി. 81/T/498,499 തീയതി 05.12.2017-ാം നമ്പർ കത്ത് പ്രകാരം, മുഖവില നിശ്ചയിച്ച് നൽകുന്നതിന്, Condemnation Cerificateനുവേണ്ടി Rough Cost Estimate With Spare Cost From Govt. Approved Workshop, History Details Of Vehicle In The Proforma, Copy Of RC Book എന്നിവ നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ സമർപ്പിച്ച പ്രൊഫോമയിൽ Total Kilometre Covered By The Vehicle, Yearwise Expenditure For The Last Three Years എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാഹനങ്ങളുടെ നിലവിലെ അവസ്ഥ, മേക്ക്, മോഡൽ, നിലവിലെ മാർക്കറ്റ് മൂല്യം എന്നിവ പരിഗണിച്ച് 23.03.2018ൽ ഓരോ വാഹനത്തിനും 3000 രൂപ വീതം ആകെ 6000 രൂപ മുഖവില കണക്കാക്കി Valuation Certificate PWD മെക്കാനിക്കൽ ഡിവിഷൻ ലഭ്യമാക്കുകയും 12/15.10.2018-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കൂടിയ തുക ക്വാട്ട് ചെയ്ത എം.രാജേഷ് കുമാർ എന്നായാളുടെ ക്വട്ടേഷൻ (ഓരോ വാഹനത്തിനും 5000 രൂപ വീതം ആകെ 10000 രൂപ) 2(1)/ 16.01.2019-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. രസീത് നമ്പർ 014118010111983/18.03.2019 പ്രകാരം Sale Of Scrap – 10000, CGST - 900 , SGST – 900 എന്നിങ്ങനെ ആകെ 11800 രൂപ വരവ് വന്നിട്ടുണ്ട്.

പ്രസ്തുത വാഹനങ്ങൾ പൊളിക്കുന്നതിനല്ലാതെ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്ന് 18.03.2019ൽ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ, വാഹന രജിസ്ട്രേഷൻ സൈറ്റിന്റെ പരിശോധനയിൽ, പ്രസ്തുത വാഹനങ്ങൾ നിലവിൽ മുനിസിപ്പൽ സെക്രട്ടറിയുടെ ഉടമസ്ഥതയിലാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയങ്ങളിൽ നഗരസഭ ലഭ്യമാക്കിയ വിശദീകരണം ചുവടെ ചേർക്കുംപ്രകാരമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 91/27.01.2022ന്റെ മറുപടി).

"നഗരസഭയിലെ ചവറ് നീക്കം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് വാഹനങ്ങൾ വാങ്ങിയത്. വാഹനങ്ങൾ വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായശേഷം ചവറ് ശേഖരണം നടത്തുന്ന ആവശ്യത്തിലേക്ക് ബോഡിയിൽ ചില ക്രമീകരണങ്ങൾ വരുത്തുന്നതിലേക്കായിട്ടാണ് വർക്ക് ഷോപ്പിലെത്തിച്ചിരുന്നത്. തുടർന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കഴിയാതിരുന്നതിനാലാണ് വാഹനം തിരികെ എത്തിക്കാതിരുന്നത്. വാഹനം ഉപയോഗിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് ലോഗ് ബുക്ക് ലഭ്യമാക്കാൻ കഴിയാതിരുന്നത്. വാഹനത്തിന്റെ വിശദാംശങ്ങൾ സംബന്ധിച്ച ഓഡിറ്റ് നിരിക്ഷണങ്ങൾ വസ്തുതാപരമായിട്ടുള്ളതാണ്."

യഥാസമയം ഉചിതമായ നടപടികൾ സ്വീകരിക്കാത്തതിനാൽ, പ്രസ്തുത വാഹനങ്ങൾ മുനിസിപ്പാലിറ്റിയുടെ യാതൊരു ആവശ്യവും നിറവേറ്റാൻ കഴിയാതെ വർഷങ്ങൾക്കുശേഷം ലേലം ചെയ്ത് വിൽക്കുകയാണുണ്ടായതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-48 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം.79/2017/ത.സ്വ.ഭ.വ തീയതി 03.04.2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. എന്നാൽ, നഗരസഭയിൽ ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് നടപ്പാക്കിയതുവഴി നഗരസഭയിലെ റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 97/28.01.2022ന്റെ മറുപടി). മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായ അടിസ്ഥാന വിവരങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-49 തെരുവുവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാതെ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്കുകളുടെ മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 218/20 |
| അടങ്കൽ | 6,40,793/- |
| ചെലവ് | 6,40,793/- |
| ബിൽ നം/വൗച്ചർ നം | 14/6.6.19 തുക 269291<br>42/25.10.19 തുക 281502<br>38/19.9.19 തുക 90000 |

2019-20 വർഷം അസിസ്റ്റന്റ്എഞ്ചിനീയർ നടത്തിയ മേൽ പദ്ധതിക്കായി 6,40,793/- രൂപ (ഹൈമാസ്റ്റ് ലൈറ്റ്+ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) ചെലവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിനായി ശ്രീ എം എം മണി എന്ന കരാറുകാരന് 2019-20ൽ 550793/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിനുമുമ്പ് കൌൺസിലർമാരുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന്റെ ഇൻഷ്വറൻസ് വിവരം ഫയലിൽ ലഭ്യമല്ല. തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ വാങ്ങിയതിന്റെയും കേടായ സാധനങ്ങൾ തിരികെ നൽകിയതിന്റെയും ലൈറ്റുകളുടെ എണ്ണത്തിന്റെയും വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം - 83 /24.01.2022ന് ലഭ്യമാക്കിയ മറുപടിയിൽ കൌൺസിലർമാർ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത് എന്നറിയിച്ചിട്ടുണ്ട്. കരാറുകാർ നിർവ്വഹിച്ച പ്രവൃത്തി വിലയിരുത്തിയതിനു ശേഷം മാത്രം കരാറുകാർക്ക് തുക നൽകേണ്ടതാണ്.

ലഭ്യമാക്കാനുള്ള തുകയ്ക്കായി കരാറുകാരൻ മുനിസിപ്പാലിറ്റിക്കെതിരേ നൽകിയ കേസിന്റെ നിലവിലെ അവസ്ഥ കൂടി വിശദമാക്കേണ്ടതാണ്.

## 1-50 അസിസ്റ്റന്റ് എഞ്ചിനീയർ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 സാമ്പത്തിക വർഷത്തിൽ 148 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 32 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ഇതിൽ 25 പ്രോജക്ടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. ആകെ അടങ്കൽ തുകയായ 90472002/- രൂപയിൽ 17618944/-രൂപ മാത്രമാണ് ചെലവഴിക്കാനായത് ( 19.47%)

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/10.01.2022) ലഭ്യമാക്കിയ മറുപടിയിൽ 35 പ്രവൃത്തികളുടെ ബില്ലുകൾ ക്യൂ ബില്ലിൽ ഉൾപ്പെട്ടിരുന്നുവെന്നും പ്ലാൻ ഫണ്ടിന്റെ കുറവ് മൂലം ചില ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ലായെന്നും പല സ്പിൽ ഓവർ പദ്ധതികളും സൈറ്റിലെ പരാതികൾ കാരണം തടസ്സപ്പെട്ട നിലയിലായിരുന്നുവെന്നും അറിയിച്ചു. കൂടാതെ കോവിഡ് 19 മൂലമുള്ള പ്രത്യേക സ്ഥിതി വിശേഷവും പദ്ധതി നടത്തിപ്പിനെ ബാധിച്ചു എന്നുമാണ് മറുപടി നൽകിയത്.

ഭാവിയിൽ അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ ഭൂരിഭാഗവും സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-51 റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. പദ്ധതി മാർഗരേഖ [ സ.ഉ.(കൈ)നം. 17/2018 /തസ്വഭവ. തീ. 02.02.2018] ഖണ്ഡിക 7.13(7)ൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. വർക്കല നഗരസഭയിൽ 2019-20 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചത് സംബന്ധിച്ച് രേഖകളൊന്നും തന്നെ ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/12.01.22), 2019-20 ലെ റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി റോഡ് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശപ്രകാരം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വർക്കല നഗരസഭയിൽ 2019-20ൽ പൂർത്തീകരിച്ച 25 പ്രവൃത്തികളിൽ 15 പ്രവൃത്തികൾ എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 215/20 | കോട്ടക്കൽ ആര്യ വൈദ്യശാല കനാൽ റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ |
| 2 | 214/20 | ആയുർവേദ ജംഗ്ഷൻ ട്രഷറി റോഡ് ശ്രീകൃഷ്ണ അക്കാഡമി ലളിതാസ് പ്രസ് റോഡ് റീടാറിംഗ് |
| 3 | 231/20 | ഒലിപ്പുവിള ബ്രാഞ്ച് റോഡ് റീടാറിംഗും പാർശ്വ ഭിത്തി നിർമ്മാണവും |
| 4 | 267/20 | 31ാം വാർഡിലെ നഴ്സറി കെട്ടിടത്തിൽ അറ്റകുറ്റപ്പണി |
| 5 | 261/20 | അങ്കണവാടി കെട്ടിട നിർമ്മാണവും ചുറ്റുമതിൽ നിർമ്മാണവും |
| 6 | 277/20 | പൊയ്ക സ്കൂളിൽ കിണർ നിർമ്മാണം |
| 7 | 268/20 | കല്ലുംകോണം മണ്ണെണ്ണക്കട റോഡ് റീടാറിംഗും ഓടനിർമ്മാണവും |
| 8 | 224/20 | വാവുകട മാർക്കറ്റ് നവീകരണം, ശുചിത്വ സംവിധാനം ഏർപ്പെടുത്തൽ |
| 9 | 233/20 | രഘുനാഥപുരം കൈതക്കോണം റോഡ് റീടാറിംഗും പാർശ്വ ഭിത്തി നിർമ്മാണവും |
| 10 | 237/20 | നഗരസഭാ ഓഫീസ് പെയിന്റിംഗ് |
| 11 | 238/20 | മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് ബലപ്പെടുത്തൽ |
| 12 | 211/20 | 37ാം നമ്പർ അംഗൻവാടിയുടെ അറ്റകുറ്റപ്പണികൾ |
| 13 | 213/20 | LPGS ചുമടുതാങ്ങി അറ്റകുറ്റപ്പണികൾ |
| 14 | 207/20 | കുടക്കുന്നിൽ റോഡ് കോൺക്രീറ്റ് |
| 15 | 212/20 | ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്ന |

| | | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ |
|---|---|---|

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 69/17.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ വിശദമായ സ്ഥല പരിശോധന നടത്തി തയ്യാറാക്കേണ്ടതും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-53 ഇനങ്ങളിൽ ഭൂരിഭാഗവും ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് | രഘുനാഥപുരം കൈതക്കോണം റോഡ് റീടാറിംഗും പാർശ്വഭിത്തി നിർമ്മാണവും (233/20) |
| അടങ്കൽ തുക | 12,75000/-<br>(മെയിന്റനൻസ് ഫണ്ട് - റോഡ്) |
| ചെലവ് തുക | 12,68,625/- |
| ബിൽ നമ്പർ | 4/10.05.2019 തുക 12,68,625/- |
| കരാറുകാരൻ | ശ്രീ. ഹരികൃഷ്ണൻ.റ്റി.ആർ. |
| കരാർ നമ്പർ | 76/AEE/P/17-18 Dt.17.03.2018 |
| എം ബുക്ക് നമ്പർ | 67/18-19 |
| DSR Cost Index | 50.98% |

എസ്റ്റിമേറ്റ് പ്രകാരം പ്രവ്യത്തിയുടെ ഭൂരിഭാഗം ഇനവും (84.22%) റീടാറിംഗ് പ്രവ്യത്തിക്കുള്ളതായിരുന്നു. 15.78% പ്രവ്യത്തി മാത്രമായിരുന്നു പാർശ്വഭിത്തി നിർമ്മാണത്തിനുണ്ടായിരുന്നത്. പ്രസ്തുത പ്രവ്യത്തി കരാറുകാരനായ ശ്രീ ഹരികൃഷ്ണന് 0.5% കിഴിവ് നിരക്കിൽ മാത്രം അനുവദിച്ച നൽകിയിട്ടുള്ളതാണ്.

എന്നാൽ പ്രസ്തുത പ്രവൃത്തി റിവൈസ് ചെയ്താണ് നിർവ്വഹണം നടത്തിയത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | DDR ഇനം | തുക |
|---|---|---|
| 1 | 75.5.5.B.2pb - Modified Penetration Mecadam | 21,388.41 |
| 2 | 75.5.2.1pb - Tack Coat | 43,650.00 |
| 3 | 75.5.9.1.2pb – Graded Premix Carpet | 7,24,095.00 |
| 4 | 75.5.12.A.3.2pb | 2,84,085.00 |
| 5 | 3.5.1- Earth Work Excavation | 3538.34 |
| 6 | Od- Random Rubble Dry Stone Masonry | 53,387.79 |
| 7 | Od- Stone Masonry In Cement Mortar | 1,42,318.71 |
| 8 | 12.3 – Plastering In Cement Mortar | 1,938.52 |

| | | |
|---|---|---|
| | ആകെ തുക | 12,74,401.77 |

പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ ഒന്നു മുതൽ നാല് വരെയുള്ള റീടാറിംഗ് ഇനങ്ങൾ പൂർണമായും ഒഴിവാക്കി പാർശ്വഭിത്തി നിർമ്മാണത്തിനുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി.

| ക്രമ നമ്പർ | DDR ഇനം | തുക |
|---|---|---|
| 1 | 75.5.5.B.2pb - Modified Penetration Mecadam | 0.00 |
| 2 | 75.5.2.1pb - Tack Coat | 0.00 |
| 3 | 75.5.9.1.2pb – Graded Premix Carpet | 0.00 |
| 4 | 75.5.12.A.3.2pb | 0.00 |
| 5 | 3.5.1- Earth Work Excavation | 14,278.68 |
| 6 | Od- Random Rubble Dry Stone Masonry | 9,91,691.74 |
| 7 | Od- Stone Masonry In Cement Mortar | 0.00 |
| 8 | 12.3 – Plastering In Cement Mortar | 0.00 |
| E1 | 5.9 – Centurring And Shuttering | 12061.67 |
| E2 | 5.22A.6 - Steel Reinforment For RCC Work | 1,94,182.56 |
| E3 | 5.1.3 – Cement Concrete 1: 2 : 4 | 1,69,691.76 |
| | ആകെ തുക | 13,81,906.40 |
| | Limited To Agreement Amount | 12,68,625.00 |

1. റീടാറിംഗ് ഇനങ്ങൾ പൂർണമായും ഒഴിവാക്കി പാർശ്വഭിത്തി നിർമ്മാണം മാത്രം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2.പ്രോജക്ടിന്റെ 85% ഇനത്തിൽ മാറ്റം വന്ന സാഹചര്യത്തിൽ പുതിയതായി ടെണ്ടർ ചെയ്ത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമല്ല.

3. രഘുനാഥപുരം കൈതക്കോണം റോഡ് റീടാറിംഗ് പ്രവൃത്തി തുടർന്ന് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4. റിവൈസ്ഡ് എസ്റ്റിമേറ്റ് AEE/ME യുടെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.

5. പ്രോജക്ട് റിവൈസ് ചെയ്തത് സംബന്ധിച്ച കൗൺസിൽ തീരുമാനം ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 39/18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-54 ബിറ്റുമിന്റെ വില ഒടുക്കുവരുത്തിയില്ല – നഗരസഭയ്ക്ക് 71,012/- രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് | ഒലിപ്പവിള ബ്രാഞ്ച് റോഡ് റീടാറിംഗം പാർശ്വഭിത്തി നിർമ്മാണവും (231/20) |
| അടങ്കൽ തുക | 12,93000/-(മെയിന്റനൻസ് റോഡ്) |
| ചെലവ് തുക | 10,77,252/- |
| ബിൽ നമ്പർ | 2/ 08.05.2019 തുക 10,77,252/- |
| കരാറുകാരൻ | ശ്രീ. സുഗുണാനന്ദൻ |
| കരാർ നമ്പർ | 44/AE/P/17-18 Dt.19.01.2018 |
| എം.ബുക്ക് നമ്പർ | 57/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിക്കായി നഗരസഭയിൽ നിന്നും 71,012/- രൂപയുടെ ബിറ്റുമിൻ വിതരണം ചെയ്തതായി ബിൽ, എം ബുക്ക്, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

VG 30 14 Barrel @ 4446.94 -Rs. 62,257

RS 1 Barrel @ 5604.87 - Rs.5605

Cost Of Empty Barrel -Rs.3150

ആകെ തുക Rs.71,012/-

മേൽ പ്രവൃത്തി നടപ്പാക്കുന്നതിനായി നഗരസഭയിൽ നിന്നും വിതരണം ചെയ്ത 71,012/- രൂപയുടെ ബിറ്റുമിന്റെ വില ഫൈനൽ ബിൽ മാറിയപ്പോൾ നഗരസഭാ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (72/24.01.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-55 ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ - സ്റ്റോക്കിൽ വ്യത്യാസം

നഗരസഭയിലെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ 4 പേജ് നമ്പർ 3 പ്രകാരം ബിറ്റുമിന്റെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ഇനം | അളവ് |
|---|---|
| VG 30 | 19 Barrel<br>109.7 Kg |
| RS 1 | 4Barrel<br>116.82 Kg |
| SS 1 | 3.17Kg |

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ Vol. 4 പ്രകാരം, ഭൗതിക പരിശോധന നടത്തിയതിനെ തുടർന്നുള്ള സ്റ്റോക്കിന്റെ ബാലൻസ് പേജ് നമ്പർ 5 ൽ ചുവടെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | അളവ് |
|---|---|
| VG 30 | 1 Barrel |
| RS 1 | 1 Barrel |
| SS 1 | 4 Barrel |

ഇപ്രകാരം സ്റ്റോക്കിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(94/27.01.2022) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തേണ്ടി വന്ന സാഹചര്യം, ബിറ്റുമിൻ തുടർന്നുള്ള പ്രവൃത്തികൾക്ക് വിതരണം ചെയ്യാത്തതിന്റെ കാരണം എന്നിവ വ്യക്തമല്ല. നിലവിൽ പ്രസ്തുത സ്റ്റോക്ക് നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-56 പാർട്ട് ബിൽ മാറിയ ശേഷം പദ്ധതികൾ ഉപേക്ഷിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ, CC I & പാർട്ട് ബില്ലുകൾ പ്രകാരമാണ് തുകകൾ മാറി നൽകിയത്. തുടർന്ന് ഫൈനൽ ബിൽ മാറി നൽകുകയോ 2020-21 ൽ സ്പിൽ ഓവറായി പദ്ധതികൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് | ചുമടുതാങ്ങി പഴയചന്ത റോഡ് ബൈറോഡ് തച്ചൻകോണം റോഡ് കോൺക്രീറ്റ് (230/20) |
| അടങ്കൽ തുക | 14,96,0000/- |
| ചെലവ് തുക | 2,51,168/- |

2)

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രി നിൽക്കുന്ന കെട്ടിടത്തിലെ അറ്റകുറ്റപ്പണികൾ (212/20) |
| അടങ്കൽ തുക | 8,87,140/- |
| ചെലവ് തുക | 7,77,168/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 92/27.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾ ഉപേക്ഷിച്ചതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-57 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 5,48,383/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | വർക്കല താലൂക്ക് ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (295/20) |
| അടങ്കൽ തുക | 5,48,383/- |
| ചെലവ് തുക | 5,48,383/- |
| ബിൽ നമ്പർ | 39/ 30.09.2019 |
| നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി. |

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 5,48,383/- രൂപ കെ.എസ്.ഇ.ബി. വർക്കല സെക്ഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/19.01.2021) ലഭ്യമാക്കിയ മറുപടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളതാണെന്നും എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും

അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ, 5,48,383/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-58 എം ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 10,18,832/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് | മില്ല് ചാമവിള ക്ഷേത്രം വഴി കുഴിവിളാകം പോകുന്ന റോഡ് റീടാർ & സൈഡ് കോൺക്രീറ്റ് (280/20) |
| അടങ്കൽ തുക | 10,88,000/-<br>(6,88,000 ധനകാര്യ കമ്മീഷൻ അവാർഡ്, 4,00,000/-മെയിന്റനൻസ് ഫണ്ട് റോഡ്) |
| ചെലവ് തുക | 10,18,832/-<br>(6,88,000 ധനകാര്യ കമ്മീഷൻ അവാർഡ്, 3,30,832/-മെയിന്റനൻസ് ഫണ്ട് റോഡ്) |
| ബിൽ നമ്പർ | 31/ 17.08.19 തുക 6,88,000/-<br>32/ 17.08.19 തുക 3,30,832/ |

പ്രസ്തുത പ്രോജക്റ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നെങ്കിലും പ്രവൃത്തിയുടെ എം ബുക്ക് ഹാജരാക്കിയില്ല. എം ബുക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നമ്പർ 3 , ഓഡിറ്റ് എൻക്വയറി നമ്പർ 82/24.01.2022 എന്നിവ നൽകിയിരുന്നെങ്കിലും എം ബുക്ക് ഹാജരാക്കിയിട്ടില്ല. എം ബുക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത ഫയൽ പരിശോധിക്കുവാൻ കഴിഞ്ഞില്ല. എം ബുക്കും ഫയലും ഹാജരാക്കുന്നതുവരെ, 10,18,832/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-59 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ.(കൈ)നം. 17/2018/തസ്വഭവ. തീ. 02.02.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/18.01.2022) മറുപടിയോ മറ്റ് അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല.

ഭാവിയിൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-60 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വർക്കല നഗരസഭയിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (97/28.01.2022) മറുപടിയും ലഭ്യമാക്കിയിട്ടില്ല. നഗരസഭ ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ കണക്കാക്കിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനാ വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-61 നഗരസഭ ആസ്തികൾ - അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 208(എ) പ്രകാരം എല്ലാ പൊതു ജല മാർഗ്ഗങ്ങളും നദികളുടെ തീരങ്ങളും ചെറുപുഴകളും കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ എല്ലാ നീരുറവകളും ജല സംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഭൂമിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

നിക്ഷിപ്തമാണ്.

സർക്കാരിന്റെ നിർദ്ദേശ പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നഗരസഭ വക പുഴകൾ, തോടുകൾ കനാലുകൾ, മറ്റ് ജലാശയങ്ങൾ തുടങ്ങിയവയുടെ അതിർത്തികളിൽ അനധികൃത കയ്യേറ്റം നടക്കുന്നുണ്ടെങ്കിൽ ആയത് ഒഴിപ്പിക്കുന്നതിനും ആയവയുടെ അതിർത്തികൾ റീ-സർവ്വേ നടത്തി കല്ലിട്ട് സംരക്ഷിക്കുവാനും ആവശ്യപ്പെട്ടതിൻ പ്രകാരം നഗരസഭ വക പുഴകൾ, തോടുകൾ, കനാലുകൾ മറ്റ് ജലാശയങ്ങൾ എന്നിവയുടെ അതിർത്തി കല്ലിട്ട് തിരിച്ചു നൽകുന്നതിന് റവന്യൂ അധികാരികളോട് ആവശ്യപ്പെടുന്നതിനും പരിശോധനയിൽ അത്തരം കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം ആയത് ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ കൗൺസിൽ തീരുമാനിച്ചിരുന്നു [തീരുമാനം നമ്പർ 11(1) /09.05.2019].

ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/15.01.2022) ലഭ്യമാക്കിയ മറുപടിയിൽ കൈയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർക്കും തഹസീൽദാർക്കും PW1/14399/18 തീയതി 1.06.2019 പ്രകാരം കത്ത് നൽകിയിരുന്നതായും ഇതുവരെയും മറുപടി ലഭ്യമാക്കാത്തതിനാൽ 28.01.2022 ൽ ഓർമ്മക്കുറിപ്പ് അയച്ചതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയിൽ നഗരസഭയുടെ ഏതെല്ലാം ആസ്തികളുടെ കൈയ്യേറ്റം എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് റവന്യൂ വകുപ്പിന് നൽകിയിട്ടില്ലായെന്നു കാണുന്നു. ഇതു സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-62 ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശങ്ങൽ പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ത.സ്വ.ഭ.വ.നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നഗരസഭ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം.

2) ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം.

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ രൂപികരണവും പ്രവർത്തനവും.

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ നഗരസഭയിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (86/25.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനായി വികസന സെമിനാർ 05.03.2020 മാത്രമാണ് ചേർന്നിട്ടുള്ളത്. 2019-20 ൽ ഇതു സംബന്ധിച്ച് കൂടുതൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല എന്നു കാണുന്നു. ഭാവിയിൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൽ നഗരസഭ പാലിക്കേണ്ടതാണ്.

## 1-63 അനുപൂരക പോഷകാഹാര പദ്ധതി- സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾക്ക് കൃത്യത ഇല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | SO 121/20, അനുപൂരക പോഷകാഹാര പദ്ധതി |
| വകയിരുത്തൽ | 4200000(വികസനഫണ്ട് 2100000)<br>കേന്ദ്രാവിഷ്കൃത ഫണ്ട് 2100000 |
| ചെലവ് | 3762981 |
| ബിൽ നമ്പർ | 19010747006000427644/7.8.19<br>തുക 882293/- |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 1260.875 Kg ന്യൂട്രിമിക്സ് 73.50 രൂപ നിരക്കിൽ (ജി.എസ്.ടി ഉൾപ്പെടെ) 94565/- രൂപയ്ക്ക് ന്യൂവിറ്റ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകളിൽ കൃത്യത കാണുന്നില്ല. അംഗൻവാടി വർക്കർമാരുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ന്യൂട്രിമിക്സിന്റെ അളവും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ന്യൂട്രിമിക്സിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നം. | ന്യൂട്രിമിക്സ് അളവ് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ രജിസ്റ്റർ പ്രകാരം | ന്യൂട്രിമിക്സ് അളവ് അംഗൻവാടി വർക്കറുടെ രജിസ്റ്റർ പ്രകാരം |
|---|---|---|
| 19 | 27 | 20.25 |
| 27 | 30 | 47.25 |
| 26 | 47 | 67.5 |
| 28 | 30 | 30.375 |
| 25 | 40.5 | 42 |
| 21 | 30 | 33.75 |
| 33 | 33.375 | 33.75 |

സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയപ്പോൾ ഉണ്ടായ അശ്രദ്ധ കാരണമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുമെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/12.01.2022ന്റെ മറുപടി). സപ്ലൈ ചെയ്യുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

## 1-64 ജെന്റർ റിസോഴ്സ് സെന്റർ - നിർവ്വഹണത്തിലെ അപാകതകൾ - 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

വിശദവിവരം ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-65 ടെലിഫോൺ ചാർജ്-'ലേറ്റ് ഫീസ് ' മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ഒടുക്ക് വരുത്തി

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/20 |
| പേര് | താലൂക്ക് ആശുപത്രി സ്റ്റാമ്പ് ചാർജും ടെലിഫോൺ ചാർജും |
| അടങ്കൽ | 2,00,000 (MG NR) |
| ചെലവ് | 86,837 |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, ടെലിഫോൺ ചാർജ്, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യം പരിഗണിച്ച് ഒരു നടപടി ക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതുമാണ്. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് കൈമാറേണ്ടതും വൗച്ചറുകൾ സ്ഥാപന മേധാവികൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ താലൂക്ക് ആശുപത്രിയിലെ ടെലിഫോൺ ചാർജ് അടക്കുന്നതിനും സ്റ്റാമ്പ് വാങ്ങുന്നതിനും പ്രത്യേക പ്രോജക്ട് വയ്ക്കുകയാണ് ചെയ്തത്.

കൂടാതെ, ജനവരി 2019 മുതൽ ഓഗസ്റ്റ് 2019 വരെയുള്ള 33 ടെലിഫോൺ ബില്ലുകളുടെ ആകെ ചാർജായി 46682 രൂപയും ( ബിൽ നമ്പർ 7/30.1019 ) 8000 രൂപയുടെ സ്റ്റാമ്പുകളും 24 ടെലിഫോൺ ബില്ലുകളുമായി ആകെ 40155 രൂപയും (ബിൽ നമ്പർ 22/26.3.20) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 248.36 രൂപ വിവിധ ബില്ലുകളുടെ 'ലേറ്റ് ഫീസ് ' ആണ്. 'ലേറ്റ് ഫീസ് ' അടക്കമുള്ള പിഴകൾ അതത് ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്, സർക്കാർ ഫണ്ട് ഇതിന് ഉപയോഗിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഇൻസുലിനും വാങ്ങൽ - 3,84,182 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/20 |
| പേര് | ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഇൻസുലിനും വാങ്ങൽ |
| അടങ്കൽ | 4,66,500 (MG NR) |
| ചെലവ് | 454209 ബിൽ നമ്പർ 20/29.1.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |

ഓ.പി യിൽ വരുന്ന രോഗികളിൽ, ജീവിതശൈലീരോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ആവശ്യമായ മരുന്നുകൾ എല്ലാ വെള്ളിയാഴ്ചകളിലും നൽകുന്നരീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയത്. മരുന്നുകളും ഇൻസുലിനും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇൻസുലിനും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഇൻ ഹൗസ് ഡ്രഗ് ബാങ്കിന് 21/1/20 ലെ 4419@N/2020/1 നമ്പർ ഇൻവോയ്സ് പ്രകാരം 4,30,969 രൂപ നൽകിയിട്ടുണ്ട്. നാളിതുവരെയായിട്ടും ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ സാമഗ്രികൾ ലഭ്യമായിട്ടില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെയും സാമഗ്രികളുടെയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ഇൻവോയ്സ് പ്രകാരം | ലഭ്യമായത് | ലഭിക്കാൻ ബാക്കിയുള്ള മരുന്ന്/സാമഗ്രികളുടെ വില |
|---|---|---|---|
| BP Aparatus | 6 | 2 | 6655 |
| Helght Measuring Scale | 18 | ഇല്ല | 9983 |
| Glucometer – On Call Plus 50 Strip | 20 | 5 | 7552 |
| Wosulin 30-70 Inj | 5294 | സ്റ്റോക്ക് രജിസ്റ്ററിൽ ഒന്നും ചേർത്തിട്ടില്ല | 359992 |

| | | | |
|---|---|---|---|
| ആകെ | | | 3,84,182 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/18.1.22) ലഭ്യമാക്കിയ മറുപടിയിൽ Wosulin 30-70 Inj (Bill No. C22693/21-15.12.2021) 4192 എണ്ണം മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നും ബാക്കി തുകയുടെ മരുന്നുകൾ വാങ്ങി വരുന്നുവെന്നുമാണ് അറിയിച്ചത്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ, ഇൻവോയ്സ് പ്രകാരമുള്ളവയിൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെയും സാമഗ്രികളുടെയും വിലയായ 3,84,182 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-67 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 26/20 |
| അടങ്കൽ | 1024918 (വി.ഫ ജനറൽ) |
| ചെലവ് | 2/3.10.19 -475200/-<br>13/20.12.19-330598/-<br>21/29.1.2 219120/-<br>ആകെ-1024918/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (താലൂക്ക്ആശുപത്രി) |

2019-20ൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു. ഈ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (31/15.1.22) നൽകിയിരുന്നെങ്കിലും ലഭ്യമാക്കിയ മറുപടികൾ വ്യക്തമല്ലായിരുന്നു. ഭാവിയിൽ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടികൾ വ്യക്തമായ രീതിയിൽ എത്രയും വേഗം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1) പരിശോധനക്ക് ഫയലിനൊപ്പം ലഭ്യമാക്കിയ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ കുടുംബസംഗമത്തിന് നീക്കിവച്ച 30000 രൂപ അടക്കം ആകെ അടങ്കൽ 13,05,000 രൂപ ആണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ടിന്റെ അടങ്കൽ 10,24,918 രൂപയാണ്. പ്രോജക്ട് റിവൈസ് ചെയ്യാൻ കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി വ്യക്തമല്ല.
2)പാലിയേറ്റീവ്കെയർ നഴ്സിനും ഡ്രൈവർക്കും 2019 ഒക്ടോബർ മാസം വരെ മാത്രമേ ശമ്പളം നൽകിയതായി കാണുന്നുള്ളൂ 7.3.19 ലെ സ.ഉ (സാധാ) നം. 553/2019 തസ്വഭവ മാർഗരേഖ 2.13.6 പ്രകാരം അടുത്തമാസം 10 നകം ഇവർക്ക് ശമ്പളം നൽകേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.
3) മേൽ മാർഗരേഖ ഖണ്ഡിക 2.9.2 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പി.എം.സി. ചേർന്ന് പാലിയേറ്റിവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഓരോ മാസത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ പി.എം.സി. ആകെ ചേർന്നിട്ടുള്ളത് 3 തവണ മാത്രമാണ്(21.8.19, 21.12.19, 20.2.20).ഓരോ മാസത്തേയും വരവ് ചെലവുകൾ അവതരിപ്പിച്ചതായും കാണുന്നില്ല.
4)പാലിയേറ്റീവ് രോഗികളുടെ കുടുംബസംഗമം നടത്തുന്നതിനായി 30000 രൂപ വകയിരുത്തിയെങ്കിലും പിന്നീട് ഈ തുക ഒഴിവാക്കി പ്രോജക്ട് റിവൈസ് ചെയ്തിരുന്നു. പി.എം.സി. യുടെ 20.2.20 ലെ തീരുമാനം 2 പ്രകാരം ഇതിനായി ആശുപത്രി ജീവനക്കാരിൽ നിന്ന് പിരിക്കാനും സംഭാവന സ്വീകരിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിൽ പാലിയേറ്റീവ് രോഗികളുടെ കുടുംബസംഗമം നടത്തുന്നതിനായി സംഭാവന കൂപ്പൺ അച്ചടിച്ച് സംഭാവന സ്വീകരിക്കുന്നതിനായി കൂപ്പൺ നറുക്കെടുപ്പിലൂടെ പിരിച്ചെടുത്ത തുകയിൽ നിന്ന് 10 ചാരിറ്റി ബോക്സുകൾ വാങ്ങാൻ തീരുമാനിച്ചിരുന്നു (പി.എം.സി. യുടെ 21.12.19 ലെ തീരുമാനം 2)

എന്നാൽ പാലിയേറ്റീവ് കെയർ കുടുംബസംഗമം വരവ് ചെലവ് കണക്ക് പ്രകാരം 2018-19 ലെ നീക്കിയിരിപ്പ് 607 രൂപയാണ്.2019-20 ലെ വരവുകളോ ചെലവുകളോ ഒന്നും ചേർത്തിട്ടില്ല. 2019-20 ചാരിറ്റി ബോക്സുകൾ വാങ്ങാൻ നറുക്കെടുപ്പിനായി അച്ചടിച്ച കൂപ്പണുകളുടെ വിശദവിവരം (സ്റ്റോക്ക്, വിതരണം, വരവ്), പാലിയേറ്റീവ് കെയർ കുടുംബസംഗമത്തിലായി ലഭിച്ച സംഭാവന എന്നിവ അടക്കം 2018-19, 2019-20 വർഷങ്ങളിൽ പാലിയേറ്റീവ് രോഗികളുടെ കുടുംബസംഗമം നടത്തിയതിന്റെ മുഴുവൻ വരവ് ചെലവ് കണക്കുകൾ (വൗച്ചറുകൾ സഹിതം) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-68 വീൽ ബാരോ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രോജക്റ്റ് നമ്പർ | SO199/20 | SO289/20 |
| പ്രോജക്ടിന്റെ പേര് | വീൽ ബാരോ വാങ്ങൽ | ശുചീകരണ പ്രവൃത്തിക്കാവശ്യമായ വീൽ ബാരോ വാങ്ങൽ(സ്പിൽ ഓവർ) |
| നിർവഹണം | ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 150000 (വികസന ഫണ്ട്-62550/- കേന്ദ്രാവിഷ്കൃത ഫണ്ട് -52500/- സംസ്ഥാനാവിഷ്കൃത ഫണ്ട് 34950/-) | 150000 (വി.ഫ.-62550/- കേ.ഫ -52500/-സ.ഫ 34950/-) |
| ചെലവ് | 52500 (കേ.ഫ) | 73050(കേ.ഫ 52500+സ.ഫ20550) |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)ക്രമ നമ്പർ.1 പ്രകാരമുള്ള പ്രോജക്ടിന്റെ ചെലവ് അംഗീകാരം ലഭിച്ചിട്ടുള്ളതും ചെക്ക് നൽകിയിട്ടുള്ളതും 2020-21 സാമ്പത്തിക വർഷത്തിലാണ് (വൗച്ചർ നം.30 4/20 ചെക്ക് നം.016125/20/4/20 തുക.52500/-). എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് 2019-20 സാമ്പത്തിക വർഷത്തിലാണ്.

ബി)ക്രമ നമ്പർ.2 പ്രകാരമുള്ള പ്രോജക്ട് 2018-19 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ട് 2019-20 വർഷവും പൂർത്തീകരിച്ചിട്ടില്ല.

സി)മേൽ പ്രോജക്ടുകൾ പ്രകാരം വീൽ ബാരോ വാങ്ങുന്നതിന് 30.09.2019 തീയതിയിൽ ടെൻഡർ നടപ്പാക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, സാമ്പിൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി രണ്ടാമത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരെഞ്ഞെടുത്തു. സ.ഉ.(പി)നം.6/14/എസ്.പി.ഡി തീ.17.05.2014 പ്രകാരം ഇ.എം.ഡി ഒടുക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുള്ള സ്ഥാപനമാണ് പ്ലാസ എന്റർപ്രൈസസ്. ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനെതിരെ 2013സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 46/19.01.2022 ന് ലഭിച്ച മറുപടിയിൽ ചെലവ് റിക്വിസിഷൻ 2019-20 നൽകിയതിനാലാണ് ചെലവ് തൻവർഷം രേഖപ്പെടുത്തിയതെന്നും സ്പിൽ ഓവർ പദ്ധതി തൻവർഷം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-69 സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ - ചെലവ് രേഖപ്പെടുത്തിയതിൽ പിഴവ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0198/20 |
| പ്രോജക്റ്റിന്റെ പേര് | സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ വാങ്ങുന്നത് |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 280000(വി.ഫ.-116760/- കേ.ഫ -98000/-സ.ഫ 65240/-) |
| ചെലവ് | 80772/-(കേ.ഫ) |

മേൽ പ്രോജക്റ്റിന്റെ ചെലവ് അംഗീകാരം ലഭിച്ചിട്ടുള്ളതും ചെക്ക് നൽകിയിട്ടുള്ളതും 2020-21 സാമ്പത്തിക വർഷത്തിലാണ് (വൗച്ചർ നം.46 4/20 ചെക്ക് നം.016136/20/4/20 തുക.80772/-). എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് 2019-20 വർഷത്തിലാണ്. കൂടാതെ, 2019-20 വർഷം നിർവഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 46/19.01.2022 ന് ലഭിച്ച മറുപടിയിൽ ചെലവ് റിക്വിസിഷൻ 2019-20 നൽകിയതിനാലാണ് ചെലവ് തൻവർഷം രേഖപ്പെടുത്തിയതെന്നും കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ യഥാർത്ഥ ചെലവ് നടത്തുന്ന സാമ്പത്തിക വർഷത്തിൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതുമാണ്.

## 1-70 പ്രോജക്റ്റ് രൂപീകരണത്തിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വീഴ്ച

ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 5 സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പടെ 10 പ്രോജക്റ്റുകൾക്കാണ് 2019-20 വർഷത്തേയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിച്ചത്. എന്നാൽ ആകെയുള്ള 10 പ്രോജക്റ്റിൽ ഒരു സ്പിൽ ഓവർ പ്രോജക്റ്റ് മാത്രമാണ് 2019-20 വർഷം നടപ്പാക്കിയിട്ടുള്ളത് (2020-21 വർഷത്തെ 2 പ്രോജക്റ്റുകളുടെ ചെലവ് 2019-20 വർഷം സുലേഖയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്). വിവിധ പ്രോജക്റ്റുകൾക്കായി വികസന ഫണ്ടിൽ നിന്നും 1376066/- രൂപ വകയിരുത്തിയെങ്കിലും യാതൊരു തുകയും തൻവർഷം ചെലവഴിച്ചിട്ടില്ല. 2019-20 വർഷം വിവിധ ഫണ്ടിനത്തിൽ പ്രോജക്റ്റുകൾക്കായി 8404000/- രൂപ വകയിരുത്തിയെങ്കിലും 73050/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർവഹണ ഉദ്യോഗസ്ഥന്റെ 2019-20 വർഷത്തെ പദ്ധതി ചെലവ് 0.87 % മാത്രമാണ്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 46/19.01.2022 ന് ലഭിച്ച മറുപടിയിൽ 199/20,289/20 എന്നീ പ്രോജക്റ്റുകൾ തുടർ വർഷങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള പദ്ധതികൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെ വീഴ്ച കാരണമാണ് പദ്ധതികൾ ഇത്തരത്തിൽ നടപ്പാക്കാൻ കഴിയാത്തത്. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നം.17/2018/തസ്വഭവ തീയതി 02.02.2018] പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് കൊണ്ട് പദ്ധതി രൂപീകരിക്കേണ്ടതും അതിൻപ്രകാരം നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-71 സേവന പുസ്തകങ്ങളുടെ പരിശോധന - ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

വർക്കല നഗരസഭയിലെ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ വിവിധ ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാനവശേഷിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി | അംഗീകരിച്ച ശമ്പള പരിഷ്കരണം |
|---|---|---|---|---|
| 1 | ശ്രീമതി ജിഷ.ജെ | ഓഫീസ് അറ്റന്റന്റ് | 24.03.2014 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | | |
| 2 | ശ്രീ. രാജേഷ് | സീനിയർ ക്ലർക്ക് | 25.11.2005 | 2014 ശമ്പള പരിഷ്കരണം |
| 3 | ശ്രീമതി പ്രീത.എസ്. | സീനിയർ ക്ലർക്ക് | 4.01.2007 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 4 | ശ്രീ. മണിലാൽ.ആർ. | ചെയിൻമാൻ | 12.06.2017 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 5 | ശ്രീമതി ശ്രീവിദ്യ.ബി. | സീനിയർ ക്ലർക്ക് | 20.08.2014 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 6 | ശ്രീ. പദ്മകുമാർ.എസ് | ക്ലർക്ക് | 2.09.2013 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 7 | ശ്രീമതി നീനാ മനോഹരൻ | സീനിയർ ക്ലർക്ക് | 27.01.2014 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 8 | ശ്രീമതി ദിവ്യ.ജെ.ആർ. | സീനിയർ ക്ലർക്ക് | 1.04.2012 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 9 | ശ്രീമതി അനിത.വി.എസ്. | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10.09.2007 | 2014 ശമ്പള പരിഷ്കരണം |
| 10 | ശ്രീമതി ബീനാകുമാരി | സൂപ്രണ്ട് | 27.09.1999 | 2014 ശമ്പള പരിഷ്കരണം |
| 11 | ശ്രീമതി ഷമീറ | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 25.06.2016 | 2014 ശമ്പള പരിഷ്കരണം |
| 12 | ശ്രീമതി അഖില.വി.ആർ | സീനിയർ ക്ലർക്ക് | 19.07.2012 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 13 | ശ്രീ. ബിജു.എസ് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 5.12.1998 | 2009 ശമ്പള പരിഷ്കരണം |
| 14 | ശ്രീമതി അമ്പിളി.വി. | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 30.02.2018 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 15 | ശ്രീമതി മോണിഷ.എസ് | ക്ലർക്ക് | 10.04.2019 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 16 | ശ്രീ. രഞ്ജിത്ത്.ആർ | ചെയിൻമാൻ | 26.06.2015 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 17 | ശ്രീമതി സിഞ്ചുമോൾ.എസ് | ഓഫീസ് അറ്റന്റന്റ് | 22.06.2017 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 18 | ശ്രീ. അജിത് കുമാർ.എസ്. | ഡ്രൈവർ | 24.06.2005 | 2014 ശമ്പള പരിഷ്കരണം |
| 19 | ശ്രീമതി ദിൽഷ.എസ് | ക്ലർക്ക് | 31.08.2015 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 20 | ശ്രീമതി ഷബാന.ആർ | ഓഫീസ് അറ്റന്റന്റ് | 20.11.2017 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 21 | ശ്രീമതി ശുഭ.ആർ.എസ് | ക്ലർക്ക് | 22.02.2018 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 22 | ശ്രീമതി ഷീല.എസ് | ക്ലർക്ക് | 15.10.2013 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 23 | ശ്രീമതി സരിത.എസ് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1.11.2018 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 24 | ശ്രീ. മണിലാൽ | ക്ലർക്ക് | 30.08.2013 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 25 | ശ്രീ.ഗിരീഷ് കുമാർ.സി. | ഓഫീസ് അറ്റന്റന്റ് | 14.10.1988 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 26 | ശ്രീ. ഷാജി.റ്റി.ഡി. | റവന്യൂ ഇൻസ്പെക്ടർ | 29.08.2003 | 2009ശമ്പള പരിഷ്കരണം |
| 27 | ശ്രീമതി ദീപ.എസ് | സീനിയർ ക്ലർക്ക് | 13.07.2009 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 28 | ശ്രീമതി പ്രീജ.എൽ | ഓഫീസ് അറ്റന്റന്റ് | 29.08.2016 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 29 | ശ്രീ. ഷിബു.എസ്. | ക്ലർക്ക് | 31.08.2013 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 30 | ശ്രീമതി മഞ്ജു.എസ്.പിള്ള | ക്ലർക്ക് | 15.06.2016 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 31 | ശ്രീമതി അനസൂയ. എസ് | ക്ലർക്ക് | 7.09.2015 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 32 | ശ്രീമതി അശ്വതി.എം.എസ് | ക്ലർക്ക് | 7.02.2019 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |
| 33 | ശ്രീമതി ജെസ്സി ജെറോം | ഓഫീസ് അറ്റന്റന്റ് | 5.02.2005 | ഇതുവരെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല |

പ്രസ്തുത ജീവനക്കാരുടെ സേവന പുസ്തകങ്ങൾ അടിയന്തിരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിൽ അംഗീകാരത്തിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഭാവിയിൽ ഓരോ ശമ്പള പരിഷ്കരണങ്ങൾക്ക് ശേഷവും സേവന പുസ്തകങ്ങൾ അംഗീകാരത്തിനായി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-72 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം, നഗരസഭ സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതാണ്.

നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2019-20വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം 16.07.2019, 30.09.19, 14.10.2019, 10.02.2019 എന്നീ തീയതികളിൽ മാത്രമാണ് 2019-20 ൽ ചേർന്നത്. ഇതിൽ 14.10.2019 ലെ യോഗത്തിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റ് യോഗങ്ങളിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ വാങ്ങലുമായി ബന്ധപ്പെട്ട സപ്ലൈ ഓർഡറുകൾ

അംഗീകരിക്കുക മാത്രമാണ് ചെയ്തത്. 2019-20 ൽ വാങ്ങൽ പ്രക്രിയ നടന്ന പ്രീ പ്രൈമറി കുട്ടികൾക്ക് കളിയുഞ്ഞാൽ വാങ്ങൽ (11/20),വിവിധ സ്കൂളുകളിൽ ക്ലീനിംഗ് സാധനങ്ങൾ വാങ്ങൽ(15/20), സ്കൂളുകളിലേയ്ക്ക് വിളമ്പുന്നതിനും പാചകം ചെയ്യുന്നതിനുമുള്ള പാത്രങ്ങൾ (19/20), കായിക മത്സര ടീം രൂപീകരണവും പരിശീലനവും(194/20) മുതലായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മതിയായ ഇടപെടൽ നടന്നതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 58/20.01.2022) ലഭ്യമാക്കിയ മറുപടിയിൽ വാങ്ങേണ്ട സാധന സാമഗ്രികളുടെ കണക്കെടുപ്പ് നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പെടെ സന്നിഹിതരാവുന്ന വർക്കിംഗ് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തി ബജറ്റിന്റെ ഭാഗമാക്കിയിട്ടുള്ളതാണെന്നും 14.10.2019 ലെ തീരുമാനം മിനിട്സ് ബുക്കിൽ ചേർക്കാതിരുന്നത് ക്ലറിക്കൽ മിസ്റ്റേക്ക് കൊണ്ടാണെന്നും അറിയിച്ചു. പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൽ കർശനമായി പാലിച്ച് ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജെന്റർ റിസോഴ്സ് സെന്റർ - നിർവ്വഹണത്തിലെ അപാകതകൾ - 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 107/20, ജെന്റർ റിസോഴ്സ് സെന്റർ |
| അടങ്കൽ തുക | 200000/- വികസനഫണ്ട് |
| ചെലവ് തുക | 66429/- |
| ബിൽ നമ്പർ | 190107470072010657l0 /10.1.20,<br>തുക 25629/-<br>190107470072012l8301 /6.2.20<br>തുക 40800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം |

സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും വിദഗ്ധ തൊഴിൽ മേഖലയും കണ്ടെത്തുക, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുക, കൌൺസിലിംഗ് എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി പ്രോജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തി കേക്ക് നിർമ്മാണം, പേപ്പർബാഗ് നിർമ്മാണം എന്നിവ നടത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ ഉ (എം എസ്) നമ്പർ 80/ 2017 ത സ്വ ഭ വ തീയതി 3.4.2017 ഖണ്ഡിക 30.1 ൽ പരാമർശിച്ചിട്ടുള്ള ജെന്റർ റിസോഴ്സ് ടീമിന്റെ വിശദാംശങ്ങൾ, കൌമാരപ്രായക്കാരായ പെൺകുട്ടികളുടെ കൌൺസിലിംഗിന് നിയോഗിച്ചിട്ടുള്ളവരുടെ

വിവരങ്ങൾ, കൌൺസിലിംഗുമായി ബന്ധപ്പെട്ട അവലോകന യോഗത്തിന്റെ റിപ്പോർട്ട്, റിപ്പോർട്ടുമായി ബന്ധപ്പെട്ട തുടർനടപടി, സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥവിശകലന റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണ ഫോറത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്താൻ ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കേക്ക് നിർമ്മാണം, പേപ്പർബാഗ് നിർമ്മാണം എന്നിവ പരാമർശിക്കുകയോ, ഫണ്ട് വിശകലനം , നടപ്പിലാക്കേണ്ട രീതി എന്നിവ പരാമർശിക്കുകയോ ചെയ്തിട്ടില്ല.

2. 60പേർക്ക് 50 രൂപ വീതം ചെലവഴിച്ച് 3000 രൂപയ്ക്ക് നോട്ട് ബുക്കും വാങ്ങിയിട്ടുണ്ട്. പരിശീലനം നല്കിയ ഫാക്കൽട്ടിക്ക് രണ്ട് ദിവസത്തേക്ക് 3000/- രൂപ നിരക്കിൽ 6000/- രൂപ നല്കിയിട്ടുണ്ട്. ഇത് കൂടാതെ പേപ്പർ ബാഗ് നിർമ്മാണത്തിന് പങ്കെടുത്ത ഓരോ വ്യക്തികൾക്കും ആളൊന്നിന് 500/- രൂപ ക്രമത്തിൽ 60പേർക്കായി 30000/- രൂപ GLEN എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

3. ജെന്റർ റിസോഴ്സിന്റെ പ്രധാന ലക്ഷ്യമായ ജെന്റർ ബഡ്ജറ്റിംഗ്, കൌൺസിലിംഗ് എന്നിവ നടത്തിയതായി കാണുന്നില്ല.

പേപ്പർ ബാഗ് നിർമ്മാണത്തിന് പങ്കെടുത്ത ഓരോ വ്യക്തികൾക്കും ആളൊന്നിന് 500/- രൂപ ക്രമത്തിൽ 60പേർക്കായി 30000/- രൂപ GLEN എന്ന സ്ഥാപനത്തിന് നല്കാനുണ്ടായ സാഹചര്യവും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 42 /18.1.22) ലഭ്യമാക്കിയ മറുപടിക്ക് വ്യക്തത ഇല്ല . ഗുണഭോക്തൃ വിഹിതം വകയിരുത്താതെ 100% സബ്സിഡി നിരക്കിൽ തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അതിനാൽ പേപ്പർ ബാഗ് നിർമ്മാണവുമായി ബന്ധപ്പെട്ട് GLEN എന്ന സ്ഥാപനത്തിന് നല്കിയ 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്തപക്ഷം തുക നിർവ്വഹണദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ട് വിവരം

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവ് തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 82467/- | - | 82467 |
| 2 | കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1500000/- | - | 1500000 |
| 3 | കെ എസ് ഇ ബി | താലൂക്ക് ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 548383/- | - | 548383/- |

മേൽ സൂചിപ്പിച്ച തുകകൾ അഡ്വാൻസായി നല്കിയത് വാർഷിക ധനകാര്യപത്രികയിൽ അഡ്വാൻസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല, ചെലവ് ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. അതിനാൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തിക്ക് 10.9.21 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ക്രമ നമ്പർ 2, 3 എന്നിവയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം , വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതും ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദ വിവരം

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക (തൻവർഷം വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO വായ്പ | GO(MS)NO 29/18,LSGD Dated 28.02.18 | - | 29080000 | 2840000 | 0 | 26240000 |
| KURDFC Loan* | | | 375000 | 250000 | | 125000 |

* 2018-19 B5 ഷെഡ്യൂളിൽ 321418/- രൂപയാണ് ലോൺ തിരിച്ചടയ്ക്കാൻ ബാക്കി രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷം അടച്ച തുക 53582/-രൂപ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്താതെ അക്കൌണ്ട് ചെയ്തതിനാൽ 2018-19 B5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ വ്യത്യാസം 2020-21 ൽ ക്രമപ്പെടുത്തി ലോൺ തുക ക്ലോസ് ചെയ്തിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഒഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 4.9.1 (1) | ലേല നടപടികളിൽ വീഴ്ച (ഭാഗികമായി ഉൾപ്പെടുത്തിയിരിക്കുന്നു) |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8,36,19,334.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 15,87,64,181.00 |

| | |
|---|---|
| ആകെ | 24,23,83,515.75 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 19,70,70,416.00 |
| നീക്കിയിരിപ്പ് | 4,53,13,099.75 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 63,53,050 |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ്ജ് ചെയ്യാന്നവ | |
| 3-1 | 30,000 | ശ്രീമതി രേഖ.കെ.എം., പ്രോജക്റ്റ് ഓഫിസർ |
| ആകെ | 30,000 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 11,500 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ് മാസ്റ്റർ |
| 1-27 | 2,49,750 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ് മാസ്റ്റർ |
| 1-28 | 45,000 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ് മാസ്റ്റർ |
| 1-30 | 90,000 | ശ്രീ. മുരളീധരൻ നായർ.എസ്, പട്ടികജാതി വികസന ഓഫീസർ |
| | 60,000 | ശ്രീമതി ഹണി, പട്ടികജാതി വികസന ഓഫീസർ |
| 1-39 | 10,00,000 | ശ്രീ. സജി.എസ്.എൽ, സെക്രട്ടറി |
| 1-40 | 15,00,000 | ശ്രീമതി രേഖ.ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-41 | 32,760 | ശ്രീമതി ബീന.ജി.ആർ, കൃഷി ഓഫീസർ |
| 1-44 | 6,04,515 | ശ്രീമതി രേഖ.ബി., മുനിസിപ്പൽ എഞ്ചിനീയർ |

| | | |
|---|---|---|
| 1-45 | 4,00,928 | ശ്രീമതി രേഖ.ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-46 | 4,07,200 | ശ്രീമതി രേഖ.ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-57 | 5,48,383 | ശ്രീമതി ജിജി.ജെ. , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-58 | 10,18,832 | ശ്രീമതി ജിജി.ജെ. , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-66 | 3,84,182 | ഡോ. ബിജു. ബി.എൻ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| ആകെ | 63,53,050 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-5-1 | 7000 | ശ്രീ. സജി.എസ്.എൽ, സെക്രട്ടറി |

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സജി.എസ്.എൽ, സെക്രട്ടറി | സെക്രട്ടറി, വർക്കല നഗരസഭ | ഉഷസ്ഭവൻ, തടത്തിക്കുളം, കാഞ്ഞിരംകുളം |
| 2 | ശ്രീമതി ജിജി.ജെ. , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി നഗരസഭ | സൺറൈസ് വില്ല, വാഴത്തുങ്കൽ പി.ഒ., കൊല്ലം |
| 3 | ശ്രീ. വിപിൻ കൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | അർച്ചന നഗർ, പോങ്ങുമൂട്, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം |
| 4 | ശ്രീ.ഷൈൻ.എസ്.എച്ച്, ഹെഡ് മാസ്റ്റർ | ലഭ്യമല്ല | പ്രണവം, മേൽവെട്ടൂർ, വർക്കല |
| 5 | ശ്രീമതി ഹണി, പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ധന്യ, ശ്രീനിവാസപുരം, വർക്കല |
| 6 | ശ്രീമതി ബീന.ജി.ആർ, കൃഷി ഓഫീസർ | ലഭ്യമല്ല | ഗൃഹലക്ഷ്മി, തായ്ക്കടം, തോട്ടുവാരം, ആറ്റിങ്ങൽ |

| | | | |
|---|---|---|---|
| | | | പി.ഒ. |
| 7 | ശ്രീമതി രേഖ.ബി., മുനിസിപ്പൽ എഞ്ചിനീയർ | ലഭ്യമല്ല | പിള്ളവിളാകം, ടി.സി.73/115, മണക്കാടി പി.ഒ., തിരുവനന്തപുരം |
| 8 | ശ്രീമതി രേഖ.കെ.എം., പ്രോജക്ട് ഓഫിസർ | ലഭ്യമല്ല | കാർത്തിക, വെട്ടിയറ, നാവായിക്കുളം |
| 9 | ഡോ.ബിജു.ബി.എൻ., മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ലഭ്യമല്ല | അഭിലാഷ് , പട്ടത്താനം പി.ഒ. കൊല്ലം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീ.17.12.2001 | 26 |
| 1996-97 | എൽ.എഫ്.റ്റി.ഡി./4/556/2000 തീ.31.01.2001 | 13 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. തീ.27.09.2007 | 50 |
| 1997-98 | എൽ.എഫ്.റ്റി.ഡി./4/858/2000 തീ.31.01.2001 | 12 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ./87/ 2007തീ.26.09.2007 | 8 |

| | | |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ./4/4562/2005 തീ.17.12.2001 | 15 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ./1634/06 തീ.19.04.2007 | 41 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ./327/08 തീ.20.06.2008 | 45 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ./564/08 തീ.19.01.2009 | 35 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ./565/08 തീ.19.01.2009 | 25 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ./1347/07 തീ.17.03.2010 | 20 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ./1375/07 തീ.17.03.2010 | 30 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ./673/11 തീ.26.12.11 | 23 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ./674/11 തീ.26.12.11 | 43 |
| 2009-10 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1698/12 തീ.18.03.2013 | 36 |
| 2010-11 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/593/13 തീ.24.06.2013 | 27 |
| 2011-12 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1794/13 തീ.21.01.2014 | 25 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1491/2015 തീ.08.10.2018 | 19 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/111/17 തീ.29.02.2018 | 30 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1941/16 തീ.31.12.2021 | 29 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/4/2017(1) തീ.16.04.2016 | 32 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1850/17 തീ.25.01.2018 | 35 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2967/18 തീ.12.03.2019 | 55 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2070/19 തീ.03.03.2021 | 45 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്